# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 ജനുവരി 20 | ദീപം 54 | നാളം 41 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org

# എന്തുകൊണ്ട് മലയാളികൾ മാറാരോഗികളാകുന്നു?



**ഹോട്ടലുകളിലും പൊതുസ്ഥലത്തും വിൽക്കപ്പെടുന്ന ഭക്ഷണപദാർത്ഥങ്ങൾക്കുമേൽ യാതൊരു 'ക്വാളിറ്റി കൺട്രോൾ' നിബന്ധനകളും ചുമത്താത്ത ഒരു ഭരണകൂടം ഇന്ത്യയിലല്ലാതെ മറ്റെവിടെയുണ്ട്? രോഗങ്ങൾ പകർച്ചവ്യാധികൾ പോലെ വന്നിട്ട് മരണഭീതിയോടെ നെട്ടോട്ടമോടുന്നതിനു പകരം അതിനെ പ്രതിരോധിക്കുന്ന ക്രിയാത്മകമാർഗങ്ങളാരായാൻ ശ്രദ്ധ ചെലുത്തുന്ന എന്തു സംവിധാനമുണ്ടിവിടെ?**



ഡോ. ജോർജ് തയ്യിൽ

ആഹാരത്തിന്റെ പോഷണശാസ്ത്രത്തിൽ ശ്രദ്ധ കൊടുക്കാതിരിക്കുമ്പോൾ രോഗങ്ങൾ ഉണ്ടാകുന്നു എന്ന തിരിച്ചറിവ് പ്രാചീനകാലംമുതലേ പ്രബലമായിരുന്നു. അതുകൊണ്ട് ആഹാരപാനീയങ്ങൾ പഥ്യവും ശുദ്ധവും കറകലരാത്തതുമാവണമെന്നതാണു തത്ത്വം. ആയുർവേദത്തിലെ 'അന്നസ്വരൂപവിജ്ഞാന'ത്തിൽ ആഹാരപദാർത്ഥങ്ങളുടെ ഗുണമേന്മകളെയും ദോഷഫലങ്ങളെയുംപറ്റി ആധികാരികമായ വിവരങ്ങൾ നൽകുന്നുണ്ട്. പഥ്യമായ ആഹാരവിഭവങ്ങളായാലും അവ അശാസ്ത്രീയമായി കൂടിച്ചേരുമ്പോൾ അപഥ്യവും ശരീരത്തിലെ ഊർജനിർമാണപ്രക്രിയയ്ക്കു ഹാനികരവുമായിത്തീരുന്നു. അപ്പോൾ വിരുദ്ധാഹാരങ്ങൾ ഏതൊക്കെയെന്നറിയണം. പാശ്ചാത്യശൈലി അവലംബിച്ചുള്ള 'ഫാസ്റ്റ് ഫുഡും' ശീതളപാനീയങ്ങളും പലപ്പോഴും പരസ്പരം കൂട്ടിക്കലർത്താൻ പാടില്ലാത്ത ഭക്ഷണഘടകങ്ങളുടെ ചേരുവകളാണ്.

ഒരുകാലത്ത് പൂർണാരോഗ്യത്തിന്റെ ശുദ്ധസ്രോതസ്സായിരുന്ന നമ്മുടെ കേരളീയ പാരമ്പര്യഭക്ഷണം ഇന്നെവിടെപ്പോയി? അന്ന് ലോകത്തിന്റെ ആരോഗ്യശ്രേണിയിൽത്തന്നെ സ്ഥാനം പിടിച്ചിരുന്നു ഈ കൊച്ചുകേരളത്തിന്റെ ആഹാരശൈലി. കേരളത്തിന്റേതായ സാമ്പാറും അവിയലും തീയലും തോരനും പുഴുക്കും പുട്ടും ദോശയും ഇഡ്ഡലിയുമൊക്കെ പോഷകസമ്പുഷ്ടങ്ങളായ വിഭവങ്ങളായിരുന്നു. സ്വന്തം പറമ്പിലോ പാടത്തോ കൃഷി ചെയ്ത് വിഷം തളിക്കാതെ പറിച്ചെടുക്കുന്ന കായ്കനികൾ കേരളത്തെ രോഗാതുരതകളിൽനിന്നു പരിരക്ഷിച്ചു. എന്നാൽ, ഇന്നു കേരളത്തിന്റെ സ്ഥിതി മാറിക്കഴിഞ്ഞു. ജീവിക്കാൻ പോയിട്ട് കൃത്യമായി ഭക്ഷണം കഴിക്കാൻപോലും സമയം നഷ്ടപ്പെട്ട മലയാളി, വിശപ്പു ശമിപ്പിക്കാൻ കുറുക്കുവഴികൾ തേടിയലയുകയാണ്. അങ്ങനെ സ്വന്തം ശരീരഘടനസവിശേഷതകൾക്ക് ഇണങ്ങാത്ത വിദേശഭക്ഷണശൈലികളെ അന്ധമായി സ്വീകരിക്കുന്നു. അതവന്റെ പചനയന്ത്രത്തെ തകിടം മറിച്ചു. ഇടംവലം നോക്കാത്ത ഈ നെട്ടോട്ടത്തിൽ ഒരു നീരാളിയെപ്പോലെ ജീവിതശൈലീരോഗങ്ങൾ വാരിപ്പുണർന്നു.

▶ 8

# പഞ്ചഗുസ്തിക്കു കളമൊരുങ്ങി





സെബി മാത്യു

അഞ്ചു സംസ്ഥാനങ്ങൾ തിരഞ്ഞെടുപ്പിലേക്കു നീങ്ങുകയാണ്. ബിജെപി ഭരിക്കുന്ന ഉത്തർപ്രദേശ്, മണിപ്പൂർ, ഉത്തരാഖണ്ഡ്, ഗോവ, കോൺഗ്രസ് കലഹിച്ചു ഭരിക്കുന്ന പഞ്ചാബ് എന്നീ സംസ്ഥാനങ്ങളാണ് ജനവിധി അറിയാൻ കാത്തിരിക്കുന്നത്. രണ്ടാം തവണയും ബിജെപിയെയും നരേന്ദ്ര മോദിയെയും അധികാരത്തിൽ എത്തിക്കാൻ നിർണായക പങ്കുവഹിച്ച യുപിയിലെ തിരഞ്ഞെടുപ്പുതന്നെയാകും ഇതിൽ രാജ്യം ഉറ്റുനോക്കുന്നത്. മറ്റു സംസ്ഥാനങ്ങളിലും ബിജെപിയുടെ കേന്ദ്രപ്രകടനത്തിന്റെ വിലയിരുത്തൽതന്നെയാകും ജനവിധി നിർണയിക്കുന്നതിൽ പ്രധാനം. പഞ്ചാബിലാകട്ടെ നിർണായകസ്വാധീനം ചെലുത്തും. ഉത്തർപ്രദേശിനെയും ഉത്തരാഖണ്ഡിനെയും കർഷക സമരം സ്വാധീനിക്കും. ഒരു വർഷം നീണ്ട കർഷകസമരത്തെ മുന്നിൽനിന്നു നയിച്ച നേതാക്കളിൽ പലരും പഞ്ചാബിലും യുപിയിലും പുതിയ രാഷ്ട്രീയകക്ഷികൾതന്നെ ഉണ്ടാക്കി മത്സരരംഗത്തേക്കിറങ്ങുകയാണ്. ഭാരതീയ കിസാൻ യൂണിയന്റെ വിവിധ ഘടകങ്ങൾ തിരഞ്ഞെടുപ്പിനെയും ബിജെപിയെയും ഏതു രീതിയിലാണു നേരിടുകയെന്നു കണ്ടുതന്നെ അറിയണം. ഭാരതീയ കിസാൻ യൂണിയൻ നേതാവ് രാകേഷ് ടികായത്ത് നേരത്തേ ബിജെപി അനുഭാവിയായിരുന്നു. തങ്ങളുടെ വോട്ടുകൂടി നേടിയാണ് ബിജെപി കേന്ദ്രത്തിൽ അധികാരത്തിൽ എത്തിയതെന്നും അക്കാര്യത്തിൽ തെറ്റു പറ്റിപ്പോയെന്നും ടികായത്ത് അടക്കമുള്ള നേതാക്കൾ കർഷകസമരത്തിനിടെ പരസ്യപ്രസ്താവന നടത്തിയിരുന്നു.

ഒരു വർഷത്തോളം കർഷകരുടെ ആവശ്യങ്ങളോടു നിരന്തരം മുഖം തിരിച്ചുനിന്ന നരേന്ദ്ര മോദി സർക്കാർ ഒടുവിൽ മുട്ടുമടക്കാൻ തീരുമാനിച്ചതുതന്നെ യുപി തിരഞ്ഞെടുപ്പ് മുന്നിൽക്കണ്ടാണ്. പശ്ചിമബംഗാൾ തിരഞ്ഞെടുപ്പിൽ മമത ബാനർജിയുടെ ഒപ്പംനിന്ന് ബിജെപിക്കെതിരേ പ്രചാരണത്തിനിറങ്ങിയ കർഷകനേതാക്കളെ അക്ഷരാർത്ഥത്തിൽ ബിജെപി ഭയക്കുകതന്നെ ചെയ്തു എന്നു നിസ്സംശയം പറയാം. ബംഗാൾമാതൃകയിൽ യുപിയിൽ കർഷകർ തിരഞ്ഞെടുപ്പുകാലത്ത് ഒരു ബിജെപി വിരുദ്ധ പ്രചാരണത്തിനിറങ്ങിയാൽ പ്രതിരോധിച്ചുനിൽക്കാൻ മാത്രം ശക്തി ബിജെപിക്കുണ്ടോ എന്നു സംശയിക്കണം.

കോൺഗ്രസിനുള്ളിലെ പടലപിണക്കങ്ങളും ക്യാപ്റ്റൻ അമരീന്ദർ സിങ്ങിന്റെ കൊഴിഞ്ഞുപോക്കും ആം ആദ്മി പാർട്ടിയുടെ കുതിച്ചുകയറ്റവുമൊക്കെ ഇത്തവണ ഇതുവരെയില്ലാത്ത വിധത്തിലുള്ള ഒരു തിരഞ്ഞെടുപ്പുപോരാട്ടത്തിനു കളമൊരുക്കും.

ഗോവയും മണിപ്പൂരും ഒഴികെ മറ്റു മൂന്നു സംസ്ഥാനങ്ങളിലെയും തിരഞ്ഞെടുപ്പിനെ ഒരുപോലെ ബാധിക്കുന്ന ഒരു പൊതുകാര്യമുണ്ട്: കർഷകസമരം. പഞ്ചാബിലെ ജനവിധിയിൽ കർഷകസമരത്തിന്റെ വിജയം

▶ 10



ഫാ. ജോസഫ്
പുത്തൻപുരയ്ക്കൽ
കപ്പൂച്ചിൻ



# മഴവില്ല് വിരിയിക്കുന്നവൻ

‘ദൈവം ആര്?’ – മനുഷ്യന്റെ ഹൃദയത്തിൽ എന്നുമുയരുന്ന ചോദ്യമാണിത്. ബൈബിളിലെ ആദ്യഗ്രന്ഥമായ ഉത്പത്തിപ്പുസ്തകത്തിൽ ഈ ചോദ്യത്തിനുള്ള മനോഹരമായ ഉത്തരം നൽകുന്നുണ്ട്. ചില പ്രത്യേക പദ്ധതികൾ മനുഷ്യന്റെ ജീവിതത്തിൽ നിറവേറ്റുന്നവനാണു ദൈവം. ഒളിച്ചിരിക്കുന്നവനെ വിളിച്ചിറക്കുന്നവനായാണ് ആദ്യം ദൈവം പ്രത്യക്ഷപ്പെടുന്നത്. ‘ആദം, നീ എവിടെ?’ എന്ന ചോദ്യവുമായി ഏദൻതോട്ടത്തിൽ ദൈവം കടന്നുവരുന്നു. നമ്മുടെയെല്ലാം ജീവിതത്തിൽ ഈ ചോദ്യം ദൈവം ഉയർത്തുന്നുണ്ട്. ‘ഞാനെവിടെ നിൽക്കേണ്ടവനാണ്’ എന്ന ആത്മശോധനയ്ക്കുവേണ്ടിയാണ് ഈ ചോദ്യമുയർത്തുന്നത്. ലോകത്തിലെ നൂറുകൂട്ടം കാര്യങ്ങളിൽ മനസ്സു വ്യാപൃതമാകുമ്പോൾ നാം ദൈവത്തെ മറന്നുപോവാം. പ്രാർത്ഥനാജീവിതത്തിൽനിന്നും കൗദാശികജീവിതത്തിൽനിന്നും നാം അകലുമ്പോൾ ഈ ചോദ്യം ആവർത്തിക്കപ്പെടാം. ആവശ്യങ്ങളുടെ പിന്നാലെ ഓടുന്ന മനുഷ്യൻ അടിസ്ഥാനകാര്യങ്ങൾ മറന്നുപോകുമ്പോൾ മനഃസാക്ഷിയിൽ ഉയരുന്ന ചോദ്യമാണിത്. മനുഷ്യർ ചോദ്യങ്ങൾ ചോദിക്കുന്നത് പരസ്പരമുള്ള അറിവു വർദ്ധിക്കാനാണ്. എന്നാൽ, ദൈവം ചോദ്യം ചോദിക്കുന്നത് ആത്മവിമർശനത്തിനുവേണ്ടിയാണ്.

ഉത്പത്തി 4:9 ൽ ‘കായേൻ, നിന്റെ സഹോദരനായ ആബേൽ എവിടെ?’ എന്ന ചോദ്യമാണുയർത്തുന്നത്. പരസ്പരബന്ധത്തിന്റെയും സ്നേഹത്തിന്റെയും തലങ്ങളിൽ സംഭവിക്കാവുന്ന പരാജയങ്ങളെ ഓർമിപ്പിക്കുന്ന ചോദ്യമാണിത്. ചെറിയ കാര്യങ്ങളുടെ പേരിൽ അപരനുമായി പരിഭവത്തിൽ കഴിയുന്നവരാണോ നാം? വിദ്വേഷവും പകയും കൊണ്ടു കൊട്ടിയടയ്ക്കപ്പെട്ട ഹൃദയങ്ങൾ തുറക്കപ്പെടണം. പുതിയ വർഷത്തിലൂടെ കടന്നുപോകുമ്പോൾ പരസ്പരസ്നേഹത്തിന്റെ മേഖലകളിലേക്കു ദൃഷ്ടി തിരിയണം. ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും മനുഷ്യരെ അവഗണിക്കുകയും ചെയ്യുന്ന രീതി എന്നിലുണ്ടോ? നീതിയില്ലാത്ത ഭക്തരെക്കാൾ ഭക്തിയില്ലാത്ത നീതിമാനെ സ്നേഹിക്കുന്ന ദൈവമാണ് ബൈബിളിലെ ദൈവം.

> **ആയിരിക്കുന്ന അവസ്ഥയിൽനിന്ന് ആയിത്തീരേണ്ട അവസ്ഥയിലേക്കുള്ള പ്രയാണമാണ് മനുഷ്യജീവൻ. ശ്രദ്ധയും കരുതലും കൊടുത്തു സംരക്ഷിച്ചാൽ തകർന്ന പലതിനെയും വീണ്ടെടുക്കാൻ കഴിയും. മനുഷ്യന് അസാധ്യമായതു സാധ്യമാക്കുന്ന ഒരു ദൈവം നമ്മെ നയിക്കാനുണ്ട്.**

കായേന്റെമേൽ അടയാളമിട്ടു സംരക്ഷിക്കുന്ന ദൈവത്തെയാണു തുടർന്നു നാം കാണുന്നത്. ഓരോ മനുഷ്യന്റെയും ജീവിതത്തിൽ ദൈവം അടയാളമിടുന്നുണ്ട്. ഈജിപ്തിലെ ഇസ്രായേൽഭവനത്തിന്റെ കട്ടിളപ്പടിയുടെ മുകളിൽ കുഞ്ഞാടിന്റെ രക്തംകൊണ്ട് അടയാളമിടാൻ അവിടുന്ന് ആജ്ഞാപിച്ചു. വിശുദ്ധ കൂദാശകളാൽ അടയാളമിടപ്പെട്ടവരാണു നമ്മൾ. പൗരോഹിത്യത്തിന്റെയും സന്ന്യാസത്തിന്റെയും വേഷങ്ങൾ ഒരടയാളമാണ്. വിവാഹിതരുടെ വിരലിലെ മോതിരവും ഭാര്യയുടെ കഴുത്തിലെ താലിയും വേർതിരിക്കപ്പെട്ടതിന്റെ അടയാളങ്ങളാണ്.

തിന്മയുടെ കൂടാരത്തിൽ നന്മ തേടുന്ന ദൈവത്തെയാണ് ഉത്പത്തി 8, 9 അധ്യായങ്ങളിൽ നാം കാണുന്നത്. തിന്മ നിറഞ്ഞ ലോകത്തെ ഒരു പ്രളയത്തിലൂടെ സംഹരിക്കുമ്പോൾ നന്മ നിറഞ്ഞ ഒരു കുടുംബത്തെ ദൈവം കണ്ടു. അതു നോഹയുടെ കുടുംബമായിരുന്നു. ചുറ്റുപാടുകളിൽ തിന്മ മാത്രം കണ്ടു നിരാശരാകാതെ നന്മകളെയും കാണാൻ പഠിക്കണം. ആശുപത്രിക്കിടക്കയിലെ രോഗിയിൽ മറഞ്ഞിരിക്കുന്ന ജീവന്റെ നന്മയെ കാണുക. ക്ലാസ്റൂമിൽ കലഹിക്കുന്ന കുട്ടികളിൽ നാളത്തെ നന്മയുടെ നാമ്പുകൾ കാണുക. മദ്യപനായ മനുഷ്യനിൽ വീണ്ടെടുക്കപ്പെടാൻ സാധ്യതയുള്ള വ്യക്തിത്വത്തെ കാണുക. ആയിരിക്കുന്ന അവസ്ഥയിൽനിന്ന് ആയിത്തീരേണ്ട അവസ്ഥയിലേക്കുള്ള പ്രയാണമാണ് മനുഷ്യജീവൻ. ശ്രദ്ധയും കരുതലും കൊടുത്തു സംരക്ഷിച്ചാൽ തകർന്ന പലതിനെയും വീണ്ടെടുക്കാൻ കഴിയും. ഹൃദയത്തെ ഒരു ‘ഷോകേസ്’ ആക്കാതെ ‘വേസ്റ്റ് ബോക്സ്’ ആക്കി സൂക്ഷിക്കാം. പൊട്ടിപ്പോയതിനും തകർന്നുപോയതിനുമെല്ലാം ഇടം കൊടുക്കുന്ന ഒരു ബോക്സായി ജീവിതം മാറട്ടെ. ഒന്നും ശരിയാകില്ല എന്നു കരുതി നിരാശപ്പെടരുത്. മനുഷ്യന് അസാധ്യമായതു സാധ്യമാക്കുന്ന ഒരു ദൈവം നമ്മെ നയിക്കാനുണ്ട്. നന്മ കാണാനും, സംസാരിക്കാനും, ചിന്തിക്കാനും നമുക്കു കഴിയട്ടെ. നന്മ കാണുന്ന ദൈവസ്വഭാവത്തിൽ അപ്പോൾ നമ്മളും പങ്കാളികളായിത്തീരും.

നിരാശയുടെ നീർച്ചുഴിയുടെ മുകളിൽ മഴവില്ലു വിരിയിക്കുന്ന ദൈവത്തെ ഉത്പത്തിപ്പുസ്തകത്തിൽ നാം കാണുന്നു. എല്ലാം തീർന്നു എന്നു കരുതിയ പ്രളയത്തിന്റെ അവസാനത്തിൽ ചക്രവാളസീമകളിൽ ഒരു മഴവില്ലു വിരിഞ്ഞുവന്നു. എല്ലാം കഴിഞ്ഞു എന്നു കരുതിയ ജീവിതത്തിൽ മഴവില്ലു വിരിയിച്ചവനാണ് ദൈവം. വാർദ്ധക്യത്തിൽ എല്ലാം കഴിഞ്ഞുവെന്നു കരുതിയ അബ്രാഹത്തിന്റെയും സാറായുടെയും ജീവിതത്തിൽ ഇസഹാക്കിലൂടെ ദൈവം മഴവില്ലു വിരിയിച്ചു. പ്രായാധിക്യത്താൽ തളരാൻ തുടങ്ങിയ സഖറിയായുടെയും എലിസബത്തിന്റെയും ജീവിതത്തിൽ സ്നാപകയോഹന്നാനെ നൽകിക്കൊണ്ട് പുതിയ മഴവില്ലു തീർത്തു. ജീവിതത്തിന്റെ ഇരുളടഞ്ഞ മേഖലകളിൽ പ്രതീക്ഷ നൽകുന്നവനാണ് ദൈവം. വിവിധങ്ങളായ ജീവിതാനുഭവങ്ങൾ നമ്മെ അസ്വസ്ഥരാക്കിയേക്കാം. എന്നിൽത്തന്നെ ആശ്രയിച്ച് അവയെ നേരിടുമ്പോൾ ഞാൻ തളരാം. ദൈവത്തോടു ചേർന്നുനിന്നു പ്രവർത്തിച്ചാൽ ഏതു പ്രതിസന്ധിയെയും നമുക്കു തരണം ചെയ്യാൻ കഴിയും. മനുഷ്യരോടു സംസാരിക്കുമ്പോൾ നിരാശയും മുൻവിധിയും നമ്മിൽ നിറയും. ദൈവത്തോടു ബന്ധപ്പെട്ടു ജീവിച്ചാൽ നവോന്മേഷമുള്ളവരായി നാം മാറും.

■

# ക്രൈസ്തവർക്കെതിരേ വർദ്ധിച്ചുവരുന്ന പീഡനങ്ങൾ ആശങ്കാജനകം: സീറോ മലബാർ സഭാസിനഡ്

കാക്കനാട്: രാജ്യവ്യാപകമായി ക്രൈസ്തവർക്കെതിരേയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നത് ആശങ്കാജനകമാണെന്ന് സീറോ മലബാർ സഭാസിനഡ്. രാജ്യത്തിന്റെ മതേതരസ്വഭാവത്തിനു വിരുദ്ധമായി ക്രൈസ്തവസ്ഥാപനങ്ങളെ തിരഞ്ഞുപിടിച്ച് ആക്രമിക്കുകയും ന്യായമായ അവകാശങ്ങൾപോലും നിഷേധിക്കുകയും ചെയ്യുന്ന പ്രവണത വർദ്ധിച്ചുവരുന്നു. വി. മദർ തെരേസ സ്ഥാപിച്ച മിഷനറീസ് ഓഫ് ചാരിറ്റി കോൺഗ്രിഗേഷന്റെ വിവിധ സ്ഥാപനങ്ങളെ ബോധപൂർവം ലക്ഷ്യംവയ്ക്കുന്ന നിലപാടുകൾ അധികാരികളുടെ ഭാഗത്തുനിന്നുണ്ടാകുന്നത് ഖേദകരമാണ്.

സാഗർ രൂപതയിലുൾപ്പെടെ വിവിധ സ്കൂളുകൾക്കും ഇതരസ്ഥാപനങ്ങൾക്കുമെതിരേ അടുത്ത കാലത്തുണ്ടായ അതിക്രമങ്ങൾ തികച്ചും നിർഭാഗ്യകരമാണ്. മതപരിവർത്തനനിരോധനനിയമം എന്ന പേരിൽ ചില സംസ്ഥാനങ്ങളിൽ നടപ്പാക്കുന്ന നിയമപരിഷ്കരണങ്ങൾ രാജ്യത്തിന്റെ മതേതരസ്വഭാവത്തിനു ഹാനികരമാണ്. ഇഷ്ടമുള്ള മതം തിരഞ്ഞെടുക്കാനും വിശ്വസിക്കാനും പൗരനുള്ള സ്വാതന്ത്ര്യത്തിൽ ഭരണകൂടം അന്യായമായി ഇടപെടുന്നത്



ജനാധിപത്യവിരുദ്ധമാണ്. ക്രൈസ്തവർക്കെതിരേ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയാൻ ഭരണാധികാരികൾ സത്വരമായി ഇടപ്പെടണമെന്ന് സീറോ മലബാർ സിനഡ് ആവശ്യപ്പെട്ടു.

# പഴമ പുതുമയ്ക്കു വഴിമാറുമ്പോൾ



ഫാ. ജോസഫ് നെച്ചിക്കാട്ട്

**ലാ**റ്റിനമേരിക്കൻ രാജ്യങ്ങളിൽ, വിശിഷ്യാ വെനിസ്വേല, ബൊളീവിയ, കൊളംബിയ, അർജന്റീന തുടങ്ങിയ രാജ്യങ്ങളിൽ നിലവിലുള്ള വർഷാവസാനച്ചടങ്ങുകൾ അത്യന്തം രസാവഹമാണ്.

പഴയ വർഷത്തിന്റെ പ്രതീകമായി ഒരു പടുകൂറ്റൻ പാവയുണ്ടാക്കും - അസ്സൽ പുരുഷവേഷത്തിൽ. അതു നിർമിക്കുക കുടുംബത്തിലുള്ളവർ വേണ്ടെന്നുവച്ച തുണികളും മറ്റിതരസാധനങ്ങളും ഉപയോഗിച്ചാണ്. അതിനുള്ളിൽ യഥാസ്ഥാനങ്ങളിൽ സ്ഫോടകവസ്തുക്കളും മറ്റും നിക്ഷേപിച്ചിട്ടുണ്ടാകും.

പാതിരാവോടടുക്കുമ്പോൾ കുടുംബാംഗങ്ങളെല്ലാവരും ഒന്നൊഴിയാതെ പാവയ്ക്കുചുറ്റും ഒത്തുചേരും. പോയ വർഷം തങ്ങൾക്കുണ്ടായ പരാജയങ്ങളും ദുഃഖങ്ങളും പാവയുടെ മുമ്പിൽനിന്നു വിളിച്ചു പറയും. അതിന്റെ സർവ ഉത്തരവാദിത്വവും ആ സത്വത്തിൽ ചാർത്തി അതിനെ 'അതികഠിന'മായി ദേഹോപദ്രവമേല്പിക്കുന്ന പതിവും ചിലയിടങ്ങളിലുണ്ട്.

മനസ്സിനുള്ളിൽ ഉറഞ്ഞുകിടക്കുന്ന പ്രതിഷേധവും പ്രതികാരവും അവശേഷിക്കുന്ന നൊമ്പരങ്ങളുമൊക്കെ പൊക്കിയെടുത്തു പുറത്തെറിഞ്ഞു കളയാൻ ഇത്തരം പ്രതീകാത്മകപ്രവർത്തനങ്ങൾ പര്യാപ്തമത്രേ.

അവസാനം, പാവയ്ക്കു തീ കൊടുക്കും. അതു കത്തിക്കരിഞ്ഞും പൊട്ടിത്തെറിച്ചും നിശ്ശേഷം ചാമ്പലാകുന്നതോടെ പഴയവ മുഴുവൻ മറന്ന് സമാധാനപൂർവം കുടുംബാംഗങ്ങൾ പോയിക്കിടന്നുറങ്ങും.

പഴയതിന്റെ അവശിഷ്ടമായി ഇനി ഒന്നും ബാക്കിയില്ല. എല്ലാം പുതിയത്! എന്തിലും ഏതിലും, ഒരു നവീകരണം - പുതുമ! പുതിയൊരു തുടക്കം. പുത്തനാണ്ട്, പുത്തൻ മാസം, പുത്തൻ വാരം, പുത്തൻ ദിനം - ആദ്യ മണിക്കൂർ. അവിടെയാണ് ആ കത്തിച്ചുകളയൽ നമ്മെ എത്തിച്ചുനിറുത്തുന്നത്.

പഴയ മനുഷ്യനെ (പ്രകൃതിയെ) ഉരിഞ്ഞുകളഞ്ഞു പുതിയതിനെ പ്രാപിക്കാനാണല്ലോ വി. ഗ്രന്ഥവും ആവശ്യപ്പെടുക (കൊളോ. 3-10; എഫേ. 4:24). അതു തന്നെയാണ്, മേൽപ്പറഞ്ഞ രാജ്യങ്ങളിലെ ആചാരങ്ങളുടെ അന്തസ്സത്ത.

ഇംഗ്ലണ്ടു കീഴടക്കാൻ പട്ടാളസമേതം പുറപ്പെട്ട ജൂലിയസ് സീസർ വൻകരയിൽനിന്ന് അക്കര കടക്കുകയാണ്. ഇനിയാണ് യഥാർത്ഥ യുദ്ധം. അവിടെയുള്ളവരോടു പോരാടി വിജയിക്കണം. പ്രതികൂല സാഹചര്യങ്ങൾ! വലിയൊരു സാഹസികത! പക്ഷേ, ഇടയ്ക്കുവച്ച് തന്റെ



പടയാളികൾ പിന്തിരിഞ്ഞ് ഓടിയാലോ? യുദ്ധതന്ത്രജ്ഞനായ സീസർ ചെയ്തതെന്തെന്നോ? എത്തിച്ചേർന്ന വാഹനങ്ങളത്രയും കത്തിച്ചുകളഞ്ഞു. എന്തു വന്നാലും ശരി, ഇനി ആരും പിറകോട്ടു നോക്കരുത്. എല്ലാം മറന്ന് വീറോടെ മുന്നേറണം. ഒന്നുകിൽ ജയിക്കണം, അല്ലെങ്കിലും ജയിക്കണം. സീസറിന്റെ വിദ്യ വിജയിച്ചു, യുദ്ധം ജയിച്ചു വിജയോന്മത്തരായി പട്ടാളം പുതിയ ജലവാഹനങ്ങളിൽ പുറപ്പെട്ടിടത്തു തിരിച്ചെത്തി.

സ്വന്തമായ, സ്വതന്ത്രമായ വളർച്ചയ്ക്കു ചിലപ്പോൾ ചില ബന്ധങ്ങൾ മുറിക്കപ്പെടേണ്ടതായി വരും. തൈവാഴ തായ്ത്തടിയിൽനിന്നു പിരിച്ചു മാറ്റപ്പെടുകതന്നെ വേണം. ആ പിരിക്കൽ ആരംഭത്തിൽ അല്പസ്വല്പം മുറിവുണ്ടാക്കും.

മുറിഞ്ഞ ഭാഗത്തുനിന്നു ജീവരസം ഊറിയിറങ്ങും. ഇഞ്ചിയും മഞ്ഞളും മുറിച്ചെടുത്തുതന്നെയല്ലേ കർഷകർ നട്ടുവളർത്തുക? പറിച്ചുമുറിച്ചു തയ്യാറാക്കിയ ഞാറിന്റെ രണ്ടറ്റത്തുനിന്നും 'രക്തം വമി'ക്കുന്നതു കാണാം! പുതിയ മണ്ണിൽ അനുകൂലമായ അന്തരീക്ഷത്തിൽ വെള്ളവും വളവും വെളിച്ചവും സ്വീകരിച്ച് അവ വളർന്നു ഫലമണിയാൻ അതു കൂടിയേ തീരൂ.

പുതിയൊരു ബന്ധം സ്ഥാപിച്ചു പുരുഷൻ സ്ത്രീയുമായി ഒന്നാകണമെങ്കിൽ, ജന്മം നല്കി വളർത്തി വലുതാക്കിയ മാതാവിനെയും പിതാവിനെയും വിട്ടുപിരിഞ്ഞേ തീരൂ. അതാണു വി. ഗ്രന്ഥവും പഠിപ്പിക്കുക (ഉത്പ. 2:24).

ഫിലോസഫിയിലെ അതിപുരാതനമായ ആപ്തവാക്യമാണ് "Generatio unius corruptio alterius"-ഒന്നിന്റെ ജനനം മറ്റൊന്നിന്റെ നാശത്തിൽനിന്നാണ്! നിലത്തുവീണഴുകിയ ഗോതമ്പുമണിയിൽനിന്നാണ് പുതുജീവൻ പുറത്തുവരുക.

വേർപാടു വേദനാജനകമാണ്. എങ്കിലും വേറൊന്നിലേക്ക് ഉരുകിച്ചേരണമെങ്കിൽ വേർപാടു സംഭവിക്കുകതന്നെ വേണം.

പഴയ ബന്ധങ്ങളിൽനിന്ന്, പോയ വർഷത്തിൽനിന്ന്.

ശ്രീമാൻ പഴയവർഷത്തെ (Mr. Old year) അതിന്റെ സർവകുറവുകളോടുംകൂടി കത്തിച്ചുകളയണം. പകരം അടുത്തവനെ കുടിയിരുത്തുകയും (കൊളോ. 3:9,10). എങ്കിലും, യഥാകാലം അവനും അവിടെനിന്നു കുടിയിറക്കപ്പെടും, ഇറങ്ങിയേ തീരൂ.

അതിന്റെയെല്ലാം അവസാനം അവരെയൊക്കെ കുടിയിരുത്തിയ, കുടിയൊഴിപ്പിച്ച നമ്മളും ഇറങ്ങി മാറേണ്ടിവരും. നാമിരുന്ന കസേരയിൽ പകരം വേറൊരാൾ വന്നിരിക്കും - തികച്ചും സ്വാഭാവികമായിത്തന്നെ.

കടന്നുപോയ വർഷങ്ങളെപ്പോലെ നാമും ഇവിടത്തുകാരല്ല. അടുത്ത തലമുറയ്ക്കു വഴിമാറേണ്ടവരാണെന്ന യാഥാർത്ഥ്യമാണ് അതൊക്കെ നമ്മെ അനുസ്മരിപ്പിക്കുക.

ഒരു കണക്കിന് ഒരിക്കലും ഒഴിയേണ്ടിവരികയില്ലാത്തതായിട്ട്, മാറ്റമില്ലാത്തതായിട്ട് ഈ ദൃശ്യപ്രപഞ്ചത്തിൽ എന്താണുള്ളത്? എല്ലാം അങ്ങനെ നീങ്ങിപ്പോകുന്നു, അകലുന്നു - അടുത്തതിനു വഴിമാറുന്നു.

ഒരിക്കലും ഇളകാത്തതെന്നു കരുതപ്പെടുന്ന കരിമ്പാറക്കെട്ടുകൾപോലും ക്രമേണ പൊടിഞ്ഞു മണ്ണാകും, മണ്ണു ചെടിയാകും; ഒരു ചെടി മറ്റു ചെടികൾക്കു വളമാകും, പിന്നെപ്പിന്നെ ചെറു ജീവികൾക്കും. ഒരു ജീവി വേറൊന്നിന്റെ ഇരയത്രേ... അതാണ് അനന്തമായ ദൈവനിയോഗം. പോയ വർഷം നമുക്കു പറഞ്ഞുതരുന്ന പാഠവും അതുതന്നെ.

ഇതൊക്കെ മനസ്സിലാക്കി പുതിയ വർഷത്തെ പരമാവധി പ്രയോജനപ്പെടുത്താൻ, ജീവിതം ധന്യമാക്കാൻ ആവണം നമ്മുടെ ഭഗീരഥയത്നം.

കുത്തഴിഞ്ഞ ജീവിതം, അലക്ഷ്യമായ ആയുസ്സ് ഒന്നും പ്രദാനം ചെയ്യുന്നില്ല. അശാന്തരുടെ അന്തരംഗം ചന്തസ്ഥലത്തെ ശബ്ദാരവങ്ങളെക്കാൾ കലുഷിതമായിരിക്കും. അതു സംഭവിക്കാതിരിക്കട്ടെ.

■






സിൽജി ജെ. ടോം

**ഒ**രു മാസം മുമ്പുവരെ ജലസമൃദ്ധമായിരുന്ന നാട്ടിലെ പുഴകളൊക്കെയും വരണ്ടുതുടങ്ങിയിരിക്കുന്നു. ഏതാനും നാളുകൾ മുമ്പുവരെ പെരുമഴയിൽ ഇരുകര മുട്ടി പരന്നൊഴുകിയ പുഴകളുടെ ഭാവമാറ്റം ഇന്ന് അമ്പരപ്പിക്കുന്നതാണ്. കടുത്ത മഴയിൽ നിറയുകയും മഴ പിൻവാങ്ങുന്നതിനു പിന്നാലെ വെള്ളം ഒഴിയുകയും ചെയ്യുന്നതാണ് കുറച്ചു കാലങ്ങളായി സംസ്ഥാനത്തെ പുഴകളുടെ പൊതുവേയുള്ള കാഴ്ച. വരൾച്ചയുടെ ലക്ഷണങ്ങൾ ഇക്കുറി വളരെ നേരത്തെതന്നെ നാടിനെ തേടിയെത്തിക്കഴിഞ്ഞു. നദികൾ വറ്റിവരണ്ടുതുടങ്ങി.

വരാനിരിക്കുന്നത് കടുത്ത വേനലും വരൾച്ചയുമാണെന്ന സൂചനകൾ നൽകിയാണ് ജലാശയങ്ങളിലെ ജലനിരപ്പു താഴ്ന്നുകൊണ്ടിരിക്കുന്നത്. കോട്ടയത്ത് മീനച്ചിലാറ്റിൽ പലയിടത്തും വെള്ളം മുറിഞ്ഞു മണൽത്തിട്ടകൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി. ഉള്ള വെള്ളമാകട്ടെ മലിനവുമാണ്. മണിമലയാറ്റിൽ പലയിടത്തും കല്ലു നിറഞ്ഞ അവസ്ഥയാണ്. ഒരു മാസംമുമ്പ് നിറഞ്ഞൊഴുകിയ പുഴകളിൽ ഇപ്പോൾ വെള്ളം പേരിനു മാത്രം.

നിലവിലെ അവസ്ഥ തുടർന്നാൽ വരുംമാസങ്ങളിൽ കടുത്ത വരൾച്ചയാവും സംസ്ഥാനത്തുണ്ടാവുക. കൃഷിയെ ഇതു ദോഷകരമായി ബാധിക്കുമെന്നതിനാൽ കർഷകരും ആശങ്കയിലാണ്.

പ്രളയങ്ങളെയും കടുത്ത മഴയെയുംതുടർന്ന് നദീതടങ്ങൾ തകർന്നതോടെ വെള്ളം പിടിച്ചു നിർത്താനുള്ള ശേഷി നഷ്ടപ്പെട്ടതാണ് പുഴകൾ വരളാൻ കാരണമായി വിദഗ്ധർ വിലയിരുത്തുന്നത്.

പുഴകൾ വറ്റുന്നത് ആശങ്കയോടെ വേണം കാണാൻ. പെരുംമഴയിലും പ്രളയത്തിലും വെള്ളം കുത്തിയൊലിച്ചപ്പോൾ മേൽമണ്ണു നഷ്ടമായി. അതു സ്വാഭാവികമായി ജലം പിടിച്ചുനിർത്താനുള്ള മണ്ണിന്റെ കഴിവിനെ നഷ്ടപ്പെടുത്തിയിട്ടുണ്ടെന്നു വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു

**പ്രകൃതിയെ മറക്കുമ്പോൾ...**

പുഴകൾ ഉണങ്ങുന്നു, കുളങ്ങളും തടാകങ്ങളും പ്ലാസ്റ്റിക്കുകൊണ്ടും മറ്റും മലിനമാക്കപ്പെടുന്നു, വിത്തുകൾ പൊട്ടിമുളയ്ക്കാത്തവിധം ഭൂമി മരുപ്പറമ്പാകുന്നു, മാലിന്യങ്ങൾ കുന്നുകൂടുന്നു, വനങ്ങൾ നശിപ്പിക്കപ്പെടുന്നു, വന്യജീവികൾ നാട്ടിലിറങ്ങുന്നു, അവ വേട്ടയാടപ്പെടുന്നു... പരിസ്ഥിതിക്കെതിരായ തെറ്റുകൾ തുടരെയുണ്ടാകുമ്പോൾ വരൾച്ചയായും പ്രളയമായും രോഗങ്ങളായും അതിന്റെ തിക്തഫലങ്ങൾ നമ്മെ വേട്ടയാടിക്കൊണ്ടേയിരിക്കുന്നു.

മഴക്കാലം കഴിയുമ്പോൾത്തന്നെ കേരളത്തിൽ ചൂടുകാലം ആരംഭിക്കുന്നു. മഴ സ്ഥിരമായി ലഭിച്ചിരുന്ന വയനാടും മഞ്ഞും മലയും സുന്ദരിയാക്കിയ ഇടുക്കിയും എല്ലാം ഇന്നു വരൾച്ചയുടെ പിടിയിലാണ്. കൊടുംചൂടിലും വരൾച്ചയിലും പൊരിയുമ്പോഴും 44 നദികൾ പശ്ചിമഘട്ടത്തിൽനിന്നുദ്ഭവിച്ച് കേരളക്കരയിൽ ജലസമൃദ്ധി പകരുന്നുണ്ടെന്നത് വസ്തുതയാണ്. ശുദ്ധജലതടാകങ്ങൾ ഏറെയുള്ള ഈ മണ്ണിൽ വെള്ളം വേണ്ടുവോളം ഉണ്ടാകേണ്ടതാണ്. ലഭിക്കുന്ന ജലസമ്പത്തു വേണ്ടവിധത്തിൽ സംരക്ഷിക്കാതിരിക്കുന്നതാണ് ജലദൗർലഭ്യത്തിനു കാരണമാകുന്നത്. പെയ്യുന്ന ജലത്തിലേറെയും കടലിലെത്തുന്നു. ജലം ഒഴുകിപ്പോകാതെ, മണ്ണിൽ സംഭരിച്ചുവയ്ക്കുവാൻ കഴിയുന്ന തണ്ണീർത്തടങ്ങൾ, കുളങ്ങൾ, നിലങ്ങൾ എന്നിവ കുറഞ്ഞത് ജലദൗർലഭ്യത്തിനു കാരണമാണ്. വ്യവസായമാലിന്യങ്ങളുടെ കൂമ്പാരമാണ് പല നദികളും എന്നതും വിസ്മരിച്ചുകൂടാ. മണൽഖനനവും ഭൂഗർഭജലനിരപ്പിന്റെ താഴ്ച വർധിക്കാനിടയാക്കുന്നു.

അരുവികളും പുഴകളും സംരക്ഷിക്കപ്പെടട്ടെ, അവ സ്വച്ഛമായി ഒഴുകട്ടെ, ജലസ്രോതസ്സുകൾ മലിനമാക്കപ്പെടാതിരിക്കട്ടെ, മണ്ണിൽ പൊന്നു വിളയട്ടെ, ഭൂമി ആർദ്രമാകട്ടെ, അതിൽ ഫലസമൃദ്ധി നിറയട്ടെ, മഴ മുൻകാലങ്ങളിലേതുപോലെ സംഹാരരുദ്രയാവാതിരിക്കട്ടെ, കൊടുംവേനലിൽ അകപ്പെടാതെ മികച്ചൊരു കാലാവസ്ഥയിലേക്കു നാടെത്തട്ടെ.

■




# രണ്ടാമൂഴക്കാരന്റെ വ്യസനങ്ങൾ



ജോയിഷ് ജോസ്

'ആരാണ് വരിഞ്ഞുകെട്ടി കയത്തിലിട്ടത്' എന്ന ചോദ്യത്തിന് 'ശത്രു' എന്നുമാത്രം പറഞ്ഞപ്പോൾ അയാൾ ഉപദേശിച്ചു:

"ശത്രുവിനോടു ദയ കാട്ടരുത്. ദയയിൽനിന്നു കൂടുതൽ കരുത്തു നേടിയ ശത്രു വീണ്ടും നേരിടുമ്പോൾ അജയ്യനാവും. അതാണ് ഞങ്ങളുടെ നിയമം. മൃഗത്തെ വിട്ടുകളയാം. മനുഷ്യനു രണ്ടാമതൊരവസരം കൊടുക്കരുത്" (രണ്ടാമൂഴം).

രണ്ടാമൂഴം ഓരോ തവണ വായിക്കുമ്പോഴും എം. ടി. യോ ഭീമനോ അല്ലെങ്കിൽ രണ്ടു പേരുമോ എന്നെ ജീവിതമെന്ന മഹാസമുദ്രത്തിൽ പുതുസ്നാനം ചെയ്യിക്കുന്നു. കണ്ടാൽ തീരാത്ത കാഴ്ചകളുടെയും, കേട്ടാൽ തീരാത്ത അർത്ഥങ്ങളുടെയും നിലയ്ക്കാത്ത ഒരു ലോകത്തേക്കു കൂട്ടിക്കൊണ്ടുപോകുന്നു.

ജീവിതത്തിൽ അനുഭവിക്കേണ്ട ഉയർച്ചതാഴ്ചകളുടെയും അഹങ്കാരാപമാനങ്ങളുടെയും നേർക്കാഴ്ചകളാണ് ഇതിലെ ഓരോ അക്ഷരവും.

മഹാഭാരതത്തിലെ അത്ര തിളക്കമുള്ള കഥാപാത്രമല്ല ഭീമൻ. പാണ്ഡവരിൽ രണ്ടാമൻ. ധർമചിന്തയുമായി യുധിഷ്ഠിരൻ, തിളങ്ങുന്ന വില്ലുമായി അർജുനൻ, വില്ലനിൽ വില്ലനായ സുയോധനൻ, ചാതുരിയും മിഴിവുമായി കൃഷ്ണൻ, പിന്നെ സൗന്ദര്യവും ശോഭയുമായി ദ്രൗപദിയും. അവരെല്ലാം അരങ്ങുവാഴുമ്പോൾ പിറകിലാക്കപ്പെട്ട ഭീമന്റെ കണ്ണീരാണ് ഈ കഥ. അതിശക്തനും ലളിതചിന്താഗതിക്കാരനുമായ ഭീമൻ എന്ന മനുഷ്യന്റെ ചിന്തകളും വികാരങ്ങളും അയാളുടെ നിത്യജീവിതത്തിൽ അരങ്ങേറുന്ന സംഭവങ്ങളുമാണ് രണ്ടാമൂഴത്തിന്റെ കഥാതന്തു.

പലപ്പോഴും സഹോദരന്മാരുടെ ചിന്തകൾ ഭീമനു മനസ്സിലാവുന്നില്ല. ഭീമന്റെ തോളിലിരുന്നാണ് പാണ്ഡവർ മുഴുവൻ ദൂരങ്ങളും താണ്ടിയത്. രാക്ഷസിയായ ഭാര്യയുടെ ഉദാത്തവും നിസ്സഹായവുമായ തന്നോടുള്ള ആരാധനയും സ്നേഹവും ആരെങ്കിലും ഈ മഹാബലവാനെ മനസ്സിലാക്കിയിരുന്നോ?

വായുപുത്രനാണ് എന്നു വിശ്വസിച്ച് എല്ലാ ആപത്ഘട്ടങ്ങളിലും വായുദേവനെ വിളിച്ചുപോന്ന ഭീമൻ തനൊരു കാട്ടാളപുത്രനാണെന്നു കഥാന്ത്യത്തിൽ മനസ്സിലാക്കുന്നതോടെ തകർന്നുപോകുന്നു. വായുപുത്രനെന്ന് അഹങ്കരിച്ചിരുന്ന ഭീമൻ അവിടെയും തോൽക്കുന്നു. ഒടുവിൽ, ഭാരതയുദ്ധത്തിനുശേഷം മലകയറവേ സഹോദരങ്ങൾ ഓരോരുത്തരായി വീണുപോവുന്നു. അവരുടെ പാപങ്ങളാണ് അവരെ വീഴ്ത്തിയതെന്ന യുധിഷ്ഠിരന്റെ വാക്കു വിശ്വസിച്ചു മുന്നോട്ടു നടക്കവേ ദ്രൗപദിയും വീഴുന്നു. ഇതുകണ്ട് ദ്രൗപദിയെ താങ്ങാൻ ഭീമൻ തിരിഞ്ഞുനടക്കുന്നു.




മഹാഭാരതത്തിൽ വളരെ അകലെ കാണപ്പെടുന്ന പല കഥാപാത്രങ്ങളെയും രണ്ടാമൂഴത്തിൽ വളരെ അടുത്തു നോക്കിക്കാണാൻ എംടി ശ്രമിക്കുന്നു. ഉദാഹരണത്തിന് വിശോകൻ. ഭീമന്റെ സാരഥിയായ വിശോകനെ മഹാഭാരതത്തിൽ വളരെ ചെറുതായാണു കാണിക്കുന്നത്. കർണനെ വധിക്കാൻ കിട്ടിയ അവസരത്തിൽ അത് സഹോദരനാണ് എന്നു പറഞ്ഞ് ഭീമനെ പിന്തിരിപ്പിക്കുന്നത് വിശോകനാണ്. പണ്ടൊരിക്കൽ കുന്തീദേവിയെ കാണാൻ ചെന്ന വിശോകൻ, കർണനോട് അവൻ തന്റെ മകനാണ്, മൂത്ത പാണ്ഡവനാണ് എന്നു പറയുന്നത് വിശോകൻ കേട്ടിരുന്നു. കഥാതന്തുവിൽ വളരെ വലിയ മാറ്റം വരുത്തുന്ന ഒരു സംഭവത്തിൽ പ്രധാനപ്പെട്ട കഥാപാത്രമായി മാറുന്നത് വിശോകനാണ്. അതുപോലെ ബലന്ധര, അത്ര പ്രാധാന്യമില്ലാത്ത ഒരു കഥാപാത്രമാണെങ്കിലും ഭീമന്റെ മനസ്സിൽ ബലന്ധരയ്ക്ക് പ്രാധാന്യം ഉണ്ടാവുന്നുണ്ട്.

എം.ടിയുടെതന്നെ വാക്കുകൾ കടമെടുക്കാം:

"മഹാഭാരതത്തിലെ ചില മാനുഷികപ്രതിസന്ധികളാണ് എന്റെ പ്രമേയം. ആ വഴിക്കു ചിന്തിക്കാൻ അർത്ഥഗർഭമായ ചില നിശ്ശബ്ദതകൾ കഥ പറയുന്നതിനിടയ്ക്കു കരുതിവച്ച കൃഷ്ണദ്വൈപായനനു പ്രണാമം. ശിഥിലമായ കുടുംബബന്ധങ്ങളും അവയ്ക്കിടയിൽപ്പെട്ട മനുഷ്യരും, എന്റെ ഗ്രാമത്തിന്റെ പശ്ചാത്തലത്തിൽ, മുമ്പ് എനിക്കു വിഷയമായിട്ടുണ്ട്. കുറെക്കൂടി പഴയ ഒരു കാലഘട്ടത്തിലെ കുടുംബകഥയാണ് ഞാൻ ഇവിടെ പറയുന്നത് എന്ന വ്യത്യാസമേയുള്ളൂ."

■

# പൂവൻകോഴിക്ക് പട്ടുടുപ്പു കിട്ടിയ കഥ



പീറ്റർ കുരിശിങ്കൽ

വണ്ടു പണ്ട്, വളരെപ്പണ്ട്, പൂങ്കോഴികളെ കാണാൻ തീരെ അഴകില്ലായിരുന്നു. അക്കാലത്ത്

കാർമുകിലെത്തീ മാനത്ത്
നിഴലുപരത്തീ താഴത്ത്
മഴവിൽത്താരു തെളിഞ്ഞപ്പോൾ
മയിലുകളാടീ താളത്തിൽ

മയിലുകളുടെ ചന്തവും ചാരുതയും കണ്ണിമയ്ക്കാതെ നോക്കിനില്ക്കുകയാണ് തുണ്ടപ്പൻ പൂങ്കോഴി.

"എന്തൊരു ചന്തം!" തുണ്ടപ്പൻ അറിയാതെ പറഞ്ഞുപോയി.

വർണപ്പീലി വിരിച്ചാടും
മയിലുകൾ കാണാനെന്തു രസം
നീലപ്പീലിക്കണ്ണുകളും
മിന്നും വർണ്ണപ്പൂഞ്ചൊടിയും.

പക്ഷേ, തനിക്കിതൊന്നുമില്ലല്ലോയെന്നോർത്ത് തുണ്ടപ്പൻ നെടുവീർപ്പിട്ടു. അവൻ തന്റെ ദേഹത്തേക്കൊന്നു നോക്കി. അവിടവിടെ അഞ്ചാറു നരച്ച പൂടകൾ. ആകെ ഒരു ഇറച്ചിത്തുണ്ടത്തിനു കാലുവച്ച പോലെ!

തലയിൽ പൂവില്ല ശേലുമില്ല
ചാരുതയേറും ചിറകുമില്ല.
കൗതുകം തെല്ലില്ല ചന്തമില്ല.
എൻദേഹമെന്തൊരു കോലമയ്യ.

തുണ്ടപ്പൻകോഴി തന്റെ ദേഹത്തു നോക്കി കണ്ണീരൊഴുക്കി. ഈ മയിലുകളെപ്പോലെ വർണച്ചിറകുകൾ അണിയാൻ കഴിഞ്ഞെങ്കിൽ! നല്ലൊരു വർണത്തലപ്പാവു കിട്ടിയെങ്കിൽ! തുണ്ടപ്പൻ അറിയാതെ ആഗ്രഹിച്ചുപോയി.

മഴക്കാറൊഴിഞ്ഞു. മയിലുകൾ ആട്ടം നിറുത്തി. ചിറകും പീലികളുമൊക്കെ ഒതുക്കി. മയിലപ്പൻ കണ്ണുവട്ടംപിടിച്ച് ചുറ്റുമൊന്നു നോക്കി.

അകന്നുമാറി വിഷണ്ണനായി നില്ക്കുന്ന തുണ്ടപ്പനെ അപ്പോഴാണ് മയിലപ്പൻ കണ്ടത്. തന്റെ പഴയ ചങ്ങാതിയെ കണ്ട സന്തോഷത്തിൽ മയിലപ്പൻ തുണ്ടപ്പന്റെ അടുത്തേക്കു ചെന്നു. പക്ഷേ, തുണ്ടപ്പൻ തലയും കുനിച്ചങ്ങനെ നിന്നതേയുള്ളൂ. എന്തു പറ്റി തന്റെ ചങ്ങാതിക്ക്? മയിലപ്പൻ ചിന്തിച്ചു. അവൻ തുണ്ടപ്പന്റെ തല പിടിച്ചുയർത്തിയിട്ടു ചോദിച്ചു:

"എന്തു നിൻ കണ്ണു നനഞ്ഞതെന്തേ?
എന്തേ നിൻ കണ്ഠമിടറുന്നു?
മഴമുകിൽ കണ്ടു ഭയന്നതാണോ?
ഇടിമിന്നൽ കണ്ടു വിറച്ചുപോയോ?"

പൂങ്കോഴി ഒന്നും മിണ്ടിയില്ല. പക്ഷേ, അവൻ മയിലപ്പന്റെ തലയിലെ പൂവിൽ മെല്ലെ ഒന്നു തൊട്ടു നോക്കി. ദേഹത്തെ പീലിയും തിളങ്ങുന്ന വാലുമൊക്കെ തൊട്ടും തലോടിയുമങ്ങനെ നിന്നതേയുള്ളൂ.

മയിലപ്പൻ കാര്യങ്ങൾ ഏതാണ്ടൊക്കെ ഊഹിച്ചു. അവൻ നിർബന്ധിച്ചപ്പോൾ തുണ്ടപ്പൻ ചുണ്ടനക്കി.

"നിന്നുടെ പീലികൾക്കെന്തു നിറം
എന്തൊരു ചന്തം വിടർന്നിടുമ്പോൾ
അതുപോലെയൊന്നു മുളച്ചിരുന്നാൽ
ആടുമേ പാടുമേ നമ്മളൊന്നായ്"

"ങാ! അതാണോ കാര്യം? എടാ തുണ്ടൻപൂവാ, എനിക്കീ തിളങ്ങുന്ന പൂവും പീലിയുമൊക്കെ തന്നതാരാണെന്നറിയാമോ?" തുണ്ടപ്പൻ തലയുയർത്തി മയിലപ്പനെ നോക്കി.

"ആരാ?"

"ദേ..." മയിലപ്പൻ മാനത്തേക്കു വിരൽചൂണ്ടി. "കണ്ടോ ആ വർണവില്ല്. ഏഴു നിറമുള്ള മഴവില്ല്! ആ വില്ല് തന്നതാ." മയിലപ്പൻ പറഞ്ഞു.

തുണ്ടപ്പൻപൂങ്കോഴിയുടെ കണ്ണുകൾ തെളിഞ്ഞുവിടർന്നു.

"ങേ; അങ്ങനെയോ?"

"അതേടാ, പൂവാ. നീ ആ മഴവില്ലിനോടു ചോദിക്ക്. നിനക്കും തരും നല്ല വർണക്കുപ്പായം."

തുണ്ടപ്പൻപൂവൻ മാനത്തേക്കു നോക്കി; അവൻ കണ്ണിമയ്ക്കാതെ മഴവില്ലിനെത്തന്നെ നോക്കി; അങ്ങനെ നിന്നു കുറേ നേരം. നോക്കി നോക്കി നില്ക്കേ അവനു തോന്നി; മഴവില്ല് തന്നെ നോക്കി ചിരിക്കുന്നോ? തുണ്ടപ്പൻ കണ്ണുകൾ തിരുമ്മിത്തുറന്ന് വീണ്ടും നോക്കി. അതേ, മഴവില്ലു ചിരിക്കുന്നു, തന്നെ നോക്കിത്തന്നെ! പൂങ്കോഴി മയിലപ്പനെ നോക്കി. മയിലപ്പൻ മെല്ലെ തലയാട്ടി. അവൻ പറഞ്ഞു:

"കണ്ടോ, മഴവില്ല് കൈകകളുയർത്തി നീട്ടിപ്പിടിച്ചിരിക്കുന്നത്? നിന്നെ അനുഗ്രഹിക്കുകയാണ്."

പെട്ടെന്ന് തുണ്ടപ്പൻപൂങ്കോഴിക്ക് ദേഹമാകെ ഒരു തരിപ്പ്. ദേഹത്തെന്തോ ഇഴയുന്നതുപോലെ... അവൻ ദേഹത്താകെയൊന്നു തടവിനോക്കി. തന്റെ ദേഹത്താകെ തൂവൽ പൊട്ടി വളർന്നുനില്ക്കുന്നു. അവൻ അടുത്ത അരുവിക്കരയിലേക്കോടി.

അരുവിയിലെ തെളിനീരിൽ അവൻ തന്റെ നിഴൽ കണ്ടു.



തലയിലെ ചെമ്പട്ടുതൊപ്പി കണ്ടു.
കവിളത്തു നല്ലൊരു ചെന്താടിയും
കഴുത്തിലുമുണ്ടല്ലോ പൊന്നാട
മഴവില്ലുപോലത്തൊരങ്കവാലും.

"ഹാ! ഹാഹാ ഹ ഹ; ഹാ" അവൻ അറിയാതെ തുള്ളിച്ചാടി. തുണ്ടപ്പൻ പെരുവിരൽ ഊന്നി ചിറകുവിരിച്ച് ഒന്നു കുടഞ്ഞുനിവർന്നു. അവൻ മഴവില്ലു തെളിഞ്ഞുനിന്ന മാനത്തേക്കു നോക്കി. അവിടെ മഴവില്ല്; നല്ല ചിരിയുമായി നില്ക്കുന്നു.

"എന്താ സന്തോഷമായില്ലേ?" കൈകളുയർത്തി വീശിക്കൊണ്ട് മഴവില്ല് മറഞ്ഞുപോയി.



■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



അങ്ങേയ്ക്കെതിരേ പാപം ചെയ്യാതിരിക്കേണ്ടതിന് ഞാൻ അങ്ങയുടെ വചനം ഹൃദയത്തിൽ സൂക്ഷിച്ചിരിക്കുന്നു.

സങ്കീ. 119:11

**എഡിറ്റോറിയൽ**

# അരികുജീവിതങ്ങളുടെ വിദ്യാസ്വപ്നങ്ങൾ വൃഥാവിലാവരുത്

സാക്ഷരകേരളത്തിന്റെ വികസനസ്വപ്നങ്ങൾ നഗരഗ്രാമഭേദമെന്യേ എല്ലാ പ്രദേശങ്ങളിലുമുള്ള എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളുന്നതാണെന്ന് ഉറക്കെപ്പറയുമ്പോഴും, ചേരിപ്രദേശങ്ങളിലും ആദിവാസി ഊരുകളിലുമുള്ള പാവപ്പെട്ട മനുഷ്യർക്ക് വിദ്യാഭ്യാസസാംസ്കാരിക മുന്നേറ്റത്തിനുള്ള അവസരങ്ങൾ പല കാരണങ്ങളാൽ നിഷേധിക്കപ്പെടുന്ന പ്രവണത കാലങ്ങളായി കണ്ടുവരുന്നതാണ്. സംസ്ഥാനത്തെ ആദിവാസി മേഖലയിലെ വിദ്യാർത്ഥികൾക്കു മെച്ചപ്പെട്ട വിദ്യാഭ്യാസസൗകര്യങ്ങൾ ഒരുക്കുന്നതിലും, മറ്റു കുട്ടികളോടൊപ്പം തുല്യനീതിയും അവസരസമത്വവും ഉറപ്പാക്കുന്നതിനും നമ്മുടെ ഭരണവർഗം കാണിക്കുന്ന നിസ്സംഗതയും നിസ്സാരവത്കരണവും പ്രതിഷേധാർഹമാണ്.

കൊവിഡുകാലത്തെ ലോക്ഡൗണിനുശേഷം സ്കൂളുകൾ ഏറെക്കുറെ തുറന്നു പ്രവർത്തനമാരംഭിച്ചെങ്കിലും ആദിവാസിക്കുട്ടികളിൽ പലരും സ്കൂളുകളിലെത്തുന്നില്ലെന്നും അതിനവർ വിമുഖരാണെന്നുമുള്ള ദയനീയസത്യം വിദ്യാഭ്യാസകേരളം ഗൗരവമായി ചർച്ചചെയ്യേണ്ടതാണ്. വയനാടുജില്ലയിൽമാത്രം 4428 ആദിവാസിവിദ്യാർത്ഥികളാണ് നവംബർ ഒന്നിനുശേഷം ഒരു ദിവസംപോലും സ്കൂളിലെത്താത്തത്. ഇതിൽ പകുതിയോളം പെൺകുട്ടികളാണ്. കുടുംബത്തിന്റെ സാമ്പത്തികഞെരുക്കം മൂലം തോട്ടങ്ങളിലും മറ്റു തൊഴിലിടങ്ങളിലും പോയി പണിയെടുക്കാൻ പാവം കുട്ടികൾ നിർബന്ധിക്കപ്പെടുകയാണ്. ബാലവേല നിരോധനനിയമമൊന്നും അവർക്കു ബാധകമല്ലതന്നെ. കുട്ടികളുടെ ഭാവിവിദ്യാഭ്യാസമോ അവരുടെ സുരക്ഷിതത്വമോ ഒന്നും രക്ഷിതാക്കളും ഗൗരവമായി കാണുന്നില്ല. അന്നന്നത്തെ ആഹാരം മാത്രം തേടുന്ന പട്ടിണിപ്പാവങ്ങൾക്കു ഭാവിയെക്കുറിച്ചോർക്കാൻ എവിടെ നേരം? എന്തു പ്രസക്തി? ഇത്തരത്തിൽ വികസനം വിദൂരസ്ഥമായിരിക്കുന്ന ദേശവും മനുഷ്യരും.

സംസ്ഥാനത്തെ ആദിവാസിമേഖലയിലെ ആളൊഴിഞ്ഞ സ്കൂളുകളെക്കുറിച്ചു നമ്മുടെ വിദ്യാഭ്യാസവകുപ്പോ അവിടെയുള്ള അധ്യാപകരോ കാര്യഗൗരവമായി ചിന്തിക്കുണ്ടെന്നു തോന്നുന്നില്ല. കുട്ടികളുടെ ഭാവി ഇരുളടയരുതെന്നും അവരുടെ ഉന്നതസ്വപ്നങ്ങൾ പൊലിഞ്ഞുപോകരുതെന്നും മാതാപിതാക്കൾക്കും ഒപ്പം അധ്യാപകർക്കും നിർബന്ധമുണ്ടായേ പറ്റൂ. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ഇക്കാര്യത്തിൽ മുൻകൈയെടുത്ത് ഊർജിതമായി പരിശ്രമിച്ചാൽ നമ്മുടെ കുട്ടികൾക്കു മെച്ചപ്പെട്ട വിദ്യാഭ്യാസം കൊടുക്കാനാവും. അതിനായി വ്യത്യസ്തങ്ങളായ കർമപദ്ധതികൾ ആവിഷ്കരിക്കാനുമാകും.

സ്കൂൾവിദ്യാഭ്യാസം മാത്രമല്ല, ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിൽ പഠനം പൂർത്തിയാക്കാത്ത വിദ്യാർത്ഥികളിൽ 31.5 ശതമാനം പേരും ആദിവാസി-ദളിത് വിഭാഗത്തിൽപ്പെട്ടവരാണ്. കലാലയവിദ്യാർത്ഥികൾ, കൊവിഡുകാലത്ത് ഏർപ്പെടുത്തിയ ഹോസ്റ്റൽ നിയന്ത്രണങ്ങൾ നീക്കാത്തതാണ് തിരികെയെത്താനുള്ള തടസ്സമായിപ്പറയുന്നത്. ഗ്രാമപ്രദേശങ്ങളിലെ ഓൺലൈൻ പരിമിതികൾമൂലം ക്ലാസ്സുകൾ അറ്റൻഡു ചെയ്യാനോ അസൈൻമെന്റുകളും പ്രോജക്ട് റിപ്പോർട്ടുകളും സമർപ്പിക്കാനോ കഴിയാത്തതിന്റെ പേരിൽ പഠനത്തോടു വൈമുഖ്യം ഉണ്ടാവുകയും പഠനം നിർത്താൻ നിർബന്ധിതരാവുകയും ചെയ്തവരുണ്ട്. മിക്ക കോഴ്സുകൾക്കുമുള്ള അപേക്ഷയും പ്രവേശനഫീസുമുൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും ഓൺലൈൻ വഴിയായപ്പോൾ അവ സമയത്തു നടത്താനുള്ള സംവിധാനങ്ങളുടെ അപര്യാപ്തതയും സാങ്കേതികപരിജ്ഞാനക്കുറവും പിന്തുണയില്ലായ്മയും തുടങ്ങി പല കാരണങ്ങൾ വിദ്യാർത്ഥികളെ തുടർപഠനത്തിൽ നിന്നകറ്റുന്നുവെന്നു വേണം കരുതാൻ.

ആദിവാസിസമൂഹം നേരിടുന്ന പ്രശ്നങ്ങൾ പഠിക്കാൻ സമിതികളും വകുപ്പുകളും നേരത്തെതന്നെ ഉണ്ടെങ്കിലും, സ്കൂൾതലംമുതൽ ഉന്നതവിദ്യാഭ്യാസരംഗംവരെയുള്ള ആദിവാസിവിദ്യാർത്ഥികളുടെ ആശങ്കകൾ പരിഹരിക്കാൻ സംസ്ഥാനസർക്കാരും വിദ്യാഭ്യാസവകുപ്പും ഉത്തരവാദിത്വത്തോടെ ഇടപെടേണ്ടതുണ്ട്. കാലങ്ങളായി അവഗണന അനുഭവിക്കുന്ന അരികുജീവിതങ്ങൾക്കു കൊവിഡ് പ്രതിസന്ധിയിലും ഉന്നതവിജയം കൊയ്യാനാകുമെന്ന ആത്മവിശ്വാസമുണ്ടാവണം. പഠിച്ചു ജോലി നേടി ഉയരങ്ങളിലെത്താനുള്ള ഒരു കുട്ടിയുടെ സ്വപ്നംപോലും കണ്ണീരാകരുത്. ആദിവാസിക്കുടിലുകളിലെ കുട്ടികളും പൊതുസമൂഹത്തിന്റെ ഭാഗമാണെന്നിരിക്കേ, അവർക്കു മെച്ചപ്പെട്ട പഠനസൗകര്യവും സംവിധാനങ്ങളുമൊരുക്കാൻ സർക്കാരും സമൂഹവും പ്രതിജ്ഞാബദ്ധരായേ പറ്റൂ.

■



## പ്രതികരണം

# മതേതരഭാരതം മരീചികയാകരുത്

എല്ലാ മതങ്ങളെയും ബഹുമാനിക്കണമെന്നും ഏതെങ്കിലുമൊരു മതത്തെ അധിക്ഷേപിക്കുന്നത് രാജ്യത്തിനെതിരായ കുറ്റകൃത്യമാണെന്നു നാം മനസ്സിലാക്കണമെന്നും ഉപരാഷ്ട്രപതി എം. വെങ്കയ്യ നായിഡു നടത്തിയ പ്രസ്താവന (നാളം-40) ആദരവർഹിക്കുന്നതായി. വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ സ്വർഗപ്രവേശത്തിന്റെ നൂറ്റമ്പതാം വാർഷിക സമാപനസമ്മേളനം മാന്നാനം ആശ്രമദേവാലയാങ്കണത്തിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഭാരതത്തിന്റെയും തന്റെതന്നെയും അന്തസ്സുയർത്തിയ ഈ പ്രസ്താവനയ്ക്കു പിന്നിലെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്നില്ല, എന്നിരുന്നാലും രാജ്യത്തു മതവിദ്വേഷപ്രചാരണങ്ങൾ ഈയടുത്ത കാലത്തു വളരെയധികം വർദ്ധിച്ചിട്ടുണ്ടെന്നുള്ള വസ്തുത നിഷേധിച്ചിട്ടു കാര്യമില്ല. കേന്ദ്രം ഭരിക്കുന്ന കക്ഷിയുടെ പാർശ്വവർത്തികൾതന്നെയാണ് പല അക്രമങ്ങൾക്കും പിന്നിലെന്നാണു വാർത്താറിപ്പോർട്ടുകൾ. ഒറ്റപ്പെട്ട അതിക്രമങ്ങളെന്നു പറഞ്ഞ് ഇവയെ ലഘൂകരിക്കുന്നതു ശരിയല്ല. ആ ലക്കം ദീപനാളം എഡിറ്റോറിയൽ ഈ വിഷയം വ്യക്തമായി അവതരിപ്പിക്കുകയും ശക്തമായി അപലപിക്കുകയും ചെയ്തത് സന്ദർഭോചിതമായി. മതപരിവർത്തനം ആരോപിച്ചാണ് ഭൂരിപക്ഷാക്രമണങ്ങളും അരങ്ങേറിയത്. ക്രൈസ്തവരുടെ അംഗസംഖ്യ ഇന്ത്യയിൽ കൂടുകയല്ല, കുറയുകയാണെന്നു കണക്കുകൾ നിരത്തി സ്ഥാപിക്കാൻ എഡിറ്റോറിയലിനായി. എന്തായാലും ഉപരാഷ്ട്രപതിയെപ്പോലുള്ളവരുടെ കരങ്ങൾ മതേതരഭാരതത്തെ കാത്തുപാലിക്കുമെന്നു വിശ്വസിക്കട്ടെ.

**സോണി ചെറിയാൻ**
**കടുത്തുരുത്തി**

# ഈ ചൂളംവിളി ആർക്കുവേണ്ടി?

രണ്ടാം പിണറായി സർക്കാരിന്റെ അഭിമാനപദ്ധതിയെന്നു വിശേഷിപ്പിക്കുന്ന കെ-റെയിൽ സെമി ഹൈസ്പീഡ് റെയിൽവേ പദ്ധതിയെക്കുറിച്ച് ദീപനാളം ജനുവരി 13 ലക്കത്തിൽ ശ്രീ തോമസ് കുഴിഞ്ഞാലിൽ എഴുതിക്കണ്ടു. ഇതു സാധാരണ ജനത്തിനു പ്രയോജനപ്പെടുന്ന ഒരു പദ്ധതിയാണോയെന്നാണ് അദ്ദേഹം ഉയർത്തുന്ന ചോദ്യം. കേരളത്തിലെ പ്രതിപക്ഷവും മേധാ പട്കറെപ്പോലുള്ള പരിസ്ഥിതിവാദികളും എന്തിന്, ഇടതുപക്ഷസഹയാത്രികരായ ശാസ്ത്രസാഹിത്യപരിഷത്തും മറ്റുമുയർത്തുന്ന ചോദ്യവും ഇതുതന്നെ.

ആർക്കും പ്രയോജനപ്പെടാത്ത ഒരു പദ്ധതിയുമില്ലെന്നു നമുക്കറിയാം. അത്തരത്തിൽ ചിന്തിക്കുമ്പോൾ ഈ ബൃഹത്പദ്ധതിക്കും ഗുണഭോക്താക്കളെ കിട്ടാതിരിക്കില്ല. എന്നാൽ, കേരളംപോലുള്ള ഒരു കൊച്ചുസംസ്ഥാനത്ത്, അതിനെ നെടുകെ കീറിമുറിച്ചുകൊണ്ട്, ഏക്കർക്കണക്കിനു തണ്ണീർത്തടങ്ങളും നെൽവയലുകളും തകർത്തുവാരി കോടിക്കണക്കിനു രൂപ കടംവാങ്ങി ചെലവഴിച്ച് ഇത്തരമൊരു പാത ആവശ്യമുണ്ടോയെന്നാണു നിഷ്പക്ഷമതികളുടെ ചോദ്യം. സിൽവർ ലൈൻ പദ്ധതിക്കുവേണ്ടി 64,000 കോടി രൂപയാണു ചെലവു കണക്കാക്കിയിരിക്കുന്നതെങ്കിലും പദ്ധതി പൂർത്തിയാകുമ്പോൾ 1.10 ലക്ഷം കോടി രൂപയെങ്കിലും വേണ്ടിവരുമെന്ന് മെട്രോമാൻ ശ്രീധരനെപ്പോലുള്ളവർ പറയുന്നു. ഇതു നമ്മുടെ സംസ്ഥാനത്തിനു താങ്ങാവുന്നതിലും അധികമത്രേ.

ഇനി ഈ എതിർപ്പുകളെയെല്ലാം മറികടന്ന് പദ്ധതി കാലത്തിന്റെ തികവിൽ പൂർത്തിയാക്കിയെന്നിരിക്കട്ടെ. ലോകഭൂപടത്തിൽ കേരളത്തിന്റെ ചിത്രം ഒരുപക്ഷേ മറ്റൊന്നാവാം. നല്ലതു സംഭവിക്കട്ടേയെന്നു പ്രാർത്ഥിക്കുന്നു.

**രാജൻ തോമസ്**
**പത്തനംതിട്ട**

# ഏതു തൊഴിലും മഹത്ത്വമാർന്നത്

"They also serve who only stand and wait" മഹാനായ കവി ജോൺ മിൽട്ടന്റെ "On His Blindness" എന്ന സോണറ്റ് അവസാനിക്കുന്നത് ഈ വാചകത്തിലാണ്.

കോട്ടയം മെഡിക്കൽ കോളജിലെ ശിശു മോഷണത്തിൽ ഒരു സുരക്ഷാജീവനക്കാരിയെ തെല്ലു കുറ്റക്കാരിയായി കണ്ടതായ വാർത്തയറിഞ്ഞപ്പോൾ ജോൺ മിൽട്ടന്റെ അത്ര പ്രശസ്തമല്ലാത്ത ഈ വാചകമോർത്തു.

വെറുതേ 'നോക്കിനിൽക്കുന്നവർ' എന്നു കരുതുന്നവരുടെ ജോലിയുടെ പ്രാധാന്യമെന്തെന്നു ഇപ്പോൾ എല്ലാവർക്കും ബോധ്യമായിക്കാണും.

നാടിനെ നടുക്കിയ ഈ സംഭവം ചെന്നെത്തിയത് എവിടെയെന്ന് എല്ലാവരും ചിന്തിക്കണം.

ഒരു പരമാധികാരിയെപ്പോലെതന്നെ ആ പരമാധികാരിക്കു കാവൽ നിൽക്കുന്ന 'ഏഴാം കൂലിയും' പ്രധാന കഥാപാത്രമാകും. അയാളുടെ നിസ്സാരജോലിയും വലിയ ശ്രദ്ധാകേന്ദ്രമായെന്നു വരാം.

സ്ഥാനച്ചെറുപ്പംകൊണ്ട് ഒരു ജോലിക്കാരനെയും ചെറുതായി കാണേണ്ട.

ഈ വിഷയത്തിന്റെ ഇവിടെ പറയാത്ത ഉള്ളിരിപ്പുകൾ ആർക്കും ഊഹിക്കാം.

**അഡ്വ. ഫിലിപ്പ് പഴേമ്പള്ളി**
**പെരുവ**

# പ്രകൃതിമനോഹരിയായ ലക്ഷദ്വീപ്



യാത്ര

സാംസൺ പാലാ

**അ**റബിക്കടലിന്റെ തെക്കുപടിഞ്ഞാറൻ ദിശയിൽ ലക്കാഡിവ് കടൽഭാഗത്ത് ചിതറിക്കിടക്കുന്ന ചെറുതും വലുതുമായ മുപ്പത്താറോളം ദ്വീപുകളുള്ള പവിഴപ്പുറ്റ് ദ്വീപസമൂഹമാണ് ലക്ഷദ്വീപ് എന്നറിയപ്പെടുന്നത്. ഇതിൽ പതിനൊന്നു ദ്വീപുകളിൽ മാത്രമേ ജനവാസമുള്ളൂ. ഇന്ത്യയുടെ ഏറ്റവും ചെറിയ കേന്ദ്രഭരണപ്രദേശമാണ് ലക്ഷദ്വീപ്. പതിനൊന്നു ജനവാസദ്വീപുകളിൽ ഇന്ത്യാക്കാർക്ക് കൽപേനി, മിനിക്കോയി, അഗത്തി, ബംഗാരു, കിൽത്താൻ, കവരത്തി എന്നീ 6 ദ്വീപുകളിൽ മാത്രമേ സഞ്ചാരാനുമതിയുള്ളൂ. വിദേശികൾക്ക് അഗത്തി, ബംഗാരം, കടമത്ത് എന്നീ ദ്വീപുകളിൽ യാത്രചെയ്യാം. ദ്വീപിൽ ബംഗാരു ഒഴികെയുള്ള ദ്വീപുകൾ മദ്യനിരോധനമേഖലയാണ്. ദ്വീപുകളിലേക്ക് ആവശ്യമുള്ള ഭക്ഷ്യവസ്തുക്കളുൾപ്പെടെയുള്ള എല്ലാ സാധനങ്ങളും കേരളത്തിൽനിന്നാണ് കൊണ്ടുപോകുന്നത്. കൊച്ചിയിൽനിന്നു മിനിക്കോയിലേക്ക് 220 നോട്ടിക്കൽ മൈലാണ് ദൂരം (407 കിലോ മീറ്റർ). മിനിക്കോയി കവരത്തി 250 കിലോമീറ്റർ ദൂരവും, കൽപേനി-മിനിക്കോയി 210 കിലോ മീറ്ററും, കൊച്ചി - കവരത്തി 407 കിലോമീറ്റർ ദൂരവുമുണ്ട്.

എഴുന്നൂറു പേർക്ക് യാത്ര ചെയ്യാവുന്ന എം.വി. കരവത്തി എന്ന കപ്പൽ ഉച്ചയ്ക്ക് ഒരു മണിയോടെ എറണാകുളം വാർഫിൽനിന്നു പുറപ്പെട്ട് 18 മണിക്കൂർകൊണ്ട് രാവിലെ ഏഴു മണിയോടെ ദ്വീപിനടുത്തെത്തും. അത്യാവശ്യത്തിനുള്ള എല്ലാ സൗകര്യവും കപ്പലിലുണ്ട്. വൈകുന്നേരംവരെയുള്ള യാത്രയിൽ കടലിലെ വിവിധ കാഴ്ചകളാസ്വദിക്കാം. നോക്കെത്താദൂരത്തിൽ വിശാലമായി പരന്നുകിടക്കുന്ന കടൽ ഒരതിശയം തന്നെ. കപ്പൽ നീങ്ങുന്തോറും വെള്ളത്തിനു നിറവ്യത്യാസം വരുന്നതായിക്കാണാം. ഡോൾഫിൻ മത്സ്യങ്ങൾ ഉയർന്നു പൊങ്ങിച്ചാടുന്ന കാഴ്ച എത്ര സമയം വരെയും നമ്മൾ നോക്കിനിൽക്കും. കുറെദൂരം പറക്കാൻ ശേഷിയുള്ള ഫ്ളൈയിംഗ് ഫിഷ് എന്ന മത്സ്യവും ഒരു പ്രത്യേക കാഴ്ചയാണ്. ചിലപ്പോൾ കപ്പലിനൊപ്പം ഇവ പറക്കുന്നതു കാണാം. വെള്ളം നിറച്ച വൃത്താകാരമായ ഒരു പരന്ന പാത്രത്തിലെ ചെറിയ കരടുപോലെ കപ്പൽ നീങ്ങുമ്പോൾ അങ്ങകലെ ആകാശവും ഭൂമിയും തൊട്ടുനിൽക്കുന്ന ചക്രവാളരേഖ അതിമനോഹരമായ ഒരു കാഴ്ചതന്നെ. സൂര്യാസ്തമയം വേറിട്ട ഒരു കാഴ്ചയാണ്. സന്ധ്യാസമയത്തെ ഈ ആകാശനിറക്കൂട്ടുകളുടെ മദ്ധ്യത്തിൽ തീനിറത്തിൽ സൂര്യൻ സാവധാനം കടലിലേക്കു താണിറങ്ങുന്ന കാഴ്ച അവിസ്മരണീയമാണ്.

കപ്പൽ പുറംകടലിൽ നങ്കൂരമിട്ടതിനുശേഷം ബോട്ടുകളിലാണ് യാത്രക്കാരെ ദ്വീപിലെത്തിക്കുന്നത്. ഏതാനും വർഷങ്ങൾക്കുമുമ്പ്, ബ്രിട്ടീഷുകാരോടു വാങ്ങിയ ടിപ്പുസുൽത്താൻ എന്ന കപ്പലിൽ കൊച്ചിയിൽനിന്നു ലക്ഷദ്വീപിലേക്കു ഞങ്ങൾ പോയിരുന്നു. അതും പുറംകടലിൽ നിർത്തിയശേഷം ചെറിയ ബോട്ടുകൾ കപ്പലിന്റെ അടുത്തു ചേർത്തു നിർത്തി യാത്രക്കാർ ഓരോരുത്തരായി പത്തടിമുകളിൽനിന്നു ബോട്ടിലേക്കു ചാടുകയായിരുന്നു. ഇതല്പം റിസ്കുള്ള ഒരു ചടങ്ങാണ്. താഴെ സെക്യൂരിറ്റി ഗാർഡുകളും, വെള്ളത്തിൽ വീണാൽ രക്ഷപ്പെടുത്താൻ സ്കൂബാക്കാരുമുണ്ട്. പലർക്കും ചാടാൻ ഭയമായിരുന്നു. അഞ്ചു വർഷംമുമ്പ് ഗുജറാത്തിൽനിന്നു വിനോദയാത്ര പോയ ഒരു കുടുംബത്തിലെ 22 വയസ്സുള്ള ഒരു യുവതി ചാട്ടത്തിൽ വെള്ളത്തിൽ വീണു മരണമടഞ്ഞിട്ടുണ്ട്. എല്ലാവിധ സെക്യൂരിറ്റിസേനയുണ്ടായിട്ടും അവരെ രക്ഷിക്കാനായില്ല.

ദ്വീപിലെത്തിയശേഷം നമ്മൾ സുരക്ഷിതരായി എത്തിയവിവരം പോലീസ് സ്റ്റേഷനിൽ അറിയിക്കണം. പിന്നീട് ഞങ്ങൾ കാഴ്ചകൾ കാണാനിറങ്ങി. വളരെ നല്ലവരായ ദ്വീപുനിവാസികൾ അപരിചിതരായ നമ്മെ സന്തോഷത്തോടെ സ്വീകരിച്ചു ഭക്ഷണം കഴിക്കാനുമൊക്കെ ക്ഷണിക്കും. അവരുമായി കൂടുതലടുത്താൽ മീൻപിടിക്കുന്നത് കാണാൻ നമ്മെ കൊണ്ടുപോകും. ഭാഷ മലയാളവും ഹിന്ദിയുമാണ്. പ്രായമായ സ്ത്രീകൾപോലും സ്വർണാഭരണങ്ങൾ കൂടുതലായി ധരിക്കാറുണ്ട്. മിനിക്കോയി ദ്വീപിൽ കൂടുതലും മാഹി



എന്ന ഭാഷയാണ് സംസാരിക്കുന്നത്. ദ്വീപിൽ നിറയെ തെങ്ങുകളാണ്. ഇടയ്ക്കിടെ ശിഖരങ്ങളുള്ള തെങ്ങുകൾ കാണാം. അഞ്ചു കവരകളുള്ള ഒരു തെങ്ങ് ഞങ്ങൾ കണ്ടു. യാത്രാസൗകര്യം കുറവാണ്. കൂടുതലും ബൈക്കുകളും ഓട്ടോയുമാണ്. കടൽജീവികളെപ്പറ്റിയുള്ള ഒരു വലിയ അക്വേറിയവും, മ്യൂസിയവും മിനിക്കോയി ദ്വീപിൽ ഗവൺമെന്റ് വകയായുണ്ട്. 18 അടി വരെ താഴ്ചയിലുള്ള കടലിന്റെ അടിഭാഗം ബോട്ടിന്റെ അടിഭാഗത്തുള്ള ഗ്ലാസ് വിൻഡോയിലൂടെ നന്നായി കാണാം. അനേകനിറത്തിലും തരത്തിലും ഡിസൈനുകളിലുമുള്ള മത്സ്യങ്ങൾ കൂട്ടമായി സഞ്ചരിക്കുന്ന കാഴ്ച ഒരനുഭവംതന്നെ. ഡിസ്കവറി ചാനലിനെ വെല്ലുന്ന തരത്തിൽ ഇവ നമുക്ക് നേരിൽ കണ്ടാസ്വദിക്കാം. കൂടാതെ, കടലിനടിയിലെ അണ്ടർ വാട്ടർ ഡൈവിങ് ഒരു മഹാദ്ഭുതമായി തോന്നും. ധൈര്യമുള്ളവർക്ക് അതിൽ പങ്കെടുക്കാം. വാട്ടർ സൈക്കിൾ, വാട്ടർ സ്കൂട്ടർ, സ്കൂബാഡൈവിങ്, വിൻഡ്സർഫിങ്, സ്നോർകലിങ്, കയാക്കിങ്, കനോയിങ്, വാട്ടർ സ്കീമിങ് എന്നിവയെല്ലാം ഇവിടുത്തെ പ്രത്യേകതകളാണ്. തീരങ്ങളിൽ കുട്ടികൾക്കു നീന്തിക്കളിച്ചുല്ലസിക്കാം. ഓളപ്പരപ്പിൽ തെന്നിനീങ്ങുന്ന ചെറുവള്ളങ്ങളും കുറവല്ല.

വെള്ളത്തിന്റെ നിറം നമ്മൾ ശരിക്കും കണ്ടിട്ടില്ലെന്നു പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല. ഇവിടുത്തെ ജലം കണ്ടാൽ നമുക്കത് ബോധ്യപ്പെടും. എമറാൾഡ് ഗ്രീൻ നിറത്തിലുള്ള ജലം എത്ര കണ്ടാലും നമ്മൾ നോക്കിനിൽക്കും. ആഴം കുറഞ്ഞ പവിഴപ്പുറ്റ് സ്ഥലങ്ങളിൽ സഞ്ചരിക്കുമ്പോൾ അവ പറിച്ചെടുക്കണമെന്നു നമുക്കു തോന്നും. എന്നാലത് കുറ്റകരമാണ്. കൂട്ടമായി നിൽക്കുന്ന ഇവ കാഴ്ചയിൽ അതിമനോഹരമാണ്. എവിടെ നോക്കിയാലും തെങ്ങും കടലും മാത്രമാണ് കാണാനുള്ളത്. തേങ്ങാബിസിനസും, മീൻപിടിത്തവുമാണ് ദ്വീപുനിവാസികളുടെ പ്രധാന ജോലി. ഇവിടുത്തെ കരിക്കിനും പ്രിയമേറെയുണ്ട്. കപ്പലുകൾക്ക് ദിശതെറ്റാതെ സിഗ്നൽ നൽകുന്നതിനുവേണ്ടി 1885ൽ ബ്രിട്ടനിൽനിന്ന് ഇഷ്ടിക ഇറക്കുമതി ചെയ്ത് 157 അടി ഉയരത്തിൽ ഒരു ലൈറ്റ്ഹൗസ് മിനിക്കോയിൽ സ്ഥാപിച്ചിട്ടുണ്ട്. 216 ഗോവണിപ്പടികൾ കയറിയാൽ മുകളിലെത്താം. 74 കിലോമീറ്റർ അകലെനിന്ന് ഇതിന്റെ വെളിച്ചം കപ്പലുകൾക്കു സിഗ്നൽ നൽകുന്നു.

ബഹളങ്ങളൊന്നുമില്ലാത്ത വളരെ ശാന്തമായ ഈ സ്ഥലം വിശ്രമത്തിന് ഏറ്റവും പറ്റിയതാണ്. കടലിൽ ഉയർന്നുനിൽക്കുന്ന ചെറിയ തുരുത്തുകളിൽ കൂട്ടമായി നിൽക്കുന്ന തെങ്ങുകളും അവയെ തലോടുന്ന തിരമാലകളും ദ്വീപിന്റെ സൗന്ദര്യം വർദ്ധിപ്പിക്കുന്നു. താമസസൗകര്യത്തിന് ഇവിടെ പലതരം വീടുകളും ലഭിക്കും. 2011 ലെ കണക്കനുസരിച്ച് ലക്ഷദ്വീപിലെ ജനസംഖ്യ 66000 ആണ്. നല്ലൊരു ശതമാനം ജനങ്ങളും ഇസ്ലാം മതവിശ്വാസികളാണ്. വെള്ളി പൊതു അവധിദിവസവും ശനി, ഞായർ ദിവസങ്ങൾ സ്കൂളുകൾക്ക് പ്രവൃത്തി ദിവസവുമാണ്.

കൊച്ചിയിൽനിന്നു കൽപേനി, മിനിക്കോയി, കവരത്തി എന്നിവിടങ്ങളിലേക്ക് അഞ്ചു ദിവസത്തെ ടൂർ പ്രോഗ്രാമുണ്ട്. എം.വി. കവരത്തി എന്ന കപ്പലിൽ രാവിലത്തെ ഭക്ഷണശേഷം ഓരോ ദ്വീപും സന്ദർശിച്ച് വൈകുന്നേരം കപ്പലിൽ തിരിച്ചെത്തും. അഞ്ചു ദിവസത്തെ സ്പോർട്ട് പാക്കേജിന് 17000 മുതൽ 30000 വരെ രൂപ ചെലവുവരും, കൊച്ചി, ബേപ്പൂർ, മംഗലാപുരം എന്നിവിടങ്ങളിൽനിന്നു മാത്രമേ കപ്പൽ സൗകര്യമുള്ളൂ. എം.വി. കവരത്തി, എംവി. ഭരത് സീമ, എം.വി. സീഷിപ്പ്, അറേബ്യൻ സീ ഷിപ്പ്, ടിപ്പുസുൽത്താൻ എന്നീ കപ്പലുകളാണ് ലക്ഷദ്വീപിലേക്ക് സർവീസ് നടത്തുന്നത്. കൊച്ചിയിൽനിന്ന് ആഴ്ചയിൽ ആറുദിവസം അഗത്തിയിലേക്ക് എയർ ഇന്ത്യയുടെ വിമാനസർവീസുണ്ട്. അവിടെനിന്ന് ഹെലികോപ്റ്ററിൽ കവരത്തിക്കു പോകാം.

ദ്വീപുകൾ ഇന്ത്യയുടെ സ്വന്തമാണെങ്കിലും ഇവിടെ പ്രവേശിക്കുവാൻ ചില കടമ്പകളുണ്ട്. പാസ്പോർട്ട് ആവശ്യമില്ലെങ്കിലും എറണാകുളം ഐലന്റിലുള്ള ലക്ഷദ്വീപ് അഡ്മിനിസ്ട്രേഷൻ ഓഫീസിൽനിന്ന് പെർമിറ്റ് എടുക്കണം. ഇതിന് പാസ്പോർട്ട് സൈസ് ഫോട്ടോയും ആധാർ കാർഡും നിർബന്ധം. അതത് പോലീസ്സ്റ്റേഷനിൽനിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ് കിട്ടിക്കഴിഞ്ഞാൽ പിന്നെ രണ്ടു മാസത്തെ കാത്തിരിപ്പിനുശേഷമേ പെർമിറ്റ് ലഭിക്കുകയുള്ളൂ. ചിലപ്പോൾ കിട്ടിയില്ലെന്നും വരും. ദ്വീപിലുള്ള ആരെയെങ്കിലും സ്പോൺസറായി കിട്ടിയാൽ അധികം ചെലവില്ലാതെ എളുപ്പത്തിൽ കാര്യം സാധിക്കാം. ഇല്ലെങ്കിൽ ഏതെങ്കിലും ട്രാവൽ ഏജന്റുമായി ബന്ധപ്പെടുക. ഒക്ടോബർ - ഡിസംബർ മാസങ്ങളാണ് യാത്രയ്ക്കു നല്ലത്. ഇന്ത്യയോട് ഏറ്റവും അടുത്തുകിടക്കുന്ന പ്രകൃതിമനോഹരിയായ ലക്ഷദ്വീപിലേക്ക് ഒരു യാത്ര പോയാൽ അതൊരു പ്രത്യേക അനുഭവമായിരിക്കും.










ജനുവരി 23
ദനഹാക്കാലം
നാലാം ഞായർ

ഉത്പ 29: 1–14
2 രാജാ 17: 24 – 28
ഹെബ്രാ 6: 1–12
വി. യോഹ 4: 1–26

# ഈശോമിശിഹാ: സമയത്തിന്റെ പൂർത്തീകരണം



ഡോ. ജോസഫ് കരികുളം

“ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുന്ന സമയം വരുന്നു. അല്ല, അത് ഇപ്പോൾത്തന്നെയാണ്” (യോഹ. 4:23). യാക്കോബിന്റെ കിണറ്റിൻകരയിൽ, സമരിയാക്കാരിയുമായുള്ള ആശയസംവാദത്തിലൂടെ ഇസ്രായേൽജനം പ്രതീക്ഷയോടെ കാത്തിരുന്ന, യഹൂദരുടെയും വിജാതീയരുടെയും രക്ഷകനായ മിശിഹാ – ക്രിസ്തു – താനാണെന്ന് ഈശോ അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നു. യാക്കോബിന്റെ കിണറും സമരിയാക്കാരുമൊക്കെ രക്ഷകനെ നൽകുമെന്ന വാഗ്ദാനം പൂർത്തീകരിക്കാനുള്ള തയ്യാറെടുപ്പുകളായിരുന്നു. സമയത്തിന്റെ പൂർത്തീകരണത്തിൽ രക്ഷകൻ – മിശിഹാ ഭൂമിയിൽ ജനിച്ചു (ഗലാ. 4:4). ദൈവത്തിന്റെ രക്ഷാകരപദ്ധതി എത്രമാത്രം സൂക്ഷ്മതയോടെ ചരിത്രത്തിലും സമയത്തിലും നടപ്പാക്കപ്പെടാൻ ആസൂത്രണം ചെയ്യപ്പെട്ടതാണെന്ന് ഇന്നത്തെ വായനകൾ തെളിയിക്കുന്നു.

പ്രപഞ്ചത്തിന്റെ ചലനവും വിശ്രമവും ഉൾപ്പെടെയുള്ള ജീവിതചക്രം സമയത്തെ ആശ്രയിച്ചാണു മുന്നോട്ടുപോകുന്നത്. സൃഷ്ടിയുടെ മകുടം എന്നവകാശപ്പെടുന്ന മനുഷ്യന്റെ ജീവിതം സമയത്തിന്റെ നിബന്ധനകളാൽ നിയന്ത്രിക്കപ്പെട്ടിരിക്കുന്നു എന്ന് ആരും സമ്മതിക്കും. എന്നാൽ, പ്രപഞ്ചത്തിന്റെയും മനുഷ്യന്റെയും സ്രഷ്ടാവായ ദൈവം സമയത്തിന് അതീതനാണ്. ദൈവത്തിനു സമയമില്ല. ദൈവം തന്റെ നാമമായി മോശയോടു പറയുന്നത്, ‘ഞാൻ ആകുന്നു’ (I AM who am) - (പുറ. 3:14) എന്നാണ്. ഒരു ക്രിയയെത്തന്നെ നാമമാക്കി മാറ്റുകയാണിവിടെ. വർത്തമാനകാലം മാത്രമുള്ള ദൈവത്തിന്റെ സ്വഭാവമാണിവിടെ കാണുന്നത്. മനുഷ്യന്റെ ഇന്നും ഇന്നലെയും നാളെയുമൊക്കെ ദൈവത്തെ സംബന്ധിച്ചിടത്തോളം ‘ഇപ്പോൾ’ മാത്രമാണ്. ഭൂതവും ഭാവിയുമില്ലാതെ വർത്തമാനകാലം മാത്രമുള്ള, ഇന്നലെയും ഇന്നും നാളെയും ഒരാൾതന്നെയായിരിക്കുന്ന ദൈവം. സമയമില്ലാത്ത ദൈവത്തിന്റെ ആയിരിക്കുന്ന അവസ്ഥയാണ് നിത്യത (eternity).

നിത്യനും സമയത്താൽ ബന്ധിതനല്ലാത്തവനുമായ ദൈവം തന്റെ സ്നേഹത്തിന്റെ പ്രകടനമായി പ്രപഞ്ചം സൃഷ്ടിക്കുമ്പോൾ സമയത്തെക്കൂടിയാണു സൃഷ്ടിക്കുന്നത്. സൃഷ്ടി പരിമിതപ്പെടുത്തപ്പെട്ട ഒന്നാണ്. സൃഷ്ടിക്കപ്പെട്ട ഒന്നും നിത്യമല്ല, എന്നുമാത്രമല്ല, അവയുടെ ആയുസ്സ് ഏറിയും കുറഞ്ഞും പരിമിതപ്പെടുത്തപ്പെട്ടതുമാണ്. ദൈവമാണ് സൃഷ്ടിയുടെ കർത്താവ്. മനുഷ്യൻ ദൈവത്തിന്റെ ഛായയും സാദൃശ്യവുമാണെന്നു ധ്യാനിക്കുമ്പോൾ, പരിമിതപ്പെട്ട ദൈവാംശങ്ങളായി മനുഷ്യനെ നമുക്കു മനസ്സിലാക്കാനാവും.

ദൈവസ്നേഹത്താൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനു വീഴ്ചയുണ്ടാകുമ്പോൾ അത് സ്രഷ്ടാവിനെയും നൊമ്പരപ്പെടുത്തും. അവനു തനിച്ച് ആ വീഴ്ചയിൽനിന്ന് എഴുന്നേല്ക്കാൻ ശക്തിയില്ലാതെ വരുമ്പോൾ ദൈവംതന്നെ പുതിയൊരു സൃഷ്ടി നടത്തുന്നു. അതാണ് ഈശോമിശിഹാ. ദൈവം തന്നെത്തന്നെ പരിമിതപ്പെടുത്തി ‘മനുഷ്യന്റെ രൂപം സ്വീകരിച്ച്’ മനുഷ്യനോടൊപ്പം ആയിരിക്കാൻ ഭൂമിയിൽ ജനിക്കുന്നു.

തന്റെ സൃഷ്ടിയായ മനുഷ്യന്റെ രക്ഷയ്ക്കായുള്ള ദൈവത്തിന്റെ ഈ പദ്ധതിയെയാണ് രക്ഷാകരപദ്ധതി എന്നു വിളിക്കുന്നത്. ഈ പദ്ധതി പൂർത്തിയാക്കപ്പെടുന്നത് സമയത്തിലാണ്. കാരണം, മനുഷ്യനുമായി ബന്ധപ്പെട്ടതെല്ലാം സമയത്തോടും (Time) കാലത്തോടും ബന്ധപ്പെട്ടതാണ്. ഒരു പ്രത്യേകകാലത്തിൽ സംഭവിച്ച മനുഷ്യന്റെ വീഴ്ചയെ മറ്റൊരു പ്രത്യേക കാലത്തിൽ മായ്ച്ചുകളയാൻ ദൈവം തിരുമനസ്സായി. മനുഷ്യന്റെ വീഴ്ച സംഭവിച്ച കാലത്തിൽ തുടങ്ങിയതാണ് അവനെ രക്ഷിക്കാനുള്ള ദൈവത്തിന്റെ പദ്ധതി. അതുകൊണ്ടാണ് ആ പദ്ധതി ഈശോമിശിഹായിൽ പൂർത്തിയാകുമ്പോൾ അതിനെ കാലത്തിന്റെ, സമയത്തിന്റെ പൂർത്തീകരണം എന്നു പറയുന്നത്. വീഴ്ചയ്ക്കുമുമ്പ് നിത്യതയുടെ ഭാഗമായിരുന്ന മനുഷ്യൻ ഈശോമിശിഹായിലൂടെ വീണ്ടും നിത്യതയിലേക്കു പ്രവേശിക്കപ്പെട്ടിരിക്കുന്നു എന്നതും കാലത്തിന്റെ പൂർത്തീകരണം എന്നതിലേക്കു വിരൽ ചൂണ്ടുന്നു. അതുകൊണ്ടാണ് നിത്യതയെ (eternity) ഈ ലോകത്തിൽത്തന്നെ അനുഭവിക്കാം എന്നുള്ള വീക്ഷണം വി. ഗ്രന്ഥം നൽകുന്നത്.

കാലത്തിലേക്കു പ്രവേശിക്കുന്ന ദൈവം എന്നത് ഒരു നിമിഷംകൊണ്ടു സംഭവിക്കുന്ന ഒരു കാര്യമല്ല. ദൈവത്തെ സ്വീകരിക്കാൻ കഴിയുന്ന വിധത്തിൽ ഒരുക്കപ്പെടുന്ന ഒരു സമൂഹത്തിന്റെ ആവശ്യമുണ്ട്. അതിനായി ദൈവം ഇസ്രായേൽജനത്തെ ഒരുക്കുന്നു. ഈ ഒരുക്കത്തിന്റെ സംക്ഷിപ്തമായ വിവരണവും അതെല്ലാം ഈശോമിശിഹായിൽ എങ്ങനെ പൂർത്തിയാക്കപ്പെടുന്നു എന്നതിന്റെ സാക്ഷ്യവുമാണ് ഇന്നത്തെ വായനകൾ ഓർമിപ്പിക്കുന്നത്. ഈശോയ്ക്ക് ഏകദേശം രണ്ടായിരം വർഷം മുമ്പു സംഭവിച്ച യാക്കോബിന്റെ ജീവിതവും സമരിയാക്കാരുടെ ഉദ്ഭവവുമൊക്കെ, ഈശോയുടെ കാലത്തെ യാക്കോബിന്റെ കിണറിനരുകിൽ സമരിയാക്കാരി സ്ത്രീയോട് അവിടുന്നു സംസാരിക്കുമ്പോൾ വീണ്ടും തെളിഞ്ഞുവരുന്നു. ദൈവമൊരുക്കിയ രക്ഷാകരപദ്ധതിയുടെ ആരംഭം യാക്കോബിലും പൂർത്തീകരണം ഈശോയിലും ദർശിക്കാൻ നമുക്കു കഴിയുന്നു.



ഒന്നാമത്തെ വായന (ഉത്പ. 29:1–14) ഇസ്രായേലായ യാക്കോബിന്റെ ജീവിതത്തിൽ ഉണ്ടായ അനുഭവങ്ങൾ പങ്കുവയ്ക്കുന്നു. ‘ഇസ്രായേൽ’ എന്നത് യാക്കോബിന്റെ മറ്റൊരു പേരാണ് (ഉത്പ. 32,28). ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങൾ യാക്കോബിന്റെ 12 മക്കളുടെ പേരിലാണ് അറിയപ്പെടുന്നത്. അങ്ങനെ ഇസ്രായേൽ ജനത്തിന്റെ പിതാവായി യാക്കോബു മാറുന്നു. രണ്ടാമത്തെ വായനയിലാകട്ടെ, (2 രാജാ. 17: 24–28) സമരിയാക്കാരുടെ ഉദ്ഭവത്തെക്കുറിച്ചാണു പരാമർശം.

യാക്കോബ് ലാബാനെത്തേടിയുള്ള തന്റെ യാത്രയ്ക്കിടയിൽ ഒരു കിണറിനരികിൽവച്ച് ലാബാന്റെ മകളായ റാഹേലിനെ കണ്ടുമുട്ടുന്നു. കിണറിൽനിന്നു ശുദ്ധജലം പകർന്നുനല്കി റാഹേലിന്റെ ആടുകളുടെ ദാഹം നീക്കുന്നു. ആ കിണറും അതിനോടു ചുറ്റിപ്പറ്റി നടന്ന സംഭവങ്ങളും പഴയനിയമപുസ്തകത്തിൽ ചേർക്കപ്പെട്ട് യഹൂദർ സ്മരിക്കേണ്ട, അവരുടെ ജീവിതവുമായി ബന്ധപ്പെട്ട കാലത്തിന്റെ അടയാളമായി നിലകൊള്ളുന്നു. യാക്കോബും ആ കിണറും റാഹേലും ഇല്ലായിരുന്നുവെങ്കിൽ ഇസ്രായേൽജനത ഉണ്ടാകുമായിരുന്നില്ല. ഓരോ കാലത്തും നടക്കുന്ന ചില സംഭവങ്ങൾ, ചില മനുഷ്യരുടെ സാന്നിധ്യം; എല്ലാം ദൈവമൊരുക്കുന്ന വലിയ രക്ഷാകരപദ്ധതിയിലെ ചില ചെറിയ നാഴികക്കല്ലുകളാണ്. ഇതെന്താണ് ഇങ്ങനെയൊക്കെ സംഭവിക്കുന്നത് എന്നുള്ള നമ്മുടെ ചില അദ്ഭുതപ്പെടലുകൾക്ക് വലിയ അടിസ്ഥാനമൊന്നുമില്ല. അതെല്ലാം ദൈവത്തിന്റെ ഇടപെടലുകളുടെ അടയാളങ്ങളാണ് എന്നു തിരിച്ചറിയാൻ വി. ഗ്രന്ഥം നമ്മെ സഹായിക്കുന്നു.

യാക്കോബ് റാഹേലിന്റെ ആടുകൾക്ക് ശുദ്ധജലം നല്കിയ കിണർ, പുതിയ ഇസ്രായേലിന്റെ നാഥനായ ഈശോ, സമരിയാക്കാരി സ്ത്രീക്ക് ജീവജലത്തിന്റെ അരുവികൾ പകർന്നുനല്കുന്നതിനും സാക്ഷ്യം വഹിക്കുന്നു. യാക്കോബിന്റെ ശുദ്ധജലത്തിന്റെ കിണർ ഈശോമിശിഹാ നല്കുന്ന ജീവജലത്തിന്റെ ഉറവയായി മാറുന്നു. അതോടുകൂടി യാക്കോബിലൂടെ ദൈവമൊരുക്കിയ രക്ഷാകർമത്തിന്റെ പൂർത്തീകരണമാണ് തന്നിലൂടെ നടക്കുന്നതെന്ന് ഈശോ പ്രഖ്യാപിക്കുന്നു.

ഈ സമയത്തിന്റെ പൂർത്തീകരണത്തിനുവേണ്ടിയാണ് ഇസ്രായേൽ കാത്തിരിക്കുന്നത്. അവരുടെ കാത്തിരിപ്പിന് യാക്കോബ് റാഹേലിനുവേണ്ടി കാത്തിരുന്നതുപോലെയുള്ള ക്ഷമയുണ്ടായിരുന്നു. അതുകൊണ്ടാണ് ഹെബ്രായലേഖനം ഇങ്ങനെയെഴുതുന്നത്: “നിരുത്സാഹരാകാതെ വിശ്വാസവും ദീർഘക്ഷമയുംവഴി വാഗ്ദാനത്തിന്റെ അവകാശികളായവരെ അനുകരിക്കുന്നവരാകണം നിങ്ങൾ” (ഹെബ്രാ. 6:12).

ഹെബ്രായലേഖനത്തിന്റെ ആദ്യവാക്യം ഇവിടെ വീണ്ടും പ്രസക്തമാകുകയാണ്: “പൂർവകാലങ്ങളിൽ പ്രവാചകന്മാർവഴി നമ്മുടെ പിതാക്കന്മാരോടു സംസാരിച്ചു ദൈവം, ഈ അവസാനനാളുകളിൽ തന്റെ പുത്രൻവഴി നമ്മോടു സംസാരിച്ചിരിക്കുന്നു” (റഫറൻസ്: ഹെബ്രാ. 1:1–2). അബ്രാഹവും യാക്കോബും പ്രവാചകന്മാരുമെല്ലാം സൂചനകളായിരുന്നു. അവർ നടത്തിയ ആരാധനകളും സൂചനകളായിരുന്നു. “യഥാർത്ഥ ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു. അല്ല, അത് ഇപ്പോൾത്തന്നെയാണ്” (യോഹ. 4:23). ‘മിശിഹാ വരുമ്പോൾ അവൻ എല്ലാക്കാര്യങ്ങളും ഞങ്ങളെ അറിയിക്കും’ (യോഹ. 4:25) എന്നുള്ള സമരിയാക്കാരിയുടെ പ്രത്യാശയും അവൻ വരുന്നതുവരെ കാത്തിരിക്കാനുള്ള ക്ഷമയും, അവനെക്കാണുമ്പോൾ അവൾക്കുണ്ടാകുന്ന അദ്ഭുതവും (യോഹ. 4: 28–29) എല്ലാം ഈശോയിൽ സംഭവിക്കുന്ന ദൈവികവാഗ്ദാനങ്ങളുടെ പൂർത്തീകരണത്തെ സൂചിപ്പിക്കുന്നു.

സമയം വളരെ വിലപ്പെട്ടതാണ്. നമ്മുടെ കാലത്തിൽ ജീവിച്ച സത്യദൈവമായ ഈശോമിശിഹാ താൻ നൽകുന്ന ജീവജലത്തിന്റെ അരുവികളിൽനിന്നു പാനം ചെയ്യാൻ നമ്മെ ക്ഷണിക്കുന്നു. യാക്കോബിന്റെ കിണർ ഒരിക്കൽ മൂടിവയ്ക്കപ്പെട്ടത് ആയിരുന്നതുപോലെ മറയ്ക്കപ്പെട്ട ഒന്നല്ല ഈശോ പകരുന്ന ജീവജലത്തിന്റെ അരുവികൾ. വചനമേശയിലും അപ്പത്തിന്റെ മേശയിലുമുള്ള പങ്കെടുക്കൽ വഴി ശുദ്ധജലത്തിന്റെ തലത്തിൽനിന്ന് ജീവജലത്തിന്റെ പൂർത്തീകരണത്തിലേക്ക് ഈശോ നമ്മെയുയർത്തുന്നു. ■

# മലയാളികൾ മാറാരോഗികളോ?

ഒന്നാം പേജ് തുടർച്ച

ഇന്നത്തെ മലയാളി, രക്ഷപ്പെടാനാവാത്തവിധം ഈ അശാസ്ത്രീയ ജീവിത-ഭക്ഷണശൈലികൾക്കടിപ്പെട്ടു. ഈ അടിമത്തമാകട്ടെ അവനെ ഏറെ സങ്കീർണമായ ജീവിതശൈലീരോഗങ്ങളിൽ കൊണ്ടെത്തിച്ചു.

പല രോഗങ്ങളുടെയും പട്ടികയിൽ ആഗോളതലസ്ഥാനമെന്ന ഓമനപ്പേര് കേരളത്തിനു സ്വന്തം. ലോകശരാശരിയെടുത്താൽ ഏറ്റവും കൂടുതൽ പ്രമേഹബാധിതർ, ഹൃദ്രോഗികൾ, മദ്യപർ, മാംസഭോജികൾ തുടങ്ങിയവരുള്ള സംസ്ഥാനം എന്ന കുപ്രസിദ്ധി ലോകാരോഗ്യസംഘടനയുടെ പ്രസ്താവനകളിൽപ്പോലും പ്രകടമായി.

പണ്ടു വയോധികരെ മാത്രം വേട്ടയാടിയിരുന്ന ഹൃദ്രോഗം ഇന്ന് കേരളത്തിലെ ചെറുപ്പക്കാരിലേക്കു ഭീഷണമാംവിധം പടരുന്നു. കഴിഞ്ഞ മുപ്പതു വർഷങ്ങളിലെ സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചാൽ ഹൃദ്രോഗം ഇന്ത്യയിൽ വർദ്ധിച്ചത് ഏതാണ്ട് 300 ശതമാനമാണ്. ലോകത്തെ ഹൃദ്രോഗികളിൽ 60 ശതമാനം ഇന്ത്യക്കാരോ ഇന്ത്യൻ വംശജരോ ആയിരിക്കുമെന്ന മുന്നറിയിപ്പും വന്നുകഴിഞ്ഞു. വളരെ ചെറിയ പ്രായത്തിൽപ്പോലും മലയാളിക്കു ഹാർട്ടറ്റാക്കുണ്ടാകുന്നു. 1995 നും 2025 നും ഇടയ്ക്കുള്ള കാലഘട്ടത്തിൽ പ്രമേഹബാധിതരുടെ എണ്ണത്തിലുള്ള വർദ്ധന 170 ശതമാനമായിരിക്കുമെന്ന് ലോകാരോഗ്യസംഘടനയുടെ കണക്കുകൾ പ്രവചിച്ചു കഴിഞ്ഞു. 1995 ൽ 84 ദശലക്ഷമായിരുന്ന പ്രമേഹബാധിതർ 2025 ആകുമ്പോഴേക്ക് 22.8 കോടിയായി മാറും. ഇതിൽ 76 ശതമാനവും വികസ്വരരാജ്യങ്ങളിൽത്തന്നെ. ഇന്ത്യയിൽ പ്രമേഹരോഗികൾ 1995 നും 2025 നുമിടയ്ക്ക് 195 ശതമാനമായി വർദ്ധിക്കും.

നമ്മുടെ കൊച്ചുകേരളത്തിലും പ്രമേഹമില്ലാത്തവരുണ്ടോയെന്ന ചോദ്യവും അസ്ഥാനത്തായി വരുന്നു. കേരളത്തിൽ അമിതരക്തസമ്മർദമുള്ളവരുടെ സംഖ്യ 30-40 ശതമാനംവരെയുണ്ടെന്ന് ഈയടുത്തകാലത്ത് കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ നടത്തിയ സർവെയിൽ സ്ഥിരീകരിക്കപ്പെട്ടു. ഇന്ത്യയിലാകമാനമുള്ള രക്തസമ്മർദരോഗികളുടെ ശരാശരി സംഖ്യ 30 ശതമാനമാണ്. ഇതിൽ 60 ശതമാനം പേർക്കും തങ്ങൾ രോഗികളാണെന്ന അവബോധമില്ല.

കേരളം ഇന്ത്യയിലെ 'കൊളസ്ട്രോൾ തലസ്ഥാന'മായി മാറിക്കഴിഞ്ഞെന്ന് 2013 ൽ കൊച്ചിയിൽ നടന്ന ഒരു പഠനം തെളിയിക്കുന്നു. 40,000 മലയാളികൾ പഠനവിധേയമായപ്പോൾ അതിൽ 19,940 പേരിലും (49.85 ശതമാനം) അമിതകൊളസ്ട്രോൾ കണ്ടു. പൊതുവായ കൊളസ്ട്രോളിന്റെ അപകടരേഖയായ 200 മില്ലിഗ്രാം ശതമാനത്തിൽ കൂടുതലുള്ളവരാണ് 49.85 ശതമാനം മലയാളികളും. കുറഞ്ഞ കൊളസ്ട്രോൾ അളവിന്റെ അടിസ്ഥാനത്തിൽ സുരക്ഷിതരായ മലയാളികൾ 14.45 ശതമാനം പേർ മാത്രം. 30 വയസ്സു കഴിഞ്ഞ പകുതി മലയാളികളും കൊളസ്ട്രോൾ രോഗികളായി മാറുന്നുവെന്ന യാഥാർത്ഥ്യം ആരോഗ്യകേരളത്തെ എങ്ങോട്ടു നയിക്കും? ഒരു ദിവസം 5000 ടൺ മാംസം കഴിച്ചുതീർക്കുന്ന മലയാളികൾ ഇറച്ചിക്കൊതിയുടെ കാര്യത്തിൽ ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളുടെ മുമ്പിൽ മാത്രമല്ല, ലോകശരാശരിയുടെ മുൻപന്തിയിലും സ്ഥാനംപിടിക്കുന്നു.

അമേരിക്കൻ ഹാർട്ട് അസോസിയേഷൻ, ഗുരുതരമായി പടർന്നേറുന്ന ഒരു രോഗാതുരതയായി മുദ്ര കുത്തിയ പൊണ്ണത്തടിയുടെ കാര്യത്തിലും കേരളീയർ അതിവേഗം മുന്നോട്ടു കുതിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് കൊച്ചിയിലും പരിസരപ്രദേശങ്ങളിലുമുള്ള സ്കൂൾകുട്ടികളിൽ നടത്തിയ ഒരു പഠനത്തിൽ അമിതവണ്ണമുള്ളവരുടെ സംഖ്യ ശീഘ്രഗതിയിൽ വർദ്ധിക്കുന്നതായി കണ്ടെത്തി. ജീവിതചര്യയിലും ഭക്ഷണശൈലിയിലും വ്യായാമനിലവാരത്തിലുമുള്ള വികലമായ മാറ്റങ്ങൾ ഇതിനു കാരണമായി കണക്കാക്കപ്പെടുന്നു. ആകെയുള്ള ചികിത്സാച്ചെലവിന്റെ പത്തു ശതമാനത്തിലധികം അമിതവണ്ണത്തോടനുബന്ധിച്ച രോഗാസ്വസ്ഥതകൾക്കായിട്ടുള്ളതാണെന്ന വസ്തുത ആരോഗ്യപ്രവർത്തകരെ ഭീതിയുടെ മുൾമുനയിൽ നിർത്തുന്നു. വണ്ണം കുറയ്ക്കാനുള്ള ബാറിയാട്രിക് സർജറികളുടെ എണ്ണം കേരളത്തിൽ കൂടുകയാണ്. രണ്ടു വർഷംമുമ്പ് 30 ശസ്ത്രക്രിയകൾ നടത്തിയിരുന്ന സ്ഥാപനത്തിൽ ഇപ്പോൾ അത് 60 ആയി ഉയർന്നു. രണ്ടുമുതൽ അഞ്ചുവരെ ലക്ഷം രൂപ ചെലവു വരുന്ന ശസ്ത്രക്രിയയാണിതെന്നോർക്കണം. ചെറുപ്പക്കാരിലേക്കും കുട്ടികളിലേക്കുംവരെ വണ്ണം കുറയ്ക്കുന്ന ഈ സർജറി വ്യാപിച്ചുകൊണ്ടിരിക്കുന്നു.



എന്തുകൊണ്ടാണ് കേരളീയർ മഹാരോഗികളും മാറാരോഗികളുമായിത്തീരുന്നത് എന്ന ചോദ്യത്തിന് ഒരുത്തരമേയുള്ളൂ. ജീവിത-ഭക്ഷണശൈലികളിൽ സംഭവിച്ച പ്രതികൂലമായ മാറ്റങ്ങൾതന്നെ. മലയാളികളുടെ പരമ്പരാഗത ജീവിതശൈലിയിലെ ഗുണമേന്മകളെ സൗകര്യപൂർവം ഉപേക്ഷിച്ച് അനാരോഗ്യകരമായ 'ന്യൂജെൻ' ശീലങ്ങൾ സ്വീകരിച്ചപ്പോൾ ആരോഗ്യപരിപാലനത്തിന്റെ സന്തുലിതാവസ്ഥ താളം തെറ്റുകതന്നെ ചെയ്തു.

അർബുദബാധ വിഷലിപ്തമായ ഭക്ഷണപദാർത്ഥങ്ങൾ കഴിക്കുന്നതിന്റെ പരിണതഫലമാണെന്ന് അടുത്തകാലത്തു നടന്ന പല നിരീക്ഷണങ്ങളും തെളിയിച്ചു. പച്ചക്കറികളിലും പഴവർഗങ്ങളിലും തളിക്കുന്ന കീടനാശിനികൾ, മാംസത്തിൽ കുത്തിവയ്ക്കുന്ന മരുന്നും ഹോർമോണുകളും, മത്സ്യം കേടാകാതിരിക്കാൻ ചേർക്കുന്ന അമോണിയ ഇവയൊന്നുമില്ലാതെ മലയാളികൾക്കു ശുദ്ധമായ മറ്റെന്തു ഭക്ഷണം ലഭിക്കുമിന്ന്? അത്യാഹിതങ്ങളോ അപകടങ്ങളോ സംഭവിക്കുമ്പോൾ മാത്രം കഷ്ടിച്ച് എത്തിനോക്കുന്ന ഭരണാധികാരികൾ! ഹോട്ടലുകളിലും പൊതുസ്ഥലത്തും വിൽക്കപ്പെടുന്ന ഭക്ഷണപദാർത്ഥങ്ങൾക്കുമേൽ യാതൊരു 'ക്വാളിറ്റി കൺട്രോൾ' നിബന്ധനകളും ചുമത്താത്ത ഒരു ഭരണകൂടം ഇന്ത്യയിലല്ലാതെ മറ്റെവിടെയുണ്ട്? രോഗങ്ങൾ പകർച്ചവ്യാധികൾപോലെ വന്നിട്ട് മരണഭീതിയോടെ നെട്ടോട്ടമോടുന്നതിനു പകരം അതിനെ പ്രതിരോധിക്കുന്ന ക്രിയാത്മകമാർഗങ്ങളാരായാൻ ശ്രദ്ധ ചെലുത്തുന്ന എന്തു സംവിധാനമുണ്ടിവിടെ? ഹൃദ്രോഗം 85 ശതമാനംവരെ പ്രതിരോധിക്കാനുള്ള മാർഗങ്ങൾ ഗവേഷണനിരീക്ഷണങ്ങളിലൂടെ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടെന്നു പറഞ്ഞാൽ അതെന്തൊക്കെയാണെന്നു ചോദിച്ചുവരുന്നവർ എത്ര പേരുണ്ട്? സംശയിക്കേണ്ട, ആരോഗ്യകേരളത്തിന്റെ പ്രയാണം അപകടങ്ങളിലേക്കുതന്നെ. ഇതിനു നാം വലിയ വില കൊടുക്കേണ്ടിവരും!

നരവംശശാസ്ത്രജ്ഞരുടെ കണ്ടുപിടിത്തങ്ങളുടെ വെളിച്ചത്തിൽ മനുഷ്യൻ അടിസ്ഥാനപരമായി സസ്യഭുക്കാണെന്നും, എന്നാൽ, സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ മാംസവും ഭക്ഷിക്കാൻ നിർബന്ധിതനായെന്നും തെളിവുകൾ സ്ഥിരീകരിക്കുന്നു. ഉഷ്ണപ്രദേശങ്ങളിലുള്ളവർ സസ്യാഹാരം കൂടുതലായി കഴിച്ചപ്പോൾ തണുപ്പുള്ള പ്രദേശങ്ങളിലുള്ളവർ കടുത്ത ശീതകാലത്തെ അതിജീവിക്കാനുള്ള പരിചയായി കൂടുതൽ കൊഴുപ്പടങ്ങിയ മാംസാഹാരത്തിൽ അഭയം തേടി. ഭക്ഷണം വിശപ്പകറ്റാൻ മാത്രമല്ല, ആസ്വദിക്കാനുംകൂടിയുള്ളതാണെന്ന തിരിച്ചറിവിലൂടെ മനുഷ്യൻ ഭക്ഷണശാസ്ത്രത്തിനു പുതിയ നിർവചനങ്ങൾ നൽകി. അങ്ങനെയാണ് നാവിൽ രസമൂറുന്ന ആധുനിക പാചകകലകൾ ജന്മംകൊണ്ടത്.

അപ്പോൾ പ്രകൃതിതത്ത്വങ്ങൾക്കു വിപരീതമായി പോഷണശാസ്ത്രത്തെ മാറ്റിമറിച്ച മനുഷ്യനു കാലാന്തരത്തിൽ രോഗപീഡകൾ ഒന്നൊന്നായി വന്നുപെടുമെന്നു പറയുന്നതായിരിക്കും ശരി. വിശപ്പു മാറ്റാൻ മാത്രമല്ല, ആസ്വദിക്കാൻകൂടിയുള്ളതാണു ഭക്ഷണം എന്ന ചിന്ത ആധുനികമനുഷ്യനെ രോഗാതുരതയിലേക്കു വലിച്ചിഴച്ചു. വിചിത്രമായ ഭക്ഷണവിഭവങ്ങൾക്കു പിറകേ അവൻ വെറിപൂണ്ട് ഓടിത്തുടങ്ങി. വാഗ്ഭടന്റെ അഷ്ടാംഗഹൃദയത്തിൽ പറയുന്നതു കേൾക്കുക: 'സർവേഷാമേവ രോഗാണാം നിദാനം കുപിതാ മലാ:, തൽപ്രകോപസ്യതു പ്രോക്തം വിവിധാഹിത സേവനം' - എല്ലാ രോഗങ്ങൾക്കും കാരണം കുപിതങ്ങളായ ദോഷങ്ങളാണ്. അവയുടെ കോപത്തിനുള്ള കാരണമാകട്ടെ അഹിതങ്ങളായ ആഹാരവിഹാരങ്ങളും.

മനുഷ്യശരീരവ്യവസ്ഥയെ താങ്ങിനിർത്തി, അതിനു സന്തുലിതവും സുദൃഢവുമായ ആരോഗ്യം പ്രദാനം ചെയ്യുന്ന നാലു സ്തംഭങ്ങളായി ആയുർവേദാചാര്യന്മാർ വിശേഷിപ്പിക്കുന്നത് ഭക്ഷണം, ഉറക്കം, വ്യായാമം, മിതമായ ലൈംഗികത എന്നിവയാണ്. ഇവയുടെ ലഭ്യത സമുചിതമായാൽ സമ്പൂർണമായ സ്വാസ്ഥ്യമാണ് ഫലം. മറിച്ചായാൽ രോഗാതുരതയിലേക്കു ശരീരം വലിച്ചഴയ്ക്കപ്പെടും. ഈ നാലു സ്തംഭങ്ങളിൽ പ്രഥമസ്ഥാനത്ത് ഭക്ഷണം സ്ഥാനംപിടിച്ചിരിക്കുന്നു. കാരണം, മനുഷ്യജീവന്റെ ഊർജസ്രോതസ്സ് ഭക്ഷണം തന്നെ. ശരീരയന്ത്രം കേടുപാടു കൂടാതെ പ്രവർത്തിക്കാൻ ആഹാരലഭ്യത സമൃദ്ധവും സന്തുലിതവുമാകണം.

ഭക്ഷണച്ചിട്ടകളിലുള്ള മലയാളിയുടെ ആക്രാന്തം പ്രസിദ്ധമാണ്. എപ്പോഴും വെട്ടിവിഴുങ്ങാൻ സന്നദ്ധമാണ് മലയാളിയുടെ ആമാശയം. എന്നാൽ, എത്ര കണ്ടു കഴിക്കണമെന്നതിനെപ്പറ്റി വാഗ്ഭടന്റെ അഷ്ടാംഗഹൃദയത്തിൽ പറയുന്നുണ്ട്, വയറിന്റെ പകുതി നിറയാൻ മാത്രം ഖരപദാർത്ഥങ്ങളും കാൽഭാഗം നിറയാൻ മാത്രം ദ്രാവകാഹാരങ്ങളും കഴിക്കാം. വയറിലുള്ള ബാക്കി ഭാഗം ഒഴിച്ചിടണം. ഭക്ഷണം ശരീരത്തിന് അമൃതാണ്. അതു ഗുണത്തിലും അളവിലും കഴിക്കേണ്ട രീതിയിൽ ആസ്വദിച്ചാൽ സമ്പൂർണാരോഗ്യമാണു ഫലം, മറിച്ചായാൽ രോഗങ്ങളും. ■

## മഹാപ്രഭോ, വന്ദനം



തെരേസ പീറ്റർ

വാനവും ഭൂമിയും സൃഷ്ടിച്ചൊരുക്കി
അവയിലായദ്ഭുതദൃശ്യങ്ങൾ ചേർത്ത്
ജീവകുലത്തിന്നു മംഗളമരുളും
സ്നേഹപിതാവിനെ കൈവണങ്ങുന്നു.

പരമാണുതന്നിലു, മോരോരോ ജീവ-
ജാലവൃന്ദങ്ങൾക്കുമുതകുന്ന മട്ടിൽ
തവ ജീവശക്തിതൻ ജ്വാല ചെലുത്തി
പാലിക്കും നാഥനെ കൈവണങ്ങുന്നു.

സുഖദുഃഖം തിരതല്ലും ഇക്കർമഭൂവിൽ
സകലേശസൃഷ്ടികൾ കണ്ടു വസിപ്പാൻ
സൗഭാഗ്യജന്മത്തെ വരദാനമായി-
ട്ടേകിയ സർവ്വേശാ, കൈവണങ്ങുന്നു.

അഖിലേശ, സ്നേഹസ്വരൂപാ, നമിപ്പൂ
വിസ്മയപ്പൊരുളേ, സൗഭാഗ്യദാതാവേ,
സർവഗുണത്തിന്നുടയോനുമായ
നന്മസ്വരൂപനെ കൈവണങ്ങുന്നു.



# സഹനവഴിയിൽ വിരിഞ്ഞ നിർമലസൂനങ്ങൾ






ആഷ്‌ലി ടെസ് ജോൺ

**"ഓ,** എന്തൊരു ശേലാ, ഈ അഞ്ചു പെൺപിള്ളേരുമായി നടക്കുന്നതു കാണാൻ." ഈ കമന്റ് കേൾക്കുമ്പോഴൊക്കെയും സിനി കരങ്ങൾ നെഞ്ചോടു ചേർക്കും. എട്ടു വർഷത്തെ കാത്തിരിപ്പിനുശേഷം വീട്ടിൽ വിരിഞ്ഞ വസന്തത്തെയോർത്ത് നിശ്ശബ്ദമായി സ്വർഗത്തിനു നന്ദി പറയും.

"ചെറുപ്പത്തിലേ കിട്ടിയ ജോലി, ജിജിയുമായുള്ള വിവാഹം, ഇതെല്ലാം കഴിഞ്ഞ് മക്കളുണ്ടാവാതായപ്പോൾ വലിയ വിഷമമായിരുന്നു." കോട്ടയം ജില്ലയിലെ വെള്ളികുളത്തെ 'വളയത്തിൽ' വീട്ടിലെ പെൺകിലുക്കങ്ങൾക്കിടയിൽനിന്നു സിനി സംസാരിച്ചുതുടങ്ങി. ചെറിയ ചെറിയ ചികിത്സകൾക്കുശേഷം എട്ടാം വർഷമാണ് ഞാൻ ആദ്യമായി പ്രഗ്നന്റ് ആയത്. അന്നെനിക്ക് മുപ്പത്തിമൂന്നു വയസ്സുണ്ട്. ഈശോ കുരിശേറിയ പ്രായം അല്ലേ? പ്രതീക്ഷിക്കാതെ പെയ്ത സങ്കടങ്ങളുടെ തോരാമഴയ്ക്കിടയിലാണ് ആദ്യത്തെ കുഞ്ഞ് ക്രിസ്റ്റി പിറന്നത്. ജിജിയുടെ പേരിലുണ്ടായ ഒരു കേസ് ജീവിതത്തിന്റെ സന്തോഷങ്ങളത്രയും ചോർത്തിക്കളഞ്ഞത് പെട്ടെന്നായിരുന്നു. ജോലിയിൽനിന്നു ജിജിക്കു മാറിനിൽക്കേണ്ടി വന്നു. മനസ്സു തളരാതെ പ്രാർത്ഥനകൊണ്ടു പിടിച്ചുനിന്ന നാളുകൾ. അപ്പോഴും ഒത്തിരി മക്കൾ വേണമെന്ന ജിജിയുടെ കാഴ്ചപ്പാടിനു മാറ്റമൊന്നും വന്നില്ല. 'ജിയ' രണ്ടാമത്തെ മോൾ, 'ജന്ന' മൂന്നാമത്തെയാൾ. 'അമ്മയ്ക്കു വയസ്സായില്ലേ, അപ്പോൾ രണ്ടു പേരെ ഒരുമിച്ചു കിട്ടുന്നതല്ലേ എളുപ്പം?' എന്നും പറഞ്ഞ് മൂത്തവൾ പ്രാർത്ഥിച്ചു നേടിയതാണ് ഈ ഇരട്ടക്കുട്ടികളെ – നേവയും ഈവയും.

"കുഞ്ഞുങ്ങളെ പ്രസവിച്ചതു ഞാനാണെങ്കിലും ജിജിയാണവരുടെ അമ്മ. ആ നെഞ്ചിലെ ചൂടറിഞ്ഞാണവർ വളർന്നത്. സ്കൂളിൽ പോകുന്ന തിരക്കിൽ ഞാൻ മറന്നതെല്ലാം ജിജി അവർക്കു കൊടുത്തിട്ടുണ്ട്. ഇട്ടെറിഞ്ഞു ഞാൻ പോകുമ്പോൾ കണ്ടറിഞ്ഞെല്ലാം ചെയ്യാൻ ജിജിയുള്ളതാണെന്റെ ഭാഗ്യം, ആശ്വാസവും." സിനി നിഷ്കളങ്കമായി ചിരിച്ചു.

"നമ്മൾ വിലപിടിച്ചതെന്നു കരുതുന്നവയെല്ലാം വെറും മൺപാത്രങ്ങൾപോലെയാണ്. അധികാരം, സൗന്ദര്യം, ആത്മാഭിമാനം എല്ലാം. എപ്പോൾ വേണമെങ്കിലും ഉടഞ്ഞുതീരാം. യൗവനത്തിൽത്തന്നെ എല്ലാം തിരിച്ചറിഞ്ഞതുകൊണ്ട്, സഹനങ്ങളൊക്കെ നിസാരമായി തോന്നുകയാണിപ്പോൾ." ജിജി പറഞ്ഞുതുടങ്ങി. "എട്ടു മക്കളിലെ അഞ്ചാമനാണു ഞാൻ. കുഞ്ഞുങ്ങളെ ഒത്തിരി ഇഷ്ടമാണ്. അഞ്ചു കുഞ്ഞുങ്ങളെങ്കിലും വേണമെന്ന് ആഗ്രഹിച്ചിരുന്നു. കിട്ടാതായപ്പോ വേദന തോന്നിയിട്ടുണ്ട്. ദൈവത്തിന്റെ ഇഷ്ടം എന്നു കരുതി ആശ്വസിച്ചു. അപ്പോഴാണ് എട്ടു വർഷങ്ങൾക്കുശേഷം ക്രിസ്റ്റിയെത്തുന്നത്. പിന്നാലെ നാലു പെൺകുഞ്ഞുങ്ങൾകൂടി... ദൈവത്തിന്റെ മഹത്ത്വം നിറയുകയാണു വീട്ടിൽ. പിന്നെ, ജീവിതമല്ലേ, സഹനങ്ങളുണ്ടാവും, കൂടെ സന്തോഷങ്ങളും. ഒരു പാനപാത്രവും എടുത്തുമാറ്റാനുള്ളതല്ല, കുടിച്ചുതീർക്കാനുള്ളതാണെന്ന് ഇപ്പോഴെനിക്കറിയാം. എന്തുവന്നാലും നമ്മുടെ പ്രിയപ്പെട്ടവർ കൂടെയുള്ളപ്പോൾ സന്തോഷത്തോടെ ഹല്ലേലുയ്യാ പാടി എന്തിനെയും സ്വീകരിക്കാനാവും. സിനി എന്റെ ഭാഗ്യമാണ്. അവൾ എന്നിലർപ്പിക്കുന്ന വിശ്വാസം, ചെയ്യുന്ന കാര്യങ്ങളോടുള്ള വിശ്വസ്തത, ജീവിതത്തോടുള്ള പ്രത്യാശ, എല്ലാം പലപ്പോഴും എനിക്കതിശയമായി തോന്നിയിട്ടുണ്ട്. നാലു പ്രസവവും സിസേറിയനായിരുന്നു, ഒരു ബുദ്ധിമുട്ടും പറഞ്ഞിട്ടില്ല. മക്കളെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതും അവരുടെ കഴിവുകളെ വളർത്തുന്നതുമെല്ലാം എപ്പോഴും ഞങ്ങൾ ഒരുമിച്ചാണ്. സിനിയും മക്കളും എന്റെ അഭിമാനമാണ്. ഈ കുടുംബമെന്റെ സന്തോഷവും." ജിജി പറഞ്ഞുനിർത്തുമ്പോൾ ദാമ്പത്യത്തിന്റെ വിശ്വസ്തതയിലൂടെ സ്ത്രീയുടെയും പുരുഷന്റെയും ഇടയിൽ രൂപപ്പെടുന്ന ഗാഢവും നിർമലവുമായ ചില സ്നേഹതലങ്ങൾ നമുക്കും വെളിപ്പെട്ടുകിട്ടുന്നുണ്ട്.

"എല്ലാം തികഞ്ഞിട്ടു മതി മക്കളെന്ന് ഒരിക്കലും വിചാരിച്ചിട്ടില്ല. തന്നപ്പോഴെല്ലാം ഇരുകൈയും നീട്ടിയാണു സ്വീകരിച്ചത്. മക്കളോടൊപ്പം ഞങ്ങൾ എന്നും കുർബാനയ്ക്കു പോവും. ബൈബിൾ പഠിക്കും. കുട്ടികളുടെ ആട്ടവും പാട്ടും കൊഞ്ചലും ചിരിയുമായി വീടു ബഹളംകൊണ്ടു നിറയും. ക്രിസ്റ്റി ഒൻപതിലാണു പഠിക്കുന്നത്. എല്ലാക്കാര്യത്തിലും എനിക്കു സപ്പോർട്ടാണവൾ. നന്നായി വായിക്കും. ജന്ന സ്നേഹപ്രകൃതിയാണ്. കുട്ടികളെ കൈകാര്യം ചെയ്യാൻ മിടുക്കു കൂടുതലാണവൾക്ക്. കുസൃതിക്കുരുന്നാണ് ജന്ന. നേവയും ഈവയും ഇപ്പഴേ എല്ലാം പങ്കുവച്ചുതുടങ്ങി.

ഒരാൾ എപ്പോഴും മറ്റെയാളെ അന്വേഷിക്കും. ദൈവം തന്ന സമ്മാനങ്ങളാണിവർ. ആ കൃപയോർത്തു നന്ദി പറയാത്ത ദിനങ്ങളില്ല. ഇന്നലെകളെയോർത്തു വ്യാകുലപ്പെടുന്നില്ല. നാളെയെന്താവുമെന്നോർത്ത് ആകുലപ്പെടുന്നുമില്ല. അടുപ്പുതീയുടെ മുകളിലെരിഞ്ഞാലല്ലേ അപ്പമുണ്ടാവൂ." സിനിയുടെ വാക്കുകളിൽ അതിജീവിച്ചവളുടെ ആത്മധൈര്യം മുഴങ്ങി.



*വെള്ളികുളം വളയത്തിൽ വീട്ടിൽ ജിജിയും സിനിയും മക്കളോടൊപ്പം*

സ്നേഹത്തിന്റെ സൂര്യവെളിച്ചത്തിലേക്കു കൈകൾ നിവർത്തി ജിജിയും സിനിയും നിൽക്കുമ്പോൾ അവരുടെ ഉടലുകൾക്ക് കുരിശാകൃതിയാണ്. ക്രിസ്തു വേന്തിയ സഹനത്തിന്റെ അതേ കുരിശ്, ഉത്ഥാനത്തിന്റെയും.

■

---

**കേരളത്തിലെ കാട്ടുമൃഗങ്ങൾ**

■ മാത്യൂസ് ആർപ്പൂക്കര

# കുറുനരി

**ര**ണ്ടടിയോളം ഉയരവും ഏതാണ്ട് അതേ നീളവും ശരാശരി മൂന്നു കിലോയോളം തൂക്കവുമുള്ള വനജീവിയാണ് കുറുനരി. പേരു സൂചിപ്പിക്കും പോലെ കുറുക്കന്മാരിൽ കുറുകിയവരാണ് കുറുനരികൾ. കേരളത്തിലെ വനങ്ങളിലും വനത്തോടുചേർന്ന പ്രദേശങ്ങളിലും കാണപ്പെടുന്നു. തുറസ്സായ പ്രദേശങ്ങളിലും കുറ്റിക്കാടുകളിലുമാണു താമസം. കേരളത്തിലെ കാടുകളിൽ ഇവ അത്യപൂർവമായേ കാണുന്നുള്ളൂ.

ഇതിന്റെ വാലിനറ്റം കറുത്ത നിറത്തിലാണ്. ശരീരത്തിലെ രോമങ്ങൾ തീരെ നീളം കുറഞ്ഞിട്ടാണ്. ഉയർന്നുനില്ക്കുന്ന ചെവികൾ കുറുനരികളുടെ സവിശേഷതതന്നെ. ഇവ ചൂടുകാലാവസ്ഥയും തണുപ്പുകാലാവസ്ഥയുമായി ചേർന്നുപോകുന്നു. മങ്ങിയ നിറമുള്ള കുറുനരികൾ സൂത്രശാലികളാണ്, കുറുക്കന്മാരെപ്പോലെ. പകലും രാത്രിയും സഞ്ചരിക്കാറുണ്ട്. മൈതാനക്കാടുകളാണ് ഇഷ്ടം. പല വാതിലുകളുള്ള പൊത്തുകളിലാണ് താമസിക്കാനിഷ്ടപ്പെടുക. ഈ പോതുകളിൽ പകൽനേരത്ത് ഉറങ്ങുന്നു. സന്ധ്യയാകുമ്പോൾ ഇര തേടി വെളിയിൽ വരുന്നു. ചെറു സസ്തനികൾ, ഇഴജന്തുക്കൾ, ഷഡ്പദങ്ങൾ ഇവയൊക്കെ പഥ്യം. എലികളെ തിന്നുന്നതുകൊണ്ട് കർഷകരുടെ മിത്രമാണിവ. മികച്ച ഓട്ടക്കാരനായതുകൊണ്ട് പല തകൃതികൾ കാട്ടി ശത്രുക്കളിൽനിന്നു രക്ഷപ്പെടുന്നു. വേഗമില്ലാതെ ഓടുമ്പോൾ വാല് നിലത്തുകൂടി ഇഴയുന്നു. വേഗം കൂടുമ്പോൾ വാൽ തിരശ്ചീനമാകുന്നു. ഗർഭകാലം രണ്ടു മാസം. ഒരു പ്രസവത്തിൽ നാലു കുഞ്ഞുങ്ങൾവരെ കാണും.

കുറുനരി ഇര പിടിക്കുക സൂത്രത്തിലൂടെയാണ്. മണം പിടിക്കാനുള്ള കഴിവും ഇരയെ പതിയിരുന്ന് ആക്രമിക്കാനുള്ള വിരുതും കുറുനരിയെ കൗശലക്കാരനാക്കുന്നു. വംശനാശഭീഷണി നേരിടുന്ന വന്യജീവിയാണിവ.



# ഒരുക്കിയെടുക്കണം ഒരുമയുള്ള കുടുംബം



സി. ഡോ. ജോവാൻ
ചുങ്കപ്പുര എം. എം. എസ്.



സ്വന്തം മക്കളെ മറ്റുകുട്ടികളുമായി താരതമ്യം ചെയ്യുകയും വിലയിരുത്തുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്ന രക്ഷിതാക്കൾ നമ്മുടെയിടയിൽ ധാരാളമുണ്ട്. ഇതിലൂടെ നീയോ ഞാനോ വലുത് എന്ന സമീപനരീതി കുട്ടികളിൽ വളർന്നേക്കാം. പരസ്പരം അസൂയയും വഴക്കും വിദ്വേഷവും പൊരുത്തക്കേടുകളും ഇതുമൂലം കുട്ടികളിൽ ഉടലെടുക്കുന്നു. ചില കുട്ടികളിൽ അനാരോഗ്യകരമായ മാത്സര്യ പ്രവണതയും രൂപപ്പെടാനിടയുണ്ട്. ജോലിയില്ലായ്മ, മാനസികസമ്മർദം തുടങ്ങിയ അവസ്ഥകളിലൂടെ കടന്നുപോകുന്നവർ തങ്ങളെക്കാൾ മുതിർന്നവരുടെ സൗഹൃദം തേടുകയും അവരുടെ ആഗ്രഹങ്ങൾക്കനുസൃതമായി നീങ്ങുകയും ചെയ്യാം. പിന്നീട് അവർ ലൈംഗികമായും അല്ലാതെയുമുള്ള ദുരുപയോഗത്തിനും ചൂഷണത്തിനും വിധേയരാകുന്നു. ഇത്തരം കുട്ടികളെ നിയന്ത്രിച്ചു വളർത്താൻ മാതാപിതാക്കൾക്കു കഴിയാറില്ല.

തങ്ങളുടെ കുട്ടികളോടു തുല്യമായ നീതി പുലർത്താൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. എന്റെ കഴിവ് രണ്ടാമനുണ്ട്, ഇളയവൻ അമ്മയെപ്പോലെയാ, അത്ര പോരാ, മൂത്തവൻ മിടുക്കനാ, അവൻ നന്നായി പരിശ്രമിക്കും, പഠിക്കും എന്നൊന്നും കുട്ടികളെ വേർതിരിച്ചു സംസാരിക്കരുത്. കഴിവ് അല്പം കുറവുണ്ടെന്നു കരുതുന്നവനെ കൂടുതൽ ചേർത്തുനിർത്തി അവനിലും കഴിവും ആത്മവിശ്വാസവും വളർത്തിയെടുക്കണം. ഒരാളോടുള്ള അധികക്കരുതൽ ഒരു കരുതൽശേഖരമായിക്കൊള്ളണമെന്നില്ല. ചിലപ്പോൾ വലിയ പ്രാധാന്യം കല്പിക്കാത്ത മകനോ മകളോ ആയിരിക്കാം ആപത്ഘട്ടത്തിൽ രക്ഷിതാക്കൾക്കു കൂടുതൽ തുണയായി മാറുന്നത്. ആര് ആരൊക്കെ എവിടെയൊക്കെ എങ്ങനെയൊക്കെ ആയിത്തീരുമെന്ന് ആർക്കറിയാം? ഭക്ഷണം, വസ്ത്രം, മരുന്ന് എന്നിങ്ങനെ ഓരോരുത്തരുടെയും ആവശ്യങ്ങൾ കണ്ടറിഞ്ഞ് അതതു തലങ്ങളിൽ ഒരുപോലെ എല്ലാ മക്കൾക്കുമായി നൽകണം. അവർക്ക് ഒരുപോലെ വളരാനുള്ള മൂല്യങ്ങളാണു പകർന്നു നല്കേണ്ടത്.

ഓരോ കുട്ടിക്കും ഓരോ പ്രകൃതമാണുള്ളത്. രക്ഷിതാക്കൾ ചെയ്യേണ്ടത് എല്ലാവരോടും ശാന്തതയോടെ മാത്രം ഇടപെടുക, ബലഹീനരായവരെ ശക്തീകരിക്കുക. കുടുംബത്തിലെ പൊതുജോലികൾ എല്ലാവർക്കും പ്രാപ്തിക്കനുസൃതമായി വിഭജിച്ചു നൽകുകയും സ്നേഹത്തോടെ ചെയ്തുതീർക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുക. വീട്ടിലും വിദ്യാലയത്തിലും ജോലിസ്ഥലത്തും സത്യവും നീതിയും പാലിക്കാൻ പഠിപ്പിക്കുകയും ശ്രദ്ധിക്കുകയും വേണം. നിന്റെ കുറ്റംകൊണ്ടോ തെറ്റുകൊണ്ടോ കുറവുകൊണ്ടോ മറ്റാർക്കും ഒരു തരത്തിലുമുള്ള പ്രശ്നങ്ങളുമുണ്ടാകാൻ ഇടവരരുത് എന്നു കുട്ടികളെ ബോധ്യപ്പെടുത്തിക്കൊടുക്കണം. കുട്ടികളുടെ കാര്യത്തിൽ അനാസ്ഥ പുലർത്തിയിട്ട് സർവകാര്യങ്ങൾക്കും കുറ്റപ്പെടുത്തലും ശിക്ഷ കല്പിക്കലും നടത്തുന്നത് ഒരിക്കലും ശരിയല്ല.

ചോദിച്ചുവാങ്ങാൻ സാമർത്ഥ്യമില്ലാത്തവനു നല്ല സാധനങ്ങൾ കൊടുക്കാതിരിക്കരുത്. നീ പഠിക്കണമെന്നില്ല, വീട്ടിലെ ജോലിയും കൃഷിയും നോക്കി നടത്തിയാൽ മതി നിനക്കതൊക്കെയേ പറഞ്ഞിട്ടുള്ളൂ എന്നൊക്കെ തരംതാഴ്ത്തിപ്പറഞ്ഞ് അവഹേളിക്കരുത്. ആൺകുട്ടിയെങ്കിൽ ഉപരിപഠനം വേണം, പെൺകുട്ടിയെങ്കിൽ അത്ര വേണ്ട, അവളെ കല്യാണം കഴിച്ചങ്ങു വിട്ടാൽ മതി എന്നൊക്കെയുള്ള താരതമ്യതീർപ്പുകൾ ഒഴിവാക്കി എല്ലാ മക്കളെയും ഒരുപോലെ കാണാനും വളർത്താനും പഠിപ്പിക്കാനും രക്ഷിതാക്കൾ തയ്യാറാകണം. എല്ലാ മക്കളോടും ഒരുപോലെ ന്യായവും നീതിയും സമത്വവും പാലിക്കുന്നതിൽ മാതാപിതാക്കൾ ജാഗരൂകരായി നിലകൊള്ളണം. 'കയ്യൂക്കുള്ളവൻ കാര്യക്കാരൻ' എന്ന നിലപാടു മാറ്റിയെടുക്കാം. എല്ലാവരെയും ഒരുമിച്ചുചേർത്തു നിർത്തി നന്മയും സ്നേഹവും വിളയുന്ന നല്ല കുടുംബങ്ങൾ നമുക്കു വളർത്തിയെടുക്കാം. ■

# പഞ്ചഗുസ്തിക്കു കളമൊരുങ്ങി

ഒന്നാം പേജ് തുടർച്ച

അതുപോലെതന്നെയാണു പഞ്ചാബിലെ കാര്യവും. കാർഷികനിയമങ്ങൾ പാസാക്കിയതിന്റെ തൊട്ടു പിന്നാലെ ബിജെപി സഖ്യവും കേന്ദ്രമന്ത്രിസ്ഥാനവും ഉപേക്ഷിച്ചുപോയ അകാലിദളും ബിജെപിയുടെ ആശങ്ക ഇരട്ടിപ്പിക്കുന്നുണ്ട്. പഞ്ചാബിൽനിന്ന് സഖ്യപോരാട്ടത്തിൽ ഒരു നീക്കമല്ലാതെ കാര്യമായൊന്നും ബിജെപിക്കു പ്രതീക്ഷിക്കാനില്ല. തിരഞ്ഞെടുപ്പുപോരാട്ടം പ്രധാനമായും കോൺഗ്രസും ശിരോമണി അകാലിദളും പിന്നെ ഒരു വശത്തുനിന്ന് ആം ആദ്മി പാർട്ടിയും തമ്മിലാണ്. ആം ആദ്മി പാർട്ടി ഇത്തവണ പഞ്ചാബിൽ കോൺഗ്രസിനു വലിയ വെല്ലുവിളി ഉയർത്തുകതന്നെ ചെയ്യും. ലോക്സഭ എംപി ഭഗവന്ത് മാനെ മുഖ്യമന്ത്രിസ്ഥാനത്തേക്ക് ഉയർത്തിക്കാട്ടിയാണ് ആം ആദ്മി പാർട്ടി മത്സരിക്കുന്നത്. പഞ്ചാബിൽ കോൺഗ്രസിനുള്ളിലാകട്ടെ തമ്മിലടി തീർന്ന സമയവുമില്ല. നവജ്യോത് സിങ് സിദ്ദു നിരന്തരം പരിധി വിട്ടു കളിക്കുന്ന കളികളും ചരൺ ജീത് ചന്നി സർക്കാരിനുള്ളിലെ അസ്വസ്ഥതകളും കോൺഗ്രസിന്റെ തലവേദനകളാണ്.

അടുത്തയിടെ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ഫിറോസ്പൂരിലേക്കുള്ള യാത്രാമധ്യേ ഭട്ടിൻഡയിലെ ഫ്ളൈ ഓവറിൽ വച്ചുണ്ടായ സുരക്ഷാവീഴ്ച പഞ്ചാബിലും ഉത്തർപ്രദേശിലും ബിജെപി പ്രധാന തിരഞ്ഞെടുപ്പുപ്രചാരണ ആയുധമാക്കി മാറ്റുമെന്ന കാര്യത്തിൽ സംശയമില്ല. കാർഷികനിയമങ്ങളുടെ പേരിലുണ്ടായ പ്രതിച്ഛായാനഷ്ടം ഈ സംഭവത്തിലൂടെ മറികടക്കാനുള്ള തന്ത്രംതന്നെയാണ് ബിജെപി പയറ്റുന്നത്. പ്രധാനമന്ത്രിയെ അപായപ്പെടുത്താൻ ശ്രമിച്ചു എന്നൊരു ആരോപണം കർഷകരുടെ നേരേ തിരിച്ചുവിട്ടാൽ കർഷകസമരം ചൂണ്ടിയുള്ള വിമർശനങ്ങളുടെ മുനയൊടിക്കാമെന്നാണ് ബിജെപിയുടെ കണക്കുകൂട്ടൽ.

ഉത്തരാഖണ്ഡിൽ മുഖ്യമന്ത്രിമാരെ മാറ്റിയുള്ള പരീക്ഷണത്തിനു പിന്നാലെയാണു തിരഞ്ഞെടുപ്പു നടക്കുന്നത്. കോൺഗ്രസിന്റെ ഇടർച്ചകൾ മുതലെടുക്കാമെന്നാണ് ബിജെപിയുടെ കണക്കുകൂട്ടൽ. ഉത്തരാഖണ്ഡിലും കോൺഗ്രസിനുള്ളിൽ ഇനിയും പരിഹാരം കണ്ടെത്താനാകാത്ത നേതൃപ്രശ്നങ്ങളുണ്ട്.

മണിപ്പൂരിൽ പക്ഷേ, ഇത്തവണ ബിജെപിക്കു വലിയ വെല്ലുവിളികളുണ്ട്. അയൽസംസ്ഥാനമായ നാഗാലാൻഡിൽ 14 പേർ സുരക്ഷാ ഉദ്യോഗസ്ഥരുടെ വെടിയേറ്റു മരിച്ച സംഭവം ബിജെപിക്കു തിരിച്ചടിയാകും. അതോടൊപ്പം ബിജെപിയുടെ സഖ്യകക്ഷികൾതന്നെ അഫ്സ്പ നിയമത്തിനെതിരേ രംഗത്തെത്തിയിട്ടുണ്ട്. മണിപ്പൂരിൽ കോൺഗ്രസിന്റെയും പ്രധാന തിരഞ്ഞെടുപ്പു പ്രചാരണവിഷയം അഫ്സ്പ വിരോധംതന്നെയാണ്.



തിരഞ്ഞെടുപ്പു നടക്കുന്ന സംസ്ഥാനങ്ങളിൽ കോൺഗ്രസിന് അല്പമെങ്കിലും പ്രതീക്ഷയുള്ളത് പഞ്ചാബിൽ മാത്രമാണെന്നു വ്യക്തമാണ്. ഗോവയിലോ 15 വർഷം അധികാരത്തിലിരുന്ന മണിപ്പൂരിലോ പാർട്ടിക്ക് അട്ടിമറി മുന്നേറ്റങ്ങൾ ഉണ്ടാക്കാനുള്ള ഒരു സാധ്യതയും നിലവിലില്ല. യുപിയിൽ എഐസിസി ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധിയുടെ നേതൃത്വത്തിലാണ് തിഞ്ഞെടുപ്പുനീക്കങ്ങൾ. ഇവിടെ കോൺഗ്രസിന്റെ പ്രചാരണമുഖവും പ്രിയങ്കതന്നെയാണ്. നിലവിൽ മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കോൺഗ്രസിനു വലിയ ആഭ്യന്തരകലഹങ്ങൾ ഇല്ലാത്ത ഒരു സംസ്ഥാനം യുപിയാണ്. പക്ഷേ, അഖിലേഷ് യാദവിന്റെ നേതൃത്വത്തിൽ സമാജ്‌വാദി പാർട്ടി ബിജെപിയുമായി നേരിട്ട് ഏറ്റുമുട്ടുമ്പോൾ കോൺഗ്രസ് കൂടുതൽ സീറ്റുകളിൽ ഒറ്റയ്ക്കു മത്സരിക്കുന്നത് ബുദ്ധിയാകില്ല. പ്രിയങ്കയുടെയും രാഹുലിന്റെയും തിരഞ്ഞെടുപ്പുറാലികൾക്കോ പ്രചാരണങ്ങൾക്കോ തടിച്ചു കൂടുന്ന ആളുകൾ വോട്ടു നൽകാൻ മനസ്സു വയ്ക്കുന്നില്ല എന്നത് കഴിഞ്ഞ നിയമസഭാതിരഞ്ഞെടുപ്പിൽ വ്യക്തമായതാണ്.

ബിജെപിയെ എതിരിടാൻ പ്രധാനമായും മൃദുഹിന്ദുത്വം തന്നെയാണ് കോൺഗ്രസ് സ്വീകരിച്ചിരിക്കുന്ന അടവ്. ജയ്പൂരിൽ രാഹുൽ ഗാന്ധി നടത്തിയ ഹിന്ദു, ഹിന്ദുത്വ പരാമർശം ഇതിന്റെ ഒരു ഭാഗം മാത്രമായിരുന്നു. അയോധ്യാ ക്ഷേത്രനിർമാണം ഉൾപ്പെടെ ചൂണ്ടിക്കാട്ടി ബിജെപി യുപിയിൽ പ്രചാരണം കൊഴുപ്പിക്കുമ്പോൾ വാരണാസി സന്ദർശിച്ചും ഗംഗയിൽ മുങ്ങിയും തങ്ങളും ഒട്ടുംതന്നെ പിന്നിലല്ലെന്നു കാണിച്ചാണ് കോൺഗ്രസും കുതിക്കുന്നത്. ■



നോവൽ 24

# ഒരു കാറ്റുപോലെ

വിനായക് നിർമ്മൽ

"അളിയനോ? അളിയനിതെപ്പോ വന്നു?" സോജനെ കണ്ട് സനൽ അദ്ഭുതപ്പെട്ടു.

"വല്ലപ്പോഴുമൊക്കെ ഇതുപോലെ ഒന്നു വരണേ എന്റെ അളിയാ.. അളിയന്റെ പെങ്ങള് - എന്റെ സ്മിത - പോയാലും ഇവിടെ ഞങ്ങളൊക്കെയില്ലേ... എത്രനാളാ ഇങ്ങനെ ആരും വരാതേം ആരേം കാണാതേം.. വല്ലാത്തൊരു അവസ്ഥയാ എന്റെ അളിയാ അത്. അനുഭവിക്കുന്നോർക്കു മാത്രേ അതറിയൂ."

സനലിന്റെ സ്വരം ഇടറിയിരുന്നു. സനലിനെ കണ്ടപ്പോൾ മനസ്സിൽ തോന്നിയ ദേഷ്യം ഇപ്പോൾ സോജന്റെ ഉള്ളിൽനിന്ന് അലിഞ്ഞു. ദുർബലനായ ഒരു മനുഷ്യൻ. ആരും താങ്ങില്ലാതെ പോയവൻ. ഒറ്റയ്ക്കു നില്ക്കാൻ കരുത്തില്ലാത്ത ഒരു ചെടി. അതാണ് സനൽ. അങ്ങനെയൊരു ചിത്രമാണ് സോജന്റെ മനസ്സിലേക്കു കടന്നുവന്നത്. പറയാൻ വന്ന വാക്കുകളെല്ലാം എവിടെയോ മാഞ്ഞുപോകുന്നതുപോലെ...

"ഇതെന്തൊരു കോലമാ സനലേ?" സനലിനെ അടിമുടി നോക്കിക്കൊണ്ട് സോജൻ ചോദിച്ചു. സനലിനു മദ്യത്തിന്റെ മണമുണ്ടായിരുന്നു.

"നിനക്കിതെന്നാ പറ്റിയെ?"

"എനിക്കെന്തു പറ്റാൻ.." സനൽ ചിരിച്ചു.

"ഈ വീട്ടിൽ പിള്ളേർക്കു കഴിക്കാൻ എന്തെങ്കിലുമുണ്ടോ? പ്രായം ചെന്ന ഒരു മനുഷ്യൻ അകത്തു കിടപ്പില്ലേ? അങ്ങേർക്ക് ഒരു നേരമെങ്കിലും വച്ചുവിളമ്പിക്കൊടുക്കാൻ നിനക്കു പറ്റുന്നുണ്ടോ? പോകാനുള്ളവരു പോയി. തിരിച്ചുകൊണ്ടുവരാനൊന്നും പറ്റുകേലല്ലോ. പക്ഷേ, അതിനെക്കാൾ സങ്കടം നീയിങ്ങനെയായിപ്പോയതാ."

"അതുമാത്രം അളിയൻ പറയരുത്. ഞാൻ പിന്നെ ഇതൊക്കെ ആർക്കുവേണ്ടിയാ വാങ്ങിക്കൊണ്ടുവന്നിരിക്കുന്നെ?" സനൽ വരാന്തയിൽ വച്ചിരിക്കുന്ന സാധനങ്ങളുടെ നേർക്കു വിരൽ ചൂണ്ടി.

"ഇതെല്ലാം എന്റെ പിള്ളേർക്കും ചാച്ചനും വേണ്ടിയാ. കണ്ടോ, ബ്രെഡ്, ജാം, ചപ്പാത്തി, കാടമുട്ട, പഴം... എന്റെ ബെച്ചുക്കുട്ടന് ബുൾസൈയാ ഇഷ്ടം. അത് ഞാനുണ്ടാക്കും. മഞ്ഞയുണ്ണി പൊട്ടിക്കാതെ കുരുമുളകുപൊടിയൊക്കെയിട്ട്.. പിന്നെ ഓംലെറ്റ്... അതും ഞാനുണ്ടാക്കും, എന്റെ ദയക്കുട്ടിക്ക്. ഉപ്പുകൂടിയാലും മുട്ട കരിഞ്ഞാലും എന്റെ മോള് ഒരു കുറ്റോംപറയില്ല. അവള് പറയും പപ്പ ഉണ്ടാക്കുന്നതിനൊക്കെ നല്ല ടേസ്റ്റാണെന്ന്. ചുമ്മാ, ഒരു ടേസ്റ്റും കാണില്ല. ചിലപ്പോ കരിഞ്ഞുപോകും. ഉപ്പുകൂടിപ്പോകും. എന്നാലും അവളു പറയും സൂപ്പറാന്ന്. എനിക്കറിയാം എന്നെ സങ്കടപ്പെടുത്തണ്ടാന്നുവച്ച് അവളു പറയുന്നതാന്ന്. മോളേ. ദയക്കുട്ടീ," സനൽ അകത്തേക്കു നോക്കി വീണ്ടും വിളിച്ചു. സോജനെ അനുസരിക്കണോ എതിർക്കണോ എന്ന് ഒരു നിമിഷം സംശയിച്ചു നിന്ന ദയ പിന്നെ മടിച്ചുമടിച്ചു വരാന്തയിലേക്കു വന്നു.

"മോളിതൊക്കെ അകത്തു കൊണ്ടുപോയി വച്ചേ... എന്നതാന്നുവച്ചാ എടുത്തുകഴിച്ചോണം. മോനെന്ത്യേ? അവനും കൊടുത്തോണം. അല്ലാ മോള് അങ്കിളിന് വല്ലതും കൊടുത്തായിരുന്നോ."

"ഇല്ല..." ദയ മറുപടി പറഞ്ഞു.

"ശ്ശോ! കഷ്ടമായിപ്പോയല്ലോ. മോള് അങ്കിളിന് ഒരു ചായയിട്ടു കൊടുക്ക്. പിന്നെ രണ്ടു ഗ്ലാസ് പപ്പയ്ക്കും സുമൻ അങ്കിളിനും..."

"സനൽ..." സോജന് വീണ്ടും ദേഷ്യം വന്നു.

"ഇപ്പോത്തന്നെ ആവശ്യത്തിൽ കൂടുതൽ വലിച്ചുകേറ്റിയിട്ടുണ്ടല്ലോ. അതുംപോരാഞ്ഞാണോ വീട്ടിലും?"

സോജൻ സ്വരമുയർത്തി.

"അളിയൻ വിചാരിക്കുന്നതുപോലെയൊന്നുമില്ല. സനൽ സാർ ഓക്കെയാ."

"മിണ്ടരുത് നീ." സോജൻ സുമനു നേരേ ചൂണ്ടുവിരലുയർത്തി.

"നീയൊറ്റ ഒരുത്തനാ ഇവനെ ഈ നിലേൽ ആക്കിയത്. ചാഞ്ഞു നില്ക്കുന്നതിൽ ഓടിക്കയറാൻ മിടുക്കനാ നീ. ഇങ്ങനെയൊരു അവസ്ഥയിൽ കഴിയുന്ന മനുഷ്യനെത്തന്നെ വേണം നിനക്കു നശിപ്പിക്കാൻ അല്ലേ? അതിരുമാന്തി അതിരുമാന്തി നീ നിന്റെ പറമ്പിന്റെ വിസ്തീർണ്ണം കൂട്ടി. ഇനീം ഉണ്ടോ നിന്റെ മനസ്സില് വേറേ വല്ലതും?"

"ങ് ഉണ്ടെടോ. തനിക്കെന്താ തടസ്സപ്പെടുത്താൻ പറ്റുമോന്നു നോക്ക്. മോളേ ദയാ, രണ്ടു ഗ്ലാസ്." സുമൻ അധികാരമുള്ളവനെപ്പോലെ വിളിച്ചുപറഞ്ഞു. ഏതിനും തയ്യാറാണെന്ന മട്ടിലായിരുന്നു സുമൻ.

"സനൽ ഇതു തീക്കളിയാ.. നീ നശിക്കും. ഈ കുടുംബം നശിക്കും. ഈ കുട്ടികളുടെ ഭാവി നശിക്കും."

സോജൻ ആകുലതയോടെ പറഞ്ഞു.

"ഇനിയെന്തു നശിക്കാൻ?" സനൽ നിസ്സഹായതയോടെ കൈകൾ മലർത്തി.

"എല്ലാം പോയില്ലേ? എല്ലാം നശിച്ചില്ലേ... എന്നോട് ഒന്നും പറയാതെ ആദ്യം അവളു പോയി. എന്റെ സ്മിത. പിന്നെ എന്റെ വാക്കിന്റെ കൂർത്തുമൂർത്ത മുനയേറ്റ് എന്റെ അമ്മ പോയി."

"അതെ, പോയി. സത്യം. പക്ഷേ, പിന്നെയുമില്ലേ നിനക്ക് ജീവിതം? ഈ നില്ക്കുന്ന കുട്ടികൾ." സോജൻ പിന്നിലേക്കു വിരൽ ചൂണ്ടി. "അകത്തു വയ്യാതായിക്കിടക്കുന്ന നിന്റെ ചാച്ചൻ... മനസ്സമാധാനത്തോടെ മരിക്കാനെങ്കിലും അങ്ങേർക്ക് നീയൊരു അവസരം കൊടുക്ക്."

"എനിക്കുള്ളതേ കൊടുക്കാൻ കഴിയൂ." ആത്മനിന്ദയോടെ സനൽ പറഞ്ഞു.

"ആ സമാധാനം ആരാ തകർത്തെ? ആരാ ഇല്ലാതാക്കിയെ? സമാധാനം ഉണ്ടാക്കുന്നതും തകർക്കുന്നതും സാഹചര്യമല്ല നമ്മളാ. ഇവിടെ ഈ കുടുംബത്തിന്റെ സമാധാനം തകർത്തതു നീയാ, നീ മാത്രം... എന്നിട്ടു പറയുന്നതു കേട്ടില്ലേ, ഉള്ളതേ കൊടുക്കാൻ പറ്റൂ എന്ന്. ജോലിയില്ലാതെ നീയെങ്ങനെ ജീവിക്കും, എത്രനാൾ? ഈ പറമ്പ് തുണ്ടംതുണ്ടം മുറിച്ചുവിറ്റാണോ നീയിപ്പോ ജീവിക്കുന്നെ? അങ്ങനെയെങ്കീ അവസാനം ഈ കുട്ടികളെയുംകൊണ്ട് നീ എവിടെപ്പോകും?"

"എല്ലാരും ഒരിക്കൽ പോകും, ഒരിടത്തേക്ക്. അവിടേക്ക് ഞാനും പോകും. എന്റെ മക്കളെയുംകൂട്ടി."

സോജൻ നടുങ്ങിപ്പോയി. ഒടുവിൽ സനൽ കണ്ടെത്തിയിരിക്കുന്ന മാർഗം അതാണോ, ആത്മഹത്യ?

"മരണം വരുമൊരുനാൾ ഓർക്കുക മർത്ത്യാ നീ..."

സനൽ പാട്ടുപാടിക്കൊണ്ട് വരാന്തയിലേക്കിരുന്നു. അയാൾ കരയുന്നുണ്ടോയെന്ന് സോജൻ സംശയിച്ചു. ഇതുവരെ സനലിനോടു തോന്നിയിരുന്ന സഹതാപം വീണ്ടും ദേഷ്യമായി.

"നീയൊരു ആണ് ആണോടാ? നാണംകെട്ടവൻ. എന്റെ പെങ്ങള് ഒരു തെറ്റേ ചെയ്തുള്ളൂ. നിന്നെ വിവാഹം കഴിക്കാൻ ഇഷ്ടമാണെന്നു പറഞ്ഞു. പക്ഷേ, അന്നുമുതൽ അവൾക്കു നീയൊരു സ്വസ്ഥതേം സമാധാനോം കൊടുത്തിട്ടില്ലെന്ന് എനിക്കിപ്പഴാ മനസ്സിലായെ. നിന്നെക്കുറിച്ച് അവളൊരു വാക്ക് കുറ്റം പറയാത്തത് അവളുടെ മനസ്സിന്റെ നന്മ. ഇങ്ങനെയെന്നാത്തിനാടാ മണ്ണിനും ചുണ്ണാമ്പിനും കൊള്ളുകേലാത്തതുപോലെ നീയൊക്കെ ജീവിച്ചിരിക്കുന്നെ.. പോടാ. പോയി ചാക്. നിനക്കൊക്കെ അതാ പറഞ്ഞേക്കുന്നത്. പക്ഷേ, ഈ കുട്ടികളുണ്ടല്ലോ അവരെ ഞാൻ നിനക്കു വിട്ടുതരില്ല. നിന്നെപ്പോലെയുള്ള ഒരുത്തന്റെകൂടെ ജീവിച്ച് നിന്നെപ്പോലെയാക്കാൻ ഞാൻ അവരെ സമ്മതിക്കുകേലാ, അവരെ ഞാൻ കൊണ്ടുപോവാ."

ആ വാക്കുകേട്ട് ദയയും ബെഞ്ചമിനും നടുങ്ങി.

"എന്റെ വീട്ടിലേക്ക്. എന്റെ പിള്ളേർക്കൊപ്പം അവരിനി അവിടെ ജീവിക്കും. എതിർക്കാമെങ്കിൽ നീ എതിർക്ക്."സോജൻ തിരിഞ്ഞ് ദയയോടു പറഞ്ഞു:

"സുബോധം ഇല്ല മോളേ നിന്റെ പപ്പയ്ക്ക്. നിങ്ങളെ ഇവിടെയിങ്ങനെ ഇട്ടിട്ടു പോയാൽ അങ്കിളിന് പിന്നെ സമാധാനത്തോടെ ഉറങ്ങാൻ കഴിയില്ല. അതും ഇവനെപ്പോലെയൊക്കെയുള്ളവന്മാര് ചുറ്റുവട്ടത്തുള്ളപ്പോ."

സുമനെ നോക്കിയാണ് സോജൻ അതുപറഞ്ഞത്. ജോസഫ് കുറച്ചുനേരംമുമ്പ് തന്നോടു പറഞ്ഞവാക്കുകളും സോജന്റെ മനസ്സിലേക്കു തികട്ടിവന്നു.

"ഈ പിള്ളേരെ കൊണ്ടുപോകാൻ തനിക്കെന്നതാടോ അവകാശം?" സുമൻ തർക്കിച്ചു.

"നിന്റെ ഉദ്ദേശ്യം എന്താണെന്ന് എനിക്കറിയാം. മിണ്ടരുതു നീ." സോജൻ പല്ലുകടിച്ചുകൊണ്ടു പറഞ്ഞു. വിടർത്തിനിന്ന പത്തി താഴ്ത്തി സുമൻ പെട്ടെന്നു നിശ്ശബ്ദനായി.

"പുസ്തകമോ ഉടുപ്പോ എന്നതാന്നുവച്ചാ എടുത്തോ." സോജൻ കുട്ടികളോടു പറഞ്ഞു.

"ഞങ്ങള് വരുന്നില്ല അങ്കിളേ, ദയ അറിയിച്ചു.

"പപ്പേ..." ദയ കരഞ്ഞുകൊണ്ട് ഓടിവന്ന് സനലിനെ കെട്ടിപ്പിടിച്ചു. പിറകേ ബെഞ്ചമിനും.

"പപ്പേ വിട്ട് ഞങ്ങള് ഒരിടത്തോട്ടുമില്ല."

സനൽ മക്കളെ രണ്ടു പേരെയും തന്നോടു ചേർത്തണച്ചു ചുംബിച്ചു.

"സാരമില്ല. മക്കള് പൊയ്ക്കോ. അവിടെയാകുമ്പോ വയറുനെറച്ച് കഴിക്കാൻ കിട്ടും. നല്ല നല്ല പലഹാരങ്ങള്. ഇവിടെ എന്നും ബ്രഡും ജാമും ഓംലെറ്റും... മക്കള് മടുത്തില്ലേ?"

"ഞങ്ങൾക്ക് വേറേയൊന്നും വേണ്ട. പപ്പേ വിട്ട് ഞങ്ങള് പോകില്ല." ദയ ആവർത്തിച്ചു.

"മക്കൾക്ക് പപ്പേ ഇഷ്ടമില്ലേ? പപ്പയോടു സ്നേഹമില്ലേ?" സനൽ ചോദിച്ചു

"ഉം..." ദയയും ബെഞ്ചമിനും കരഞ്ഞുകൊണ്ട് തലകുലുക്കി.

"പപ്പയല്ലാതെ ഞങ്ങൾക്കു വേറെയാരാ ഉള്ളെ?"

"എങ്കില്, പപ്പേ മക്കൾക്ക് ഇഷ്ടമാണെങ്കില് പപ്പ പറയുന്നത് മക്കള് അനുസരിക്കണം. അനുസരിക്കില്ലേ?"

"ഉം..." അതിനും കുട്ടികൾ തലകുലുക്കി.

"മക്കള് അങ്കിളിന്റെകൂടെ പോണം. അതാ മക്കൾക്കു നല്ലത്. പപ്പ വെറും വേസ്റ്റാ, ഒന്നിനും കൊള്ളാത്തവൻ. ഒരു കഴിവുമില്ലാത്തവൻ. പപ്പേടെകൂടെ ജീവിച്ച് എന്റെ മക്കളുടെ ജീവിതോം അങ്ങനെയാകും. അതുണ്ടാകരുത്. എന്റെ മക്കള് വലിയവരാകണം. മിടുക്കരാകണം. അതിന് അങ്കിള് പറഞ്ഞതാ ശരിയായ മാർഗം. പപ്പയോട് സ്നേഹമുണ്ടെങ്കിൽ മക്കള് പോകണം."

ആ നിബന്ധനയ്ക്കു മുമ്പിൽ ദയയും ബെഞ്ചമിനും നിസ്സഹായരായി. ദയ പെട്ടെന്ന് ജോസഫിന്റെ കിടക്കയ്ക്കരികിലേക്കോടി. ജോസഫ് എല്ലാം കേട്ടുകൊണ്ടു കിടക്കുകയായിരുന്നു.

"അപ്പച്ചാ, പപ്പ പറഞ്ഞതുകേട്ടോ? ഞങ്ങളെ പറഞ്ഞുവിടല്ലേയെന്നു പറ അപ്പച്ചാ."

ദയ ജോസഫിനോട് അപേക്ഷിച്ചു.



"അതു നന്നായി മോളേ, അത് നന്നായി." ജോസഫ് നെഞ്ചു പൊടിഞ്ഞുകൊണ്ട് പറഞ്ഞു.

"ഇനിയെന്റെ മക്കളെയോർത്ത് ഈ കിളവനു പേടിക്കണ്ടല്ലോ, സങ്കടപ്പെടണ്ടല്ലോ. കാണാതിരിക്കുന്നതിന്റെ സങ്കടം മാത്രമല്ലേയുള്ളൂ. അത് ഞാൻ സഹിച്ചോളാം. അല്ലെങ്കിൽ അരനാഴികനേരംകൂടിയല്ലേയുള്ളൂ. അപ്പച്ചൻ മരിച്ചെന്നറിയുമ്പോ വന്നാ മതി എന്റെ മക്കള്. മക്കള് പൊയ്ക്കോ. മക്കള് പൊയ്ക്കോ. ഉമ്മ തന്നിട്ട് മക്കള് പൊയ്ക്കോ..."

ദയയും ബെഞ്ചമിനും പൊട്ടിക്കരഞ്ഞുകൊണ്ട് ജോസഫിനെ ഉമ്മവച്ചു. ജോസഫും കരയുകയായിരുന്നു.

തന്റെ പൊന്നുമക്കൾ.. ജോസഫിന്റെ നെഞ്ച് വിങ്ങി.

"അപ്പച്ചാ," ശബ്ദം കേട്ട് ജോസഫ് കണ്ണുകൾ തുറന്നു

സോജൻ.

ജോസഫ് സോജനു നേരേ കരങ്ങൾ കൂപ്പി.

"നന്ദിയുണ്ട്, നന്ദിയുണ്ട്. എന്റെ മക്കളെ കൊണ്ടുപോകുന്നതിന്. സോജാ ഒരു കാര്യം കൂടി..."

അതെന്താണെന്ന് സോജൻ ജോസഫിനെ നോക്കി.

▶12

# പങ്കുവയ്പിനൊരു പുതിയ പാഠം



മേഴ്സിക്കുട്ടി എബ്രഹാം

മലയാളികൾക്ക് കൂട്ടായ്മകളെപ്പറ്റി നന്നായറിയാം. ഞായറാഴ്ചകളിൽ കുടുംബക്കൂട്ടായ്മകളുണ്ട്. ഇടവകതലത്തിൽ സ്നേഹക്കൂട്ടായ്മകളുണ്ട്.

ഈയടുത്ത കാലത്ത് ഫേസ്ബുക്കിൽ ഒരു വക്കീൽ ഭക്ഷണക്കൂട്ടായ്മയെപ്പറ്റി എഴുതിക്കണ്ടു. അദ്ദേഹം താമസിക്കുന്നത് തൃശൂരാണ്. അവരുടെ വീടിനു സമീപമുള്ള ആറു വീട്ടുകാർ ഒരു കൂട്ടായ്മ ഉണ്ടാക്കി: ഒരു വീട്ടിൽ ഭക്ഷണമുണ്ടാക്കുക; മറ്റ് അഞ്ചു വീടുകളിലും എത്തിച്ചുനൽകുക. മാസാവസാനം ചെലവായ തുക - അതായത്, അരി, പച്ചക്കറി, മീൻ, ഇറച്ചി തുടങ്ങി വീട്ടുസാധനങ്ങളുടെ തുകയും ഗ്യാസ്, വെള്ളം, കറന്റ് എന്നിവയ്ക്കു ചെലവായ തുകയും ഒന്നോ രണ്ടോ ജോലിക്കാർക്കുള്ള ശമ്പളവും എല്ലാംകൂടിയ തുക കണക്കു കൂട്ടി തുല്യമായി വിഭജിക്കുക.

വായിച്ചപ്പോൾ നല്ല കാര്യമാണെന്ന് എനിക്കും തോന്നി. നമ്മുടെ മുൻധനമന്ത്രി ഈ കൂട്ടായ്മയെ പിന്തുണയ്ക്കുകയുമുണ്ടായി. പല നേട്ടങ്ങളും ചെറിയ ദോഷങ്ങളും ഇതിലുണ്ട്.

നേട്ടങ്ങളെപ്പറ്റി ചിന്തിച്ചപ്പോൾ സീനിയർ സിറ്റിസണായ എന്നെപ്പറ്റിയാണ് ആദ്യമോർത്തത്. ഞാനും ഭർത്താവും തനിച്ചാണു താമസം. മക്കളൊക്കെ ദൂരസ്ഥലങ്ങളിലാണ്. പല ദിവസങ്ങളിലും ഞങ്ങൾ ഹോട്ടലുകളിൽനിന്നു ഭക്ഷണം വരുത്താറുണ്ട്; പ്രത്യേകിച്ച്, വല്ല അതിഥികളും വന്നാൽ. ഞങ്ങളെപ്പോലെയുള്ളവർ ധാരാളം ഇന്നു കേരളത്തിലുണ്ട്. പ്രായമായ സ്ത്രീയോ പുരുഷനോ ഒറ്റയ്ക്കു താമസിക്കുന്ന വീടുകളുമുണ്ട്.

ഈ സാഹചര്യത്തിൽ അടുത്തുള്ള അഞ്ചോ ആറോ വീട്ടുകാർ ഒന്നിച്ച് ഏതെങ്കിലുമൊരു വീട്ടിൽ ഭക്ഷണം ഉണ്ടാക്കിയാൽ ഭക്ഷണമെത്തിക്കാനെങ്കിലും ആളുകൾ വീടുകളിലെത്തും, വീട്ടിലുള്ളവരെപ്പറ്റി അറിയും. ഇപ്പോൾ പ്രായമായവർ വീട്ടിൽ ഉറുമ്പരിച്ചുകിടന്നാൽപ്പോലും അയൽക്കാർ അറിയുകയില്ലല്ലോ.

ഉദ്യോഗസ്ഥരെ സംബന്ധിച്ചും ഈ കൂട്ടായ്മ നല്ലതാണ്. ജോലിക്കുപോകുന്ന സ്ത്രീകൾ രാവിലെ എന്തെല്ലാം ചെയ്യണം? ഇപ്പോൾ ഭർത്താക്കന്മാരും സഹകരിക്കാറുണ്ട്. എന്നിരുന്നാലും, കുട്ടികളെ പഠിപ്പിക്കലും കുളിപ്പിക്കലും ഭക്ഷണം കൊടുക്കലുമെല്ലാം കഴിഞ്ഞ് വീട്ടിൽനിന്നിറങ്ങുമ്പോൾ മിക്കവാറും താമസിക്കും. രാവിലത്തെ ഭക്ഷണവും ഉച്ചയ്ക്കത്തേക്കുള്ള ചോറും കറിയും മറ്റും വീട്ടിൽ കിട്ടിയാൽ നല്ലതല്ലേ? അല്പം സാവധാനത്തിൽ ജീവിതം മുന്നോട്ടു കൊണ്ടുപോകാം.

പണലാഭത്തെപ്പറ്റിയും ചിന്തിക്കണം. അടുത്തുള്ള ആറു വീടുകളിൽ ഗ്യാസ് കത്തിച്ച് ഭക്ഷണം പാകം ചെയ്യേണ്ട. സാധനങ്ങൾ ഒന്നിച്ചുവാങ്ങിയാൽ ലാഭം കിട്ടും. ജോലിക്ക് ഒരാൾ മതി. ഇതൊരു വലിയ നേട്ടമല്ലേ? ഈ കൂട്ടായ്മയിൽ ആർക്കെങ്കിലും അല്പം സാമ്പത്തികവിഷമതകളുണ്ടെങ്കിൽ അവർക്കു ഭക്ഷണം നൽകുന്നത് ഒരു കാരുണ്യപ്രവൃത്തിയുംകൂടിയാണ്. വിവാഹവാർഷികം, കുട്ടികളുടെ പിറന്നാൾ, ആദ്യകുർബാന, വിവാഹം ഇവയെല്ലാം ആഘോഷിക്കാം. നടക്കാനും സഹകരിക്കാനും പ്രായമായവർക്കു സാധിക്കുന്നില്ലെങ്കിൽപ്പോലും ഈ സന്തോഷത്തിൽ പങ്കുചേരാം. ഏതെങ്കിലുമൊരു വീട്ടിൽ നല്ല കൈപ്പുണ്യമുള്ള ഭക്ഷണം തയ്യാറാക്കാൻ സന്നദ്ധതയുള്ളവരുണ്ടെങ്കിൽ അവരുണ്ടാക്കുന്ന നല്ല ഭക്ഷണം മറ്റുള്ളവർക്കും രുചിക്കാം. ഇതു നടപ്പാക്കാൻ ചില ബുദ്ധിമുട്ടുകളും ഉണ്ടാകാം. ഒന്നാമതായി അയൽവീട്ടുകാർ ഏറെക്കുറെ സമാനചിന്താഗതിക്കാരായിരിക്കണം. നല്ലൊരു നേതൃത്വം വേണം. പങ്കുവയ്ക്കുന്നത് സ്നേഹമാണെന്ന തിരിച്ചറിവു വേണം. അയൽക്കാരെ ഒരു കൈ സഹായിക്കാമെന്ന മനസ്സു വേണം. ചെറുപ്പക്കാർ മുന്നോട്ടു വരണം.



തൃശൂരുകാരിയായ വക്കീൽ എഴുതിയത്, അവരുടെ ഭക്ഷണക്കൂട്ടായ്മ വളരെ നന്നായി മുന്നോട്ടുപോകുന്നുവെന്നാണ്. തന്റെ കേസുകളെപ്പറ്റി കൂടുതൽ പഠിക്കാനും കുട്ടികളെ പഠിപ്പിക്കാനും ഹോംവർക്കുകൾ ചെയ്യിക്കാനുമെല്ലാം സമയം കിട്ടുന്നു. രാവിലെതന്നെ ഒരു ദിവസത്തേക്കുള്ള ഭക്ഷണം കാസറോളുകളിൽ അടച്ചു വൃത്തിയായി വീട്ടിൽ കിട്ടുന്നു. മാസാവസാനം പണമടച്ചാൽ മതി. ചെലവുകൾ വളരെ കുറഞ്ഞു. എന്തെങ്കിലും കഴിക്കുക എന്ന രീതി മാറി കൃത്യസമയത്ത് നല്ല ഭക്ഷണം കഴിക്കാൻ തുടങ്ങി. ആരോഗ്യസ്ഥിതി മെച്ചപ്പെട്ടു. ഈ നവീനാശയത്തെപ്പറ്റി എല്ലാവരും ഉണർന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

---

# ഈശോ

## FROM THE BIBLE



ഫാ. തോമസ് പാട്ടത്തിൽചിറ CMF

## ④ പലായനം

പാതിരാവിൽ പരദേശത്തേക്കു പ്രാണരക്ഷാർത്ഥം ഒരു പലായനം. കുഞ്ഞായിപ്പിറന്ന രക്ഷകനെ വൈരിയുടെ വാൾത്തലയിൽനിന്നു രക്ഷിക്കാൻ കച്ചിക്കിടക്കയിൽനിന്നെടുത്ത് കച്ചക്കീറിൽ പൊതിഞ്ഞു പിടിച്ചുകൊണ്ടുള്ള പാവം രക്ഷിതാക്കളുടെ പരക്കംപാച്ചിൽ. മിഴിതുറന്ന മാത്രയിൽ ആ പൊടിക്കുഞ്ഞിന്റെ മുന്നിൽ തെളിഞ്ഞത് ഭയത്തിന്റെ നിഴൽ. ജീവദായകനു ജനിച്ചുവീണപ്പോൾത്തന്നെ ജീവാപായം. ഒരുപിടി ഓർമപ്പെടുത്തലുകളും താക്കീതുകളും നല്കുന്ന ഒരു ഓടിപ്പോകലായിരുന്നു അത്. വിനാശകരങ്ങളായ സകല സാഹചര്യങ്ങളിൽനിന്നും അകന്നുപോകാനുള്ള ആഹ്വാനവുമായിട്ടാണ് അവൻ വന്നത്. അവന്റെ അനുഗാമികളായ നമ്മുടെ വിശ്വാസജീവിതത്തിൽ പിശാചിന്റെ പദ്ധതികൾ കാലേകൂട്ടി മനസ്സിലാക്കാനുള്ള പാടവം പല വ്യക്തികളിലൂടെയും അവസരങ്ങളിലൂടെയും ദൈവം നല്കുന്നുണ്ട്. അവയെ യഥോചിതം തിരിച്ചറിയാനും അവയോടു ക്രിയാത്മകമായി പ്രതികരിക്കാനും കഴിയുക എന്നതാണു പ്രധാനം. ആത്മീയജീവിതത്തിൽ ശത്രുവിന്റെ കെണികളായി ഭവിക്കുന്ന അപായങ്ങളിൽനിന്നെല്ലാം പ്രതിനിമിഷം ഒരു പലായനം നമുക്കാവശ്യമാണ്.

പലായനത്തിന്റെ പാതയിൽ വലിയ പാലനത്തിന്റെ വല വിരിച്ചിട്ടുണ്ട്. നമുക്കു തുണയായവന്റെ തണലിലൂടെയായിരിക്കും തീർച്ചയായും നമ്മുടെ പ്രയാണം. കർത്താവിന്റെ കരുതുന്ന കരങ്ങൾ നാം അനുഭവിച്ചറിഞ്ഞ അവസരങ്ങളുടെ ഏതെങ്കിലുമൊരു അധ്യായം ആയുസ്സിന്റെ പുസ്തകത്തിലുണ്ടാവും. ദൈവം നമുക്കായി മാത്രം നിയോഗിച്ച ആരുടെയൊക്കെയോ ആകുലതകളും പ്രയത്നങ്ങളും പ്രാർത്ഥനകളും അതിന്റെ പിന്നിൽ ഉണ്ടായിരുന്നില്ലേ? ജീവനു ഭീഷണിയായി വന്ന അത്യാഹിതങ്ങളാൽ ഒരുപക്ഷേ, നാം വെറുമൊരു ഓർമയായി മാറാമായിരുന്നു. എന്നാൽ, ഇന്നും നാം ജീവിക്കുന്നത് കണ്ണിലെ കൃഷ്ണമണിപോലെ നമ്മെ കാക്കുന്ന ഒരു ദൈവം നമുക്കു പിന്നിൽ ഉള്ളതുകൊണ്ടു മാത്രമാണ്. ആത്മീയജീവിതത്തിൽ ചിലപ്പോൾ വർഷങ്ങളായി നമ്മെ വിട്ടുമാറാത്ത പാപത്തിന്റെ ബന്ധനം, അല്ലെങ്കിൽ വല്ലാതെ വേട്ടയാടുന്ന സമാനമായ മറ്റേതെങ്കിലും പൈശാചികവിപത്തുകൾ എന്നിവയിൽനിന്നൊക്കെ കരകയറാൻ നാം നടത്തിയ പരിശ്രമം ആത്മാവിന്റെ പ്രാണൻ പരിരക്ഷിക്കാനുള്ള നമ്മുടെ പലായനത്തിന്റെ ഭാഗമായിരുന്നു. മേലിലും പാപസാഹചര്യങ്ങളിൽനിന്ന് ഓടിയകലാൻ ധൈര്യപ്പെടാം. ഓട്ടം ക്ലേശപൂർണമാണെങ്കിലും തലയ്ക്കുമീതേ തമ്പുരാൻ ഉണ്ടെന്നോർക്കാം. ഒപ്പം, നമ്മുടെ പരിപാലനയിൽ ദൈവം ഏല്പിച്ചിരിക്കുന്നവരെ സംരക്ഷിക്കാം. അവരുടെയൊക്കെ തോളിനൊരു താങ്ങാകാം. ആർക്കും അപായഹേതുവാകാതിരിക്കാം. അകറ്റുന്നവരല്ല; മറിച്ച്, അടുപ്പിക്കുന്നവരാകാം. ഭീഷണിയുടെ ഭാഷണമല്ല, പിന്നെയോ, സാന്ത്വനത്തിന്റെ സംഭാഷണമാണ് നമുക്ക് ഇനിമേൽ ഭൂഷണമാകേണ്ടത്. ■

---




(11-ാം പേജ് തുടർച്ച)

"ഇപ്പോ ഫലത്തിൽ ആരുമില്ലാത്തോരാ എന്റെ കുഞ്ഞുങ്ങള്. അവരെ പൊന്നുപോലെ നോക്കിക്കോണേ സോജാ. പൊയ്ക്കോ.. എന്റെ മക്കള് പൊയ്ക്കോ. നല്ലതേ വരൂ. ഈശോയുണ്ടാവും കൂട്ട്..." ജോസഫ് അവരുടെ തലയിൽ കൈകൾ വച്ചു.

ഇനി ആരുടെയടുത്തും തങ്ങൾക്കാശ്രയമില്ലെന്ന് ദയയ്ക്ക് മനസ്സിലായി. അവൾ സങ്കടത്തോടെ തങ്ങളുടെ പാഠപുസ്തകങ്ങളും ഉടുപ്പും ബാഗിലേക്ക് അടുക്കിവച്ചുകൊണ്ടിരുന്നു. കണ്ണീരു കാരണം അവൾ പലപ്പോഴും ബുദ്ധിമുട്ടുന്നുണ്ടായിരുന്നു.

"പപ്പാ," ബാഗുമെടുത്ത് ദയ ബെഞ്ചമിന്റെ കൈയ്ക്കു പിടിച്ചു വീണ്ടും സനലിന്റെ അടുക്കലെത്തി. പപ്പ അവസാനനിമിഷത്തിലെങ്കിലും പോവണ്ടായെന്ന് പറഞ്ഞിരുന്നുവെങ്കിൽ... അവളതാഗ്രഹിച്ചിരുന്നു. അവളുടെ പ്രാർത്ഥന മുഴുവൻ അതായിരുന്നു. പക്ഷേ...

"മക്കള് സന്തോഷത്തോടെയിരിക്ക്. പപ്പ വന്നോളാം. കാണണമെന്നു തോന്നുമ്പോഴെല്ലാം. അല്ലെങ്കിൽ എന്റെ മക്കള് ഇവിടെയൊക്കെത്തന്നെയുണ്ടല്ലോ പപ്പേടെ കൺമുമ്പിൽത്തന്നെ, പപ്പേടെ ചങ്കില്.. പിന്നെയെന്നാത്തിനാ പപ്പ വരുന്നെ? പൊയ്ക്കോ... പൊയ്ക്കോ..."

നെഞ്ചുതിരുമ്മിക്കൊണ്ട് സനൽ അകത്തേക്കു പോയി.

"വാ മക്കളേ," ബെഞ്ചമിന്റെ കൈയ്ക്കു പിടിച്ച് സോജൻ ഗെയ്റ്റിങ്കലേക്കു നടന്നു. ദയ പിറകോട്ടുതിരിഞ്ഞ് വീടിനെ നോക്കിനില്ക്കുകയായിരുന്നു.

തന്റെ വീട് തനിക്കില്ലാതായിരിക്കുന്നു. പപ്പയും അമ്മയുമുണ്ടായിരുന്ന വീട്. പപ്പയുടെയും അമ്മയുടെയും സ്നേഹത്തിൽ ജീവിച്ചിരുന്ന വീട്. ആദ്യം അമ്മ പോയി.. പിന്നെ വല്യമ്മച്ചി പോയി. ഇപ്പോഴിതാ തങ്ങളും.

"ചേച്ചീ..." ബെഞ്ചമിൻ വിളിച്ചു.

ആ വിളി അനുസരിച്ച് ഏങ്ങലടിച്ചുകൊണ്ട് ദയ സോജനെ അനുഗമിച്ചു.

തുടരും



# നിലാവെഴുതിയ ചിത്രങ്ങൾ



ജോസ് വഴുതനപ്പിള്ളി

**നി**ലാവെളിച്ചം പക്ഷിമൃഗാദികളെയും മനുഷ്യരെയും സ്വാധീനിക്കുന്നുണ്ടോ? ചില കടൽത്തീരങ്ങളിൽ കാണുന്ന കവചജന്തുക്കളായ സാൻഡ് ഹോപ്പറുകളുടെ കാര്യം ഒന്നു പരിശോധിക്കാം. നല്ല നിലാവുള്ള രാത്രികളിൽ മാളങ്ങളിൽനിന്ന് ഇറങ്ങിവന്ന് അവർ തീരം ഒരുത്സവപ്പറമ്പാക്കും. അവന്റെ കൊമ്പിലെ കോമ്പസുകൊണ്ടാണ് അവൻ നിലാവിന്റെ ആഗമനവും അസ്തമയവും മനസ്സിലാക്കുന്നത്. നിലാവു മറഞ്ഞാൽ അവനെ വെട്ടിവിഴുങ്ങാൻ ശത്രുക്കൾ കാവലുണ്ട് എന്നവനറിയാം, പോരാത്തതിനു വൻതിരമാലകൾ റാഞ്ചാനും കാത്തിരിക്കുന്നുണ്ട്.

പവിഴപ്പുറ്റിന്റെ പ്രജനനത്തിലും ചന്ദ്രന് ഒരു പങ്കുണ്ട്. എന്താണവിടെ സംഭവിക്കുക? ശാസ്ത്രജ്ഞന്മാർ ഇവയിൽ നീലവെളിച്ചത്തോടു പ്രതികരിക്കുന്ന ഒരുതരം പ്രോട്ടീൻ കണ്ടെത്തിയിട്ടുണ്ട്. ചന്ദ്രികാചർച്ചിതമായ രാത്രികളിൽ പ്രത്യുത്പാദനത്തിനു പരാഗരേണുക്കളെ അവർ സജ്ജമാക്കി നിർത്തുന്നു. നല്ല നിലാവുള്ളപ്പോൾ ഈ ജീവികൾ അണ്ഡവും ബീജവും ധാരാളം കടലിലേക്ക് ഒഴുക്കിവിടുന്നു. കടൽജലത്തിൽ മഞ്ഞുപോലെയും പാടലവർണത്തിലും മഞ്ഞനിറത്തിലും ഇതൊഴുകിനടക്കുന്നതു നമുക്കു കാണാം.

ചക്രവാളത്തിൽ പുലർകാലേ പൂർണചന്ദ്രൻ പ്രത്യക്ഷപ്പെടുമ്പോൾ കാട്ടിലെ മൂങ്ങകൾ മൂളാൻ തുടങ്ങും. മറിച്ച്, ചന്ദ്രഗ്രഹണസമയത്ത് അവർ മൂകരായി, നിശ്ശബ്ദരായി തപസ്സിരിക്കും. ചന്ദ്രന്റെ സ്വാധീനം പല ജീവികളുടെയും ജീവചക്രവുമായി അലിഞ്ഞുചേർന്നു കിടക്കുന്നു. മൃഗങ്ങളിലും പക്ഷികളിലും നമുക്കീ പ്രതിഭാസം കാണാം. പല പക്ഷികളും ദേശാന്തരഗമനത്തിനു നിലാവെളിച്ചം തേടുന്നു. പല ജീവികളുടെയും പ്രത്യുത്പാദനം ചന്ദ്രന്റെ പഥവുമായി ബന്ധപ്പെട്ടു കിടക്കുന്നു.

കരീബിയൻ കടലിടുക്കിലും മെക്സിക്കോ ഉൾക്കടലിലും കടൽപ്പുറ്റുകൾക്കും പാറകൾക്കുമിടയിൽ വളരുന്ന പാരറ്റ്, സ്നാപ്പർ തുടങ്ങിയ മീനുകൾ പൗർണമിരാവുകളിൽ മീൻപിടിത്തക്കാർക്കു ലഭ്യമല്ല. എന്നാൽ, അമാവാസി വന്നാൽ കാര്യങ്ങൾ മാറും. കടലിനെ ഇരുട്ട് മൂടുപടം അണിയിക്കുമ്പോൾ വലിയ മീനുകൾ ആക്രമിക്കുമെന്നു ഭയപ്പെടാതെ ഇവറ്റ സൈ്വരവിഹാരത്തിനിറങ്ങും. അപ്പോഴാണ് വലിയ ചാട്ടുളികളും ടോർച്ചുകളുമായി മീൻപിടിത്തക്കാർ ഇറങ്ങുക.

അന്തിക്കു വിടരുന്ന ഒരിനം കോളാമ്പിപ്പൂക്കളുണ്ട്. അതിന്റെ പേരാണ് മൂൺഫ്ളവർ. നമ്മുടെ ആമ്പൽപ്പൂക്കളിൽ ചിലയിനങ്ങളും നിലാവുള്ള രാത്രികളിലാണു വിരിയുക.

പൂർണചന്ദ്രനുള്ളപ്പോൾ മുയലുകൾ അവരുടെ മാളങ്ങളിൽനിന്നു പുറത്തിറങ്ങുകയില്ല. അവർക്കറിയാം സൂത്രക്കാരായ കുറുക്കന്മാരും മറ്റു ജീവികളും അവരെ പിടിക്കാൻ തക്കം പാർത്തിരിക്കുന്നുണ്ടെന്ന്. അമാവാസി അടുക്കുമ്പോൾ ആ അരണ്ട വെളിച്ചത്തിൽ അവർ അതിവേഗം പുറത്തിറങ്ങും, ചെറിയ ദൂരങ്ങൾ താണ്ടും, തിരിച്ചുവരും.

നട്ടെല്ലുള്ള ജീവികളിൽ 35 ശതമാനവും ഇഴജന്തുക്കളിൽ ഏതാണ്ട് 60 ശതമാനവും രാത്രികാലങ്ങളിൽ സജീവമാണ്. അവരെ ഉണർത്തിനിർത്താൻ പൂർണചന്ദ്രന്റെ സ്വാധീനമുണ്ടെന്ന് ശാസ്ത്രജ്ഞന്മാർ മനസ്സിലാക്കിയിട്ടുണ്ട്.

ശാസ്ത്രജ്ഞന്മാരുടെ പഠനങ്ങൾ സൂചിപ്പിക്കുന്ന മറ്റൊരു കാര്യം മാംസഭുക്കുകളും കീടഭക്ഷകജന്തുക്കളും ചന്ദ്രൻ പ്രകാശമാനമാകുന്ന കാലഘട്ടങ്ങളിൽ ഉത്സാഹവും ഓജസ്സും കുറഞ്ഞവരായി കാണപ്പെടുന്നുവെന്നതാണ്. ടാൻസാനിയൻവനങ്ങളിലെ സിംഹങ്ങൾ മനുഷ്യരെ ആക്രമിക്കാനിറങ്ങുന്നതു മിക്കവാറും പൂർണചന്ദ്രനെ കണ്ടു പത്തുദിവസങ്ങൾക്കുശേഷം, കുറച്ച് ഇരുട്ട് പരക്കുന്ന രാത്രികളിലായിരിക്കുമെന്നാണ് ഗവേഷകരുടെയും നായാട്ടുകാരുടെയും കണ്ടെത്തൽ.

ചന്ദ്രനു യഥാർത്ഥത്തിൽ മനുഷ്യജീവിതങ്ങളെ സ്പർശിക്കാനാവുന്നുണ്ടോ?

മാനസികരോഗങ്ങൾ കാരണമായുണ്ടാകുന്ന അതിക്രമങ്ങളുടെ വേലിയേറ്റത്തെ പൂർണചന്ദ്രന്റെ ആഗമനവുമായി ബന്ധപ്പെടുത്താറുണ്ട്. ചന്ദ്രന്റെ ഘട്ടങ്ങൾ ശരീരത്തിലെ 'മെലാടോണിൻ' എന്ന ഹോർമോണിന്റെ ലെവലുകളിൽ ചില മാറ്റങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഉറക്കത്തെ ബാധിക്കും; ഒപ്പം, സ്ത്രീകളുടെ ആർത്തവത്തെയും.

ഐസക് ന്യൂട്ടന്റെ തത്ത്വങ്ങളെ അടിസ്ഥാനമാക്കി ചില നിഗമനങ്ങളിൽ ഭിഷഗ്വരന്മാർ എത്തിച്ചേരുന്നുണ്ട്. ചന്ദ്രന്റെ ഗുരുത്വാകർഷണം മനുഷ്യശരീരത്തിലെ ജലാംശത്തെ സ്വാധീനിക്കും. അപസ്മാരം, കിഡ്നിയിലെ കല്ല്, സ്ത്രീകളുടെ ആർത്തവം ഇതിനെയൊക്കെ അതു ബാധിക്കും.

ചരിത്രാതീതകാലംമുതൽക്കേ മനുഷ്യൻ ചന്ദ്രനെക്കുറിച്ച് അനേകം സങ്കല്പങ്ങൾ കാത്തുസൂക്ഷിക്കുന്നുണ്ട്. പഴയ കാലത്തു ഗ്രീക്കുകാർ പെൺകുട്ടികളെ ചന്ദ്രക്കലയുടെ ഏലസ്സും രക്ഷാകവചവും കെട്ടി ദുഷ്ടാത്മാക്കളിൽനിന്നു സംരക്ഷിക്കുന്ന പതിവുണ്ടായിരുന്നു. സ്ത്രീകൾ അവരുടെ സന്താനോത്പാദനശേഷി വർദ്ധിപ്പിക്കാനും സുഖപ്രസവത്തിനും ഇതുപയോഗിച്ചിരുന്നു.

ചന്ദ്രനും മനുഷ്യരുടെ പ്രസവവും തമ്മിൽ ബന്ധമുണ്ടെന്നു വാദിക്കുന്നവരുണ്ട്. പഴയ കാലത്തെ മിഡ്‌വൈഫുകൾ പറയാറുണ്ട്, ചന്ദ്രികാചർച്ചിതമായ രാത്രിയിലാണ് പ്രസവങ്ങൾ ഏറിയ പങ്കും സംഭവിക്കുകയെന്ന്.

അതിസൂക്ഷ്മമായി, ഗ്രഹിക്കാനോ വർണിക്കാനോ പ്രയാസമുള്ള രീതിയിലൊക്കെ മനുഷ്യരുടെയും മറ്റു ജീവികളുടെയും ജീവിതത്തെ സ്പർശിക്കുന്നുണ്ട് ചന്ദ്രഗോളം. അവന്റെ ചില സ്വാധീനങ്ങളെല്ലാം നിഗൂഢങ്ങളാണ്. അത് ചലിപ്പിച്ചുകൊണ്ടിരിക്കുന്ന ആന്തരികഘടികാരം 'ടിക് ടിക്' എന്നടിക്കുന്നതു നമുക്കു ശ്രവിക്കാനാവില്ല. പക്ഷേ, നമ്മുടെ വികാരവിചാരങ്ങളെയും ലൈംഗികതൃഷ്ണയെയും മാറ്റൊലിക്കൊള്ളിക്കുന്ന ഹൃദയമിടിപ്പിനെയും ഒരുപക്ഷേ, അത് സ്വാധീനിക്കുന്നുണ്ടാകാം. പൂർണചന്ദ്രൻ നമുക്കെപ്പോഴും ഒരു ഹരമാണ്. 'വൃശ്ചികപ്പൂനിലാവേ. മച്ചിന്റെ മേലിരുന്നൊളിഞ്ഞു നോക്കാൻ ലജ്ജയില്ലേ, നിനക്കു ലജ്ജയില്ലേ' എന്ന സിനിമപ്പാട്ടിലെന്നപോലെ നമ്മുടെ 'റൊമാന്റിക്' ജീവിതത്തിലും അവൻ എത്തിനോക്കുന്നുണ്ട്.

തഹ് റഹ് മാഫി എന്ന നോവലിസ്റ്റ് പറയുന്നത് ശ്രദ്ധിക്കാം: "അമ്പിളിച്ചന്ദ്രൻ ഒരു നല്ല ചങ്ങാതിയും സഹയാത്രികനുമാണ്, അവനൊരിക്കലും നിങ്ങളെ ഉപേക്ഷിക്കില്ല. നിരന്തരം നമ്മെത്തന്നെ നോക്കിയിരിപ്പാണ്. നമ്മുടെ ഇരുൾമൂടിയ വഴികളിൽ, പ്രകാശധാരകളിൽ നമ്മോടൊപ്പം പരിണമിച്ചുകൊണ്ട് അവനുണ്ട്. ഓരോ ദിവസവും അവനൊരു പുത്തൻ അവതാരമാണ്. ചിലപ്പോൾ ദുർബലനും ക്ഷീണിതനുമാണ്. ചിലപ്പോൾ ബലവാനും നിറയെ പ്രകാശമുള്ളവനുമാണ്. ചന്ദ്രനു നന്നായി അറിയാം, എങ്ങനെയാണ് ഒരു മനുഷ്യജീവി ആയിരിക്കേണ്ടതെന്ന്."

■

# കുട്ടികളെക്കാൾ പ്രാധാന്യം വളർത്തുമൃഗങ്ങൾക്കു നൽകരുത്: വിമർശനവുമായി ഫ്രാൻസീസ് പാപ്പ

വത്തിക്കാൻ സിറ്റി: കുട്ടികളെക്കാൾ പ്രാധാന്യം ദമ്പതിമാർ വളർത്തുമൃഗങ്ങൾക്കു നൽകുന്നതു സ്വാർത്ഥതയാണെന്നു ഫ്രാൻസിസ് മാർപാപ്പ. സ്വാർത്ഥതയുടെ ഒരു രൂപം നമ്മൾ ഇപ്പോൾ കാണുന്നുണ്ട്. ചില ദമ്പതികൾക്കു കുട്ടികൾ വേണമെന്നില്ല. ചിലപ്പോൾ ഒരു കുട്ടി കണ്ടേക്കാം. എന്നിരുന്നാലും, കുട്ടികളുടെ സ്ഥാനത്ത് അവർ പട്ടിയെയോ പൂച്ചയെയോ ആണു കാണുന്നത്. ഇതു കേൾക്കുന്നവർ ചിരിക്കും; എന്നാൽ, ഇതാണു വാസ്തവം.

കുട്ടികൾക്കു പകരമായി ഓമനമൃഗങ്ങളെ വളർത്തുന്നത് പിതൃത്വവും മാതൃത്വവും നിഷേധിക്കുന്നതിനു തുല്യമാണ്. ഇതു നമ്മളെ നശിപ്പിക്കുകയും മനുഷ്യത്വം ഇല്ലാതാക്കുകയും ചെയ്യും. മാതൃത്വവും പിതൃത്വവുമില്ലാതെ മനുഷ്യത്വം നഷ്ടപ്പെട്ടു നാഗരികത വളർന്നാൽ അതു രാജ്യത്തിനു ദോഷമാണ്.



ഒരു വ്യക്തിയുടെ ജീവിതത്തിന്റെ പൂർണതയാണ് പിതൃത്വവും മാതൃത്വവും. ദൈവത്തിനു സ്വയം സമർപ്പിക്കുന്നവർക്ക് ആത്മീയ പിതൃത്വമുണ്ട്, ആത്മീയമാതൃത്വമുണ്ട് എന്നതു സത്യമാണ്; എന്നാൽ, ഈ ലോകത്തു ജീവിക്കുകയും വിവാഹം കഴിക്കുകയും ചെയ്യുന്നവർ കുട്ടികളുണ്ടാകേണ്ടതിനെക്കുറിച്ച്, ജീവൻ നൽകുന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കണം. കുഞ്ഞുങ്ങൾ ഉണ്ടാകുന്നില്ലെങ്കിൽ, ദത്തെടുക്കലിനെക്കുറിച്ചു ചിന്തിക്കണം.

വിശുദ്ധ യൗസേപ്പിതാവ് അനാഥർക്കു തന്റെ സംരക്ഷണവും സഹായവും നൽകട്ടെ; മക്കളുണ്ടാകണമെന്ന് ആഗ്രഹിക്കുന്ന ദമ്പതികൾക്കുവേണ്ടി വിശുദ്ധ യൗസേപ്പ് മാധ്യസ്ഥ്യം വഹിക്കട്ടെ. ഇതിനായി നമുക്ക് പ്രാർത്ഥിക്കാമെന്ന വാക്കുകളോടെയാണ് പാപ്പാ സന്ദേശം ചുരുക്കിയത്. ■

# വിശ്വമാനവികതയുടെ വീരശബ്ദം



ടോണി ചിറ്റിലപ്പിള്ളി

ഭാരതത്തിൽ ജനിച്ച് ലോകത്തിനാകെ മാതൃകയായി നാല്പതു വയസ്സുപോലും തികയ്ക്കാതെ, സ്വാമി വിവേകാനന്ദൻ എന്ന മനുഷ്യസ്നേഹി നമ്മെ കടന്നുപോയി. ആത്മികാനുഭവത്തിന്റെ പ്രയോക്താവായി, ലോകത്തിനു മുന്നിൽ ഇന്ത്യയുടെ ദാർശനികഗരിമ വിളിച്ചോതിയ സ്വാമി വിവേകാനന്ദന്റെ ജന്മദിനമാണ് ജനുവരി 12 ന് ദേശീയ യുവജനദിനമായി ആചരിക്കുന്നത്. ലോകത്ത് എല്ലാ മനുഷ്യരെയും തുല്യതയോടെ കാണുന്ന വിശ്വമാനവികതയാണ് സ്വാമി വിവേകാനന്ദൻ ഉയർത്തിപ്പിടിച്ചത്. ആശയസമ്പുഷ്ടമായ പ്രസംഗങ്ങൾകൊണ്ടും ഭയരഹിതമായ പ്രബോധനങ്ങൾകൊണ്ടും ഇന്ത്യയിലെമ്പാടും വിദേശങ്ങളിലും അനുയായികളെ സൃഷ്ടിച്ചെടുക്കാൻ സ്വാമിജിക്കു സാധിച്ചു.

**ചിക്കാഗോ പ്രസംഗം 1893**

സ്വാമി വിവേകാനന്ദൻ ലോകത്തിന്റെ ഹൃദയം കവർന്നത് കേവലം ഒരു സംബോധനകൊണ്ടാണ്. 'അമേരിക്കയിലെ സഹോദരീസഹോദരൻമാരേ' എന്ന വിവേകാനന്ദന്റെ വിളിയിലൂടെ ഭാരതത്തിന്റെ മാഹാത്മ്യം ലോകം തിരിച്ചറിയുകയായിരുന്നു. കൊളോണിയലിസം മുന്നോട്ടുവച്ച സാംസ്കാരികസമ്പന്നതാബോധത്തെ ചിക്കാഗോപ്രസംഗത്തിലൂടെ സ്വാമി വിവേകാനന്ദൻ ഇളക്കിപ്രതിഷ്ഠിച്ചു.

ഭൗതികതയുടെ വേലിയേറ്റത്തിൽ മുഴുകിക്കഴിഞ്ഞിരുന്ന പാശ്ചാത്യരെ ആത്മീയതയുടെ പുതിയ ചിന്താധാര പറഞ്ഞു പഠിപ്പിച്ചു വിവേകാനന്ദൻ. ഇന്ത്യൻ ജനത സാംസ്കാരികമായി പിന്നാക്കം നിൽക്കുന്നവരാണെന്ന പാശ്ചാത്യലോകത്തിന്റെ ധാരണകളെ ചിക്കാഗോപ്രസംഗം തിരുത്തി. ലോകജനതയെ സംസ്കാരസമ്പന്നരാക്കേണ്ടത് തങ്ങളാണെന്ന യൂറോപ്യൻ സൈദ്ധാന്തിക നിലപാടുകൾ ചോദ്യം ചെയ്യപ്പെട്ടു.

"നാം എത്രത്തോളം മറ്റുള്ളവരെ സഹായിക്കുന്നുവോ നമ്മുടെ ഹൃദയം അത്രത്തോളം നിർമലമാകുന്നു. അത്തരം വ്യക്തികൾ ദൈവത്തെപ്പോലെയാകുന്നു." സനാതനധർമത്തിന്റെ വക്താവായ സ്വാമിജിയുടെ വാക്കുകൾ ആഗോളതലത്തിൽ തന്റെ സർഗാത്മകചിന്തകളോടെ ഇന്നും ഉയർന്നുനിൽക്കുന്നു. ആധുനികഭാരതത്തിന്റെ മോചനത്തിനും ദേശീയതയുടെ ഉയിർത്തെഴുന്നേല്പിനും കാരണമായത് സ്വാമി വിവേകാനന്ദന്റെ ഉജ്ജ്വലമായ നേതൃത്വമാണ്.

**ഭാരതത്തിന്റെ ഭാവി യുവജനങ്ങളിൽ മാത്രം**

യുവാക്കളെ മാറ്റത്തിന്റെ വാഹകരായി കണ്ടുകൊണ്ടാണ് സ്വാമിജി എക്കാലവും സംസാരിച്ചത്. തനിക്കുശേഷം കടന്നുവരാനിരിക്കുന്ന അനേകം തലമുറകൾക്ക് ഊർജം പകർന്നുനൽകിയിട്ടാണ് അദ്ദേഹം ഈ ലോകത്തുനിന്നു മടങ്ങിയത്. 'ധീരമായി മരിക്കുന്നത് ഭയന്നുജീവിക്കുന്നതിനെക്കാൾ ശ്രേഷ്ഠമാണെന്നും, സത്യത്തിനുവേണ്ടി എന്തും ബലികഴിക്കാം, എന്നാൽ, എന്തിനെങ്കിലും വേണ്ടി സത്യം ബലികഴിക്കപ്പെടാൻ പാടില്ല' എന്നുമുള്ള വാക്കുകൾകൊണ്ട് യുവഹൃദയങ്ങളെ അദ്ദേഹം ജ്വലിപ്പിച്ചു. ഇന്ത്യയുടെ ജീവരക്തം ആധ്യാത്മികതയാണെന്നാണ് സ്വാമി പഠിപ്പിച്ചത്. ആഗോളതലത്തിൽ ഇന്ത്യൻ സംസ്കാരത്തെ ഉയർത്തിപ്പിടിച്ച യുവസന്ന്യാസി സ്വാമി വിവേകാനന്ദൻ എന്നും യുവത്വത്തിന്റെ പ്രതീകമാണ്.

'ചില ധാർമികപ്രമാണങ്ങളും നമ്മുടെ യുവാക്കളോടുള്ള ഉദ്ബോധനങ്ങളും' എന്ന പ്രബന്ധത്തിൽ അദ്ദേഹം ഓർമിപ്പിക്കുന്നു: "ജീവിതം വികാസമാണ്. സങ്കോചം മരണവും. ജീവിതം പ്രേമമാണ്, വിദ്വേഷം മരണവും." വിവേകാനന്ദദർശനത്തെ പ്രായോഗികമാക്കുന്ന ആത്മീയപ്രവർത്തനങ്ങളുടെ ഫലമായുണ്ടായ സാമൂഹികപരിവർത്തനങ്ങൾ സമകാലീന ഭാരതം, വിശിഷ്യ, കേരളം ഇനിയും തിരിച്ചറിയേണ്ടിയിരിക്കുന്നു. മനുഷ്യസമത്വത്തിനും ജീവിതാഭിവൃദ്ധിക്കും സാമൂഹികനീതിക്കുംവേണ്ടി പ്രവർത്തിക്കുകയും പോരാടുകയും ചെയ്യുന്നവർക്ക് വിവേകാനന്ദന്റെ ചിന്തയും കർമപഥവും പ്രചോദനമാണ്. 'ശക്തരും നിർഭയരുമാവുക' എന്നതായിരുന്നു സ്വാമി വിവേകാനന്ദൻ യുവജനങ്ങൾക്കു നല്കിയ സന്ദേശം.

സ്വാമിജിയുടെ പരിവ്രാജകസഞ്ചാരത്തെ അതിസൂക്ഷ്മം നിരീക്ഷിച്ചാൽ സഹസ്രാബ്ദങ്ങളിലൂടെ സ്ഫുടം ചെയ്യപ്പെട്ട നിരുപമമായ സംസ്കൃതിയുടെ നിശ്ശബ്ദമായ മുഴക്കമാണ് കേൾക്കാനാകുക. സ്വാമി വിവേകാനന്ദനെ കാണാൻ ചെന്ന ഒരു യുവാവ് പറഞ്ഞു: "സ്വാമീ, മുറിയടച്ചിട്ടു പ്രാർത്ഥിച്ചിട്ടും എനിക്കു മനസ്സമാധാനം കിട്ടുന്നില്ല." അദ്ദേഹം പറഞ്ഞു: "കുട്ടീ, നീ ആദ്യം ചെയ്യേണ്ടത് മുറിയുടെ വാതിലുകൾ തുറന്ന് പുറത്തേക്കു നോക്കുകയാണ്. അവിടെ നിരാലംബരായ പാവങ്ങളെ കാണാം. കഴിയുന്നത്ര സഹായിക്കുക. വിശപ്പുള്ളവന് ആഹാരം നൽകുക, അജ്ഞന് അറിവു നൽകുക. മനശ്ശാന്തി വേണമെങ്കിൽ നിഷ്കാമസേവനത്തിൽ മുഴുകുക."

ജീവിതത്തിലെ സംഘർഷഭരിതമായ സമസ്യകൾ മനുഷ്യനെ നിരന്തരം വേട്ടയാടുമ്പോഴും അവനെ മുന്നോട്ടു നയിക്കുന്നത് അനന്തമായ പ്രതീക്ഷകളാണെന്നു സ്വാമിജി എഴുതിയിട്ടുണ്ട്. വിപ്ലവകാരികൾക്കും മിതവാദികൾക്കും സാധാരണജനങ്ങൾക്കുമെന്നു വേണ്ട, ഭാരതീയജീവിതത്തിന്റെ സർവമേഖലകളിലുള്ളവർക്കും അദ്ദേഹം സ്വതന്ത്രചിന്തയുടെ പൊൻവെളിച്ചം നൽകി. ഗാന്ധിജി പഠിച്ചത് വിവേകാനന്ദനിൽനിന്നായിരുന്നു. ലാലാ ലജ്പത് റായിയും അരവിന്ദഘോഷും ബാലഗംഗാധര തിലകനും സർവേപ്പള്ളി രാധാകൃഷ്ണനുമൊക്കെ വിവേകാനന്ദ പ്രബോധനങ്ങൾ ഹൃദയത്തിലേറ്റിയവരാണ്. സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ തുടക്കം വിവേകാനന്ദനിൽനിന്നായിരുന്നുവെന്ന് സുഭാഷ് ചന്ദ്രബോസും പറഞ്ഞിട്ടുണ്ട്.

**സാമൂഹികപരിഷ്കർത്താവ്**

ഒരുവശത്ത് അദ്ദേഹം ഹിന്ദുമതത്തിന് മാനുഷികതയുടെയും ശാസ്ത്രീയതയുടെയും ആധുനികതയുടെയും പുതിയ മുഖം കൊടുത്തു. മറുവശത്ത്, ആധുനികയുഗത്തിന്റെ മുഖമുദ്രകളായ ഭൗതികവാദം, ശാസ്ത്രീയ ഗവേഷണബുദ്ധി, യുക്തിചിന്ത ഇവയ്ക്കെതിരല്ല മതമെന്നു ലോകത്തിനു കാണിച്ചുകൊടുത്തു. ഒരു ഹിന്ദുസന്ന്യാസിയുടെ പ്രവർത്തനങ്ങൾക്കപ്പുറം ഒരു സാമൂഹികപരിഷ്കർത്താവ് എന്ന നിലയിലുള്ള തന്റെ വ്യക്തിപ്രഭാവം പാശ്ചാത്യലോകത്തിനു മുമ്പിൽ വിവേകാനന്ദനു തുറന്നു കാണിക്കാൻ സാധിച്ചത് അദ്ദേഹം ആത്മാഭിമാനിയായ ഒരു ഭാരതീയൻ ആയിരുന്നതുകൊണ്ടു മാത്രമാണ്.

സാമ്പത്തിക സാമൂഹികനീതിക്കും സമത്വത്തിനും തുല്യ അവസരങ്ങൾക്കും നിർണായകപ്രാധാന്യം കല്പിച്ച ഉൽപതിഷ്ണുവായിരുന്നു സ്വാമിജി. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അസമത്വം നിയന്ത്രിച്ചാൽ മാത്രമേ സാധാരണക്കാരായ ബഹുഭൂരിഭാഗം ജനങ്ങളിലും ശുഭപ്രതീക്ഷ പകരാനാകുവെന്നായിരുന്നു സ്വാമി വിവേകാനന്ദന്റെ നിഗമനം.

മൃഗീയതയിൽനിന്ന് മനുഷ്യത്വത്തിലേക്കും മനുഷ്യത്വത്തിൽനിന്ന് ദൈവികതയിലേക്കുമുള്ള ഉയർച്ചയാണ് മതത്തിന്റെ ആദർശം എന്നു പറഞ്ഞുവച്ച സ്വാമി സത്യം, പരിശുദ്ധി, നിസ്വാർത്ഥത – ഈ മൂന്നുമുള്ളയാളെ തകർക്കാൻ സൂര്യനു കീഴെയോ ഉപരിയോ യാതൊരു ശക്തിയുമുണ്ടായിരിക്കുകയില്ല എന്നും നിരീക്ഷിച്ചു. 'ഉത്തിഷ്ഠത, ജാഗ്രത, പ്രാപ്യവരാൻ നിബോധത' എന്ന അദ്ദേഹത്തിന്റെ ആഹ്വാനം തന്നെ സമൂഹത്തെയാകെ ജാഗ്രതപ്പെടുത്തുന്ന വിധത്തിലായി. ഉയിർത്തെഴുന്നേൽക്കാനും ലക്ഷ്യം സാധിക്കുന്നതിൽ ജാഗ്രത പാലിക്കാനുമാണ് അദ്ദേഹം ആഹ്വാനം ചെയ്തത്. ഭാരതത്തിന്റെ ദാർശനികപാരമ്പര്യം സാർവദേശീയതലത്തിൽ പ്രചരിപ്പിക്കുന്നതിൽ അഗ്രിമസ്ഥാനത്തായിരുന്നു സ്വാമി വിവേകാനന്ദൻ.



1892 ൽ നടത്തിയ കേരളപര്യടനം അദ്ദേഹത്തിന്റെ ഹൃദയത്തിലേല്പിച്ച മുറിവുകളാണ് കേരളം ഒരു ഭ്രാന്താലയമാണെന്ന അദ്ദേഹത്തിന്റെ വെളിപാടിന്റെ, വിളിച്ചുപറയലിന്റെ ഉറവിടം.

അന്ധവിശ്വാസങ്ങൾ, തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ തുടങ്ങി വഴിനടക്കാൻ പറ്റാത്തവിധം മനുഷ്യരെ വിഭജിച്ചു നിർത്തിയ അയിത്താചാരങ്ങളിൽ കേരളം അകപ്പെട്ടു കിടന്ന അവസ്ഥയെ വിശദീകരിക്കാൻ പറ്റിയ ഉത്തമഭാവാർത്ഥം തന്നെയായിരുന്നു ഭ്രാന്താലയം എന്ന വാക്ക്.

**ആത്മീയതയുടെ നിത്യമുദ്ര ചാർത്തിയ ജീവിതം**

ഓരോ മനുഷ്യനിലെയും ദിവ്യത്വത്തെ ഉദ്ദീപിപ്പിക്കലാണ് യഥാർഥ ആത്മീയതയെന്നു വിളംബരം ചെയ്ത സ്വാമിജിയുടെ ദർശനങ്ങൾ ഇന്നും ഭാരതീയരെ വഴി നടത്തുന്നു. സങ്കുചിതത്വത്തെയും സ്വാർത്ഥതയെയും തിടമ്പേറ്റുന്ന നമ്മുടെ വർത്തമാനകാല വിലക്ഷണതകളുടെ ഇരുട്ടിനെ വിവേകാനന്ദചിന്തകൾ അവയുടെ ധിഷണാപരമായ ഔന്നത്യം കൊണ്ടും വൈകാരികമായ സാന്ദ്രതകൊണ്ടും നിറഞ്ഞ ആത്മീയതകൊണ്ടും പ്രതിരോധിക്കുന്നു.

**വിവേകാനന്ദ സ്വാമിജിയുടെ ക്രിസ്തുദർശനം**

സമന്വയത്തിന്റെ പ്രവാചകനായിരുന്നു വിവേകാനന്ദൻ. മതേതരത്വമോ മതനിരപേക്ഷതയോ അല്ല, മതസമന്വയം ആയിരുന്നു വിവേകാനന്ദദർശനം. മതങ്ങളുടെ സമന്വയം മാത്രമല്ല വിവേകാനന്ദൻ പഠിപ്പിച്ചത്. ഭൗതികതയും ആധ്യാത്മികതയും സമന്വയിക്കണമെന്ന് സ്വാമി കരുതി.

'പൗരസ്ത്യരിൽ വലിയ പൗരസ്ത്യൻ' എന്നാണ് സ്വാമിജി ക്രിസ്തുവിനെക്കുറിച്ചു പറഞ്ഞത്. 'ക്രിസ്തു: ദൂതൻ' എന്ന വിഷയത്തിൽ 1900 ജനുവരി 7 ന് കാലിഫോർണിയയിലെ ലോസ് ഏഞ്ചൽസിൽ നടത്തിയ പ്രഭാഷണത്തിലാണ് ഈ പരാമർശം. 'പൗരസ്ത്യസംസ്കാരത്തിന്റെ യഥാർത്ഥ പുത്രൻ' എന്നാണ് അദ്ദേഹം നസ്രത്തിലെ യേശുവിനെ വിശേഷിപ്പിക്കുന്നത്.

സ്വാമി വിവേകാനന്ദൻ ഷിക്കാഗോയിൽ ആയിരുന്ന കാലം. കൊടുംമഴയുള്ള ഒരു സന്ധ്യാസമയം ഏതാനും സ്ത്രീകൾ ഡിട്രോയിറ്റിൽനിന്നു നൂറു മൈലുകളോളം യാത്ര ചെയ്ത് അദ്ദേഹത്തെ കാണാൻ വന്നു. 'ഞങ്ങൾക്ക് അങ്ങയുടെ അനുഗ്രഹവും ഉപദേശവും തന്നാലും' എന്നിവർ പറഞ്ഞപ്പോൾ സ്വാമി അവർക്കു കൊടുത്ത മറുപടി ഇതായിരുന്നു: "ക്രിസ്തു സത്യത്തെ പ്രകാശത്തിലേക്കു നയിച്ചു. സ്വർഗരാജ്യം നിങ്ങളുടെ ഉള്ളിലെന്നു പറഞ്ഞു. ക്രിസ്തു കിഴക്കിന്റെ പുത്രനെന്ന നിലയിൽ പ്രായോഗികജീവിതത്തിലും സത്യത്തെ തുറന്നു കാണിച്ചു. അവിടുന്ന് തന്നെ പ്രകാശിതനായ സത്യമായിരുന്നു."

ക്രിസ്തുവിന്റെ ആശയങ്ങളുടെ ആരാധകനായിരുന്ന സ്വാമി വിവേകാനന്ദൻ 1890കളിലാണ് സർവമതസമന്വയത്തിൽ വിശ്വസിക്കുന്ന ശ്രീരാമകൃഷ്ണ പരമഹംസരുടെ ആശ്രമങ്ങളിൽ ക്രിസ്മസ് ആഘോഷം വേണമെന്നു നിർദേശിച്ചത്. അദ്വൈതവേദാന്തത്തെ ലോകത്തിന്റെ അതിരുകളോളം പ്രചരിപ്പിച്ച സ്വാമി വിവേകാനന്ദൻ അദ്വൈത പശ്ചാത്തലത്തിൽ തന്നെയാണ് ക്രിസ്തുദർശനവും ഉൾക്കൊണ്ടത്. അദ്വൈതത്തിലേക്കുള്ള വളർച്ചയുടെ പടികളിലൊന്നായി ക്രിസ്തുമതത്തെ അദ്ദേഹം കരുതി.

മതത്തെ ശാസ്ത്രത്തോടും ഭൗതികതയെ ആത്മീയതയോടും ഭക്തിയെ യുക്തിയോടും സ്വാമിജി സമന്വയിപ്പിച്ചു. ഭാരതീയസംസ്കാരത്തിന്റെ ചിരന്തന ചിന്താസാരമാണ് സ്വാമിജി വിശ്വത്തിനു മുമ്പാകെ സമർപ്പിച്ചത്. എന്തിനെയും നേരിടാൻ സജ്ജമായിരുന്നു പരിപക്വമായ സ്വാമിജിയുടെ മനസ്സ്. അതേ ആത്മധൈര്യമാണ് ഭാരതത്തിലെ യുവജനങ്ങൾക്ക് സ്വാമിജി പകർന്നു നല്കിയത്. അവസാനശ്വാസംവരെയും ഭാരതത്തിന്റെ സർവതോമുഖമായ ഉന്നമനം മാത്രമായിരുന്നു ആ ധീരദേശാഭിമാനിയുടെ മനസ്സിൽ. അതിന്റെ സാക്ഷാത്കാരത്തിനു വേണ്ടിയായിരുന്നു സ്വാമി വിവേകാനന്ദന്റെ ത്യാഗോജ്ജ്വലമായ ജീവിതം. ■

# 'ചുരുളി'യിലെ അധമഭാഷണങ്ങൾ



അഡ്വ. ചാർളി പോൾ



അനിയന്ത്രിതമായി അസഭ്യവാക്കുകൾ ഉപയോഗിക്കുന്ന 'ചുരുളി' സിനിമ ഒ.ടി.ടി. പ്ലാറ്റ്ഫോമിൽനിന്നു നീക്കണമെന്ന ഹർജി പരിഗണിക്കവേ, സിനിമയുടെ ഏതാനും ഭാഗങ്ങൾ കണ്ട കോടതി, അതിലെ ഭാഷാപ്രയോഗങ്ങൾ ഭീകരമാണെന്നു വാക്കാൽ പരാമർശിച്ചു. എതിർകക്ഷികളായ സെൻസർബോർഡ്, സിനിമയുടെ സംവിധായകൻ, തെറി പറയുന്ന നടീനടന്മാർ ഉൾപ്പെടെയുള്ളവർക്ക് കേരള ഹൈക്കോടതി നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. ചിത്രത്തിൽ ഉടനീളം ഉപയോഗിച്ചിട്ടുള്ള അസഭ്യവാക്കുകളിലൂടെ സ്ത്രീകളെയും കുട്ടികളെയും മോശമായി ചിത്രീകരിച്ചിട്ടുള്ളതായി ഹർജിക്കാരി(തൃശ്ശൂർ സ്വദേശി അഭിഭാഷികയായ പെഗ്ഗി ഫെൻ) ആരോപിച്ചു. സിനിമ പൊതുസമൂഹത്തെ സ്വാധീനിക്കുന്ന കലാമാധ്യമം ആയതിനാൽ ഈ സിനിമ ഒ.ടി.ടി.യിൽ നിന്നു നീക്കണമെന്നാണാവശ്യം.

വിനോയ് തോമസിന്റെ 'കളിഗെമിനാറിലെ കുറ്റവാളികൾ' എന്ന കഥയെ ആധാരമാക്കി ഹരീഷ് തിരക്കഥയും ലിജോ ജോസ് പെല്ലിശ്ശേരി സംവിധാനവും നിർവഹിച്ച ചിത്രമാണ് 'ചുരുളി'. മൈലാടുംപാറ ജോയി എന്ന പിടികിട്ടാപ്പുള്ളിയെ തേടി ചുരുളിയിൽ കൂലിപ്പണിക്കാരുടെ വേഷത്തിലെത്തുന്ന രഹസ്യപ്പോലീസുകാരായ ആന്റണിയും ഷാജിവനും കാണുന്നതും കേൾക്കുന്നതും അനുഭവിക്കുന്നതുമായ കാര്യങ്ങളാണ് സിനിമയുടെ ഇതിവൃത്തം. കുറ്റവാളികളായിരുന്നവരുടെ ലോകമാണ് ചുരുളി. ചോദിക്കാനും പറയാനും ആരുമില്ലാത്ത ലോകം. നിയമവ്യവസ്ഥയ്ക്ക് അപ്പുറമാണ് ഈ ലോകം. ചുരുളിക്കാരെ സംബന്ധിച്ചിടത്തോളം സ്വർഗരാജ്യം. ലൈംഗികച്ചുവയുള്ള അധമപ്രയോഗങ്ങളും അസഭ്യപ്രയോഗങ്ങളും സാധാരണീകരിക്കപ്പെടുന്ന ഒരിടം.

സിനിമയിലെ ഭാഷ ഭീകരം മാത്രമല്ല, കേട്ടാൽ അറയ്ക്കുന്ന വഷളൻപ്രയോഗങ്ങൾ കൂടിയാണ്. സിനിമയുടെ നിർമിതിയിൽ ഉടനീളം പ്രയോജനപ്പെടുത്തിയ അസംസ്കൃതവസ്തുവാണ് തെറിഭാഷ. വാറ്റുചാരായത്തോടൊപ്പം അനായാസം വാർന്നുവീഴുകയാണ് വഷളൻഭാഷ. തെറിപ്രയോഗങ്ങളിൽ ലിംഗപദവിതുല്യത കാണാനാകും. ശരീരത്തിലെ ലൈംഗികാവയവങ്ങളെയും ലൈംഗികബന്ധങ്ങളെയും തെറിക്കായി ഉപയോഗിക്കുന്നുണ്ട്. സ്ത്രീയെ പുരുഷന്റെ ലൈംഗികകാമനക്കുള്ള വസ്തുവായി കണക്കാക്കുന്ന തെറി പരാമർശങ്ങളുമുണ്ട്. നീതിവ്യവസ്ഥകളെ പരിഹസിച്ച് അപരലോകം സൃഷ്ടിക്കുകയും അധമഭാഷയെ സാധാരണീകരിക്കുകയും ചെയ്യുന്നുണ്ടിവിടെ. നീതിന്യായവ്യവസ്ഥകളുടെ അഭാവത്തിലും പരിഷ്കൃതസംവിധാനങ്ങളുടെ അപര്യാപ്തതയിലും സ്വർഗരാജ്യത്തിലാണ് തങ്ങളെന്നു വിശ്വസിക്കുന്ന ചുരുളിയിലെ മനുഷ്യർ തികച്ചും സാങ്കല്പികമായ സമൂഹമാണ്. അവർ ഏതെങ്കിലും ജാതിയെയോ സമുദായത്തെയോ പ്രതിനിധാനം ചെയ്യുന്നില്ല. തെറിഭാഷയുടെ കർത്തൃത്വം ആരുടെയും തലയിൽ സംവിധായകൻ കെട്ടിവയ്ക്കുന്നുമില്ല. തെറിപരിശീലനം ലക്ഷ്യം വയ്ക്കുന്നുമില്ല. പക്ഷേ, ഇത്തരം സിനിമ പൊതുസമൂഹത്തിൽ സാംസ്കാരികപ്രതിസന്ധി സൃഷ്ടിക്കുമെന്നതിൽ തർക്കമില്ല. സിനിമകൾ സ്വാധീനിക്കപ്പെടുന്നു എന്നത് വിസ്മരിക്കരുത്.

സിനിമ കല എന്നതിനോടൊപ്പം ഒരു സാംസ്കാരികോൽപന്നം കൂടിയാണ്. സിനിമയുടെ ചിത്രീകരണം, സ്വഭാവം, വർണസൂചനകൾ, പശ്ചാത്തലസംഗീതം, ഭാഷ, താരനിർണയം തുടങ്ങി സിനിമയെ രൂപപ്പെടുത്തുന്ന ഘടകങ്ങളിലെല്ലാം സംസ്കാരം പ്രതിഫലിക്കുന്നുണ്ട്. അതിനാൽ സാംസ്കാരികവ്യവഹാരങ്ങളെ പരിഗണിച്ചുകൊണ്ടുമാത്രമേ സിനിമയെ വിലയിരുത്താനാകൂ. സഭ്യമേത് സഭ്യേതരമേത് എന്ന വരമ്പുകൾ നിർണയിക്കേണ്ടതും അതു പാലിക്കേണ്ടതുമാണ്. പ്രത്യേകിച്ചും കുടുംബസമേതം ഒടിടിയിൽ ചിത്രം കാണേണ്ടിവരുമ്പോൾ. അധമമെന്നു മുദ്ര കുത്തപ്പെട്ടിട്ടുള്ള ഭാഷണങ്ങൾക്ക് പ്രയോഗസാധുത ലഭിക്കുംവിധം അവയെ ചിത്രത്തിൽ രൂപപ്പെടുത്തിയിട്ടുള്ളത് അക്ഷന്തവ്യമായ അപരാധമാണ്. ചുരുളി ഒരു സാംസ്കാരിക ചുഴിയാണ് സൃഷ്ടിക്കുന്നത്. അത് പൊതുസമൂഹത്തെ മലിനമാക്കുന്നു. വാക്കുകളിലൂടെ വിസർജ്യം വർഷിക്കുകയാണിവിടെ.

'ധിക്കാരിയുടെ കാതൽ' എന്ന പുസ്തകത്തിലെ 'രാഷ്ട്രീയപ്രവർത്തനവും ആഭാസസാഹിത്യവും' എന്ന പ്രബന്ധത്തിൽ സി.ജെ.തോമസ് എഴുതി; "അശക്തിബോധത്തിന്റെ തുറന്ന പ്രഖ്യാപനമാണ് തെറിപറയൽ." തെറിക്കൊരു പ്രത്യേക സ്വഭാവമുണ്ട്. അത് തിരിഞ്ഞടിക്കും. ഭാഷാപ്രയോഗങ്ങൾ തെറിയായി മാറുന്നത് അശക്തിബോധത്തിൽ നിന്നാണെന്ന് ആറു പതിറ്റാണ്ടു മുൻപ് സി.ജെ.തോമസ് എഴുതിയതിന് ഇന്നും പ്രസക്തിയുണ്ട്. ഗ്രാമ്യഭാഷ, നാടൻശൈലി, വാമൊഴിവഴക്കം, വന്യസാഹചര്യഭാഷ എന്നൊക്കെ പറഞ്ഞ് ഇത്തരം ആഭാസങ്ങളെ ന്യായീകരിക്കരുത്. മര്യാദയും ആദരവുമില്ലാത്ത ഈ അധമഭാഷണങ്ങൾ വിഷലിപ്തവും മനുഷ്യവിരുദ്ധവുമാണ്. കേരളീയ സംസ്കാരത്തിന്റെ മരണമണിയാണ് ഇവിടെ മുഴങ്ങുന്നത്. ദ്വയാർത്ഥപ്രയോഗവും വിടുവായത്തവും അശ്ലീലവും ആഭാസത്തരങ്ങളും തെറിയും ഒരു കലയിൽ പ്രയോഗിക്കുമ്പോൾ അതിർവരമ്പുകളുണ്ടാകണം. 'സംസ്കാരം' എന്ന വാക്കിനർത്ഥം 'അപരനെക്കുറിച്ചുള്ള കരുതൽ' എന്നാണ്. പൊതുസമൂഹത്തെക്കുറിച്ചുള്ള ഒരു കരുതൽ ഇതിന്റെ സൃഷ്ടികർത്താക്കൾക്ക് ഇല്ലാതെ പോയിട്ടുണ്ട്. ഓർക്കുക; കരുതലാണ് സംസ്കാരം. ■



സാഹിത്യകാരി സിജിത അനിലിന്റെ 'കടലിനെ മഷിപ്പാത്രമാക്കുമ്പോൾ' എന്ന കവിതാസമാഹാരം പന്തളം കൊട്ടാരത്തിൽവച്ച് കൊട്ടാരം നിർവാഹകസംഘം പ്രസിഡന്റ് പി.ജി. ശശികുമാരവർമ കണ്ണൂർ ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി. രമേഷ്കുമാറിനു നല്കി പ്രകാശനം ചെയ്യുന്നു.



ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

## പ്രകർഷവും പ്രഹർഷവും

പ്ര എന്ന ഉപസർഗം ചേർന്നുള്ള ഒട്ടേറെ പ്രയോഗങ്ങൾ സംസ്കൃതത്തിലുണ്ട്. പ്ര+കർഷം = പ്രകർഷം; പ്ര + ഹർഷ = പ്രഹർഷം. പ്രകർഷണ എന്നതിന്റെ ചുരുക്കരൂപമാണ് ഇവിടെ പ്ര. വർദ്ധിച്ചത് എന്നാണ് പ്രകൃതത്തിൽ പ്രകർഷേണയുടെ അർത്ഥം. ധാതുവിന്റെ പൂർവ്വപദമായി നിന്ന് അതിന്റെ അർത്ഥത്തെ ഭേദിപ്പിക്കലാണ് പ്ര എന്ന ഉപസർഗ്ഗത്തിന്റെ ധർമ്മം*. പ്രകർഷേണയുള്ള മോദ (വർദ്ധിച്ച സന്തോഷം) മാണല്ലോ പ്രമോദം. പ്രരോദനം, പ്രച്ഛന്നം, പ്രലോഭനം, പ്രക്ഷേപം, പ്രജനനം, പ്രബലം, പ്രശാന്തം, പ്രസ്ഫുടം, പ്രകോപം, പ്രചരണം മുതലായവയിൽ പ്ര എന്ന ഉപസർഗ്ഗം ചേർന്നു നിൽക്കുന്നു.

പ്ര എന്ന ഉപസർഗ്ഗം ചേർന്ന പദമാണ് പ്രകർഷം (പ്ര+കർഷം). ആധിക്യം, ശ്രേഷ്ഠത, അധികാരം, ദൈർഘ്യം, സാർവ്വത്രികത എന്നെല്ലാം പ്രകർഷത്തിന് അർത്ഥമുണ്ട്. വർദ്ധിച്ച ഹർഷമാണ് പ്രഹർഷം (പ്ര+ഹർഷം). സന്തോഷം, രോമാഞ്ചം എന്നീ വിവക്ഷിതങ്ങൾ കൂടാതെ, ലിംഗത്തിന്റെ ഉയർച്ച (ലിംഗോദ്ധാരണം) എന്നും പ്രഹർഷത്തിന് അർത്ഥമുണ്ട്. മനസ്സിനുണ്ടാകുന്ന പ്രസാദമാണ് ഹർഷം. പ്രിയസമാഗമജന്യമായ സുഖവിശേഷവും ഹർഷമാകാം.

ഭക്തി ശബ്ദത്തോട് പ്രകർഷവും പ്രഹർഷവും വെവ്വേറെ സമാസിക്കണം. ഭക്തിയുടെ ആധിക്യം സൂചിപ്പിക്കാൻ ഭക്തിപ്രകർഷം എന്നു പറയാം. വർദ്ധിച്ച ഭക്തിയാണ് ഭക്തിപ്രകർഷം. ഭക്തിപ്രഹർഷം സമാനാർത്ഥം നൽകുന്നില്ല ഭക്തിപ്രഹർഷം അത്യാനന്ദമോ രോമാഞ്ചം കൊള്ളലോ മാത്രമല്ല, ലൈംഗിക വിജൃംഭണം കൂടിയാണ്. ആ നിലയ്ക്ക് 'ഭക്തിപ്രഹർഷം' എന്നെഴുതിയാൽ ദുഃസൂചന കടന്നുകൂടാം. ഭക്തിയുടെ ആധിക്യത്തെയോ ശ്രേഷ്ഠതയെയോ കുറിക്കാൻ ഭക്തിപ്രകർഷം എന്നു തന്നെയാണ് വേണ്ടത്.

പ്രകർഷം – പ്രഹർഷം; 'ക'യ്ക്ക് ശക്തി പോരെന്നു കരുതി തത്സ്ഥാനത്ത് 'ഹ' വയ്ക്കുമ്പോൾ വിവക്ഷിതം അപ്പാടെ മാറിപ്പോകുന്നു. 'തൂക്കവില്ലിലെ ഭക്തിപ്രകർഷ'ത്തെ ഭക്തിപ്രഹർഷമാക്കിയാൽ "അർത്ഥത്തിനു തൂക്കം കുറയുന്നു. ആശയത്തിന്റെ വില്ലൊടിയുന്നു; ഭക്തി വിഭക്തിയാകുന്നു" ** വാർത്തയെഴുതുന്ന മാധ്യമപ്രവർത്തകൻ ഇതൊന്നും ചിന്തിച്ചിരിക്കാനിടയില്ല. നാലുകോളം വാർത്തയ്ക്കു പറ്റിയ ശീർഷകം എന്നേ കരുതിക്കാണുകയുള്ളൂ. എന്നാൽ അർത്ഥമറിയാവുന്ന വായനക്കാരുടെ നേരെയുള്ള കൊഞ്ഞനം കാട്ടലായതു മാറാം!

* രാജരാജവർമ്മ, ഏ.ആർ., മണിദീപിക, കേരളസാഹിത്യ അക്കാദമി, തൃശൂർ, 1987, പുറം – 240

** നാരായണൻ വി.കെ., വാക്കിന്റെ ഇരുളും പൊരുളും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2020, പുറം – 75

Deepanalam Weekly
RNI No : 16998/68
Vol. 54 No. 41 Date of Publication 13 January 2022
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

കൊവിഡ് – 19
പ്രതിരോധത്തിനും സൗഖ്യത്തിനും




ജാഫ്
ആയുർവേദമരുന്ന്

കൊവിഡ് 19 ന്റെ അണുബാധ തടയുന്നതിനും ചികിത്സയ്ക്കും ആവശ്യമായ എല്ലാ ചേരുവകളും അടങ്ങിയതാണ് 'ജാഫ്' ആയുർവേദ മരുന്ന്. പുഷ്ക്കരമൂലം, കിരിയാത്ത്, ചിറ്റമൃത്, ചുക്ക്, വെൺവഴുതന, കുരുമുളക്, തിപ്പലി, തുളസി തുടങ്ങിയ വിവിധങ്ങളായ ചേരുവകൾകൊണ്ടു നിർമ്മിച്ച 'ജാഫ്', ഗുളികരൂപത്തിലാണ് ഉപയോഗിക്കുന്നത്. ഏഴു ദിവസത്തെ ഡോസുകൊണ്ട് രോഗങ്ങളിൽനിന്നും പ്രതിരോധിക്കാനാകും, സൗഖ്യമാകും.

'ജാഫ്' ടാബ്ലറ്റ് ഒരു കോഴ്സ് കഴിച്ചാൽ, ഒരു വർഷത്തിലധികം കാലം കൊവിഡ് ബാധിക്കില്ല. രോഗബാധിതരായി പോസിറ്റീവായവർക്ക് മൂന്നു ദിവസംകൊണ്ട് ഫലം നെഗറ്റീവാകും.

'JAAF' - The Wonder Drug and a Miracle Medicine

For More Details
Babychen Aerthayil
Ph: 9447600580

ST. MARY'S ENGINEERING INSTITUTE
Recognised Under DTE, Govt. of Kerala
KRISHNA, EDAMATTOM ROAD, MURIKKUMPUZHA,
PALA-686575, KOTTAYAM DT.
ESTD: 1963

2021 – 22 അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു
കേരള ഗവ. റഗുലർ/ഈവനിംഗ് എൻജിനീയറിംഗ് കോഴ്സുകൾ

1. സിവിൽ എൻജിനീയറിംഗ്
2. മെക്കാനിക്കൽ എൻജിനീയറിംഗ്
3. ഇലക്ട്രിക്കൽ എൻജിനീയറിംഗ്
4. ഓട്ടോമൊബൈൽ എൻജിനീയറിംഗ്
5. റഫ്രിജറേഷൻ & എയർകണ്ടീഷനിംഗ് എൻജിനീയറിംഗ്
6. ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എൻജിനീയറിഗ്
7. റേഡിയോ & ടെലിവിഷൻ എൻജിനീയറിംഗ്

പ്രോസ്പെക്ടസിന്
Rs. 150/-

കോഴ്സ് നിബന്ധനകൾ

1. എസ്.എസ്.എൽ.സി. ജയിച്ചതോ, പ്ലസ്ടു (ജയിച്ചതോ/തോറ്റതോ)വിദ്യാർത്ഥിനീ-വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. ഈവനിംഗ്/ മോർണിംഗ് ക്ലാസുകളുടെ കാലാവധി 2 വർഷമാണ്. ഈവനിംഗ് ക്ലാസുകൾക്ക് പ്രവേശനത്തിന് പ്രായപരിധിയില്ല.
2. ഈവനിംഗ് കോഴ്സുകളുടെ സമയം എല്ലാ പ്രവൃത്തിദിവസങ്ങളിലും വൈകിട്ട് 5.30 മുതൽ രാത്രി 9.30 വരെയായിരിക്കും.
3. റഗുലർ വിദ്യാർത്ഥികൾക്കും ഈവനിംഗ് വിദ്യാർത്ഥികൾക്കും ഒരേ പരീക്ഷതന്നെയായിരിക്കും.
4. സർക്കാർ/ അർദ്ധസർക്കാർ/ഗവൺമെന്റ് അംഗീകൃതസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന അറ്റൻഡർ, പ്യൂൺ, ലാബ് അസിസ്റ്റന്റ് തുടങ്ങി എല്ലാ 4-ാം ഗ്രേഡ് ജീവനക്കാർക്കും അതത് സ്ഥാപനത്തിന്റെ മേധാവി അനുവദിക്കുന്ന എൻ.ഒ.സി., പ്രവൃത്തിപരിചയസർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിലാണ് സായാഹ്നക്ലാസിൽ പ്രവേശനം നൽകുന്നത്.
5. SC/ST/OEC വിഭാഗങ്ങൾക്ക് ഗവ. ആനുകൂല്യങ്ങൾ ലഭ്യമാണ്. പി.എസ്.സി. നടത്തുന്ന പരീക്ഷകൾക്കും എംപ്ലോയ്മെന്റ് വഴിയുള്ള നിയമനങ്ങൾക്കും വിദേശജോലികൾക്കും സ്വയംതൊഴിൽ നേടുന്നതിനും ഈ കോഴ്സ് പ്രയോജനപ്പെടുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പാലാ ഇടമറ്റം റോഡിൽ മുരിക്കുംപുഴയിൽ പ്രവർത്തിക്കുന്ന സെന്റ് മേരീസ് എൻജിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടുമായി നേരിട്ടോ താഴെ പറയുന്ന ഫോൺനമ്പരിലോ ബന്ധപ്പെടുക.

എല്ലാ കോഴ്സുകളിലും പി.എസ്.സി. മുഖേന ജോലി ലഭിക്കുന്നു

K. UNNIKRISHNAN NAIR
CHAIRMAN
PH: 9447809605, 04822-212795

S. SREEKUMARY M.Sc.
PRINCIPAL
PH: 9447869882, 04822-214132




ടേസ്റ്റിറ്റ്
മൈക്രോഫിൽറ്റർ ചെയ്ത
ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001-2008
Certified Company

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

KTS PRODUCTS
www.tastitcoconutoil.com
E-mail: kunneloilmils@yahoo.com
Customer Care No: 04822262835

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ
അതിവിശാലമായ ഷോറൂം..!



മൂഴയിൽ
ജൂവലറി
മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

കൊറ്റത്തിൽ ആയുർവ്വേദ
ഹോസ്പിറ്റൽ



ചപ്പാത്ത് അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

● മസ്തിഷ്കരോഗങ്ങൾ
● നട്ടെല്ല് രോഗങ്ങൾ
● അസ്ഥിരോഗങ്ങൾ
● സന്ധിരോഗങ്ങൾ ● ശിശുരോഗങ്ങൾ
● സ്ത്രീരോഗങ്ങൾ
(ആനോ-റെക്റ്റൽ രോഗങ്ങൾ)
● ത്വക്‌രോഗങ്ങൾ ● വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org